● വാർഷിക വരിസംഖ്യ: ₹80

# മലബാർ വിഷൻ

താമരശ്ശേരി രൂപതാ മുഖപത്രം

● 2022 ● സെപ്റ്റംബർ-ഒക്ടോബർ ● പുസ്തകം: 05 ● ലക്കം: 05 ● RNI Regn No: KERMAL/2017/73545

# കൈകളിലേന്താം ജപമാല





**മിശിഹായുടെ സഭയ്ക്ക് എല്ലാ കാലങ്ങളിലും, വിശിഷ്യ യുഗാന്ത്യനാളുകളിൽ ഏറ്റവും സുരക്ഷിതമായ അഭയസങ്കേതം പരിശുദ്ധ കന്യകാമറിയവും ഏറ്റവും ഉറപ്പുള്ള ആയുധം പരിശുദ്ധ ജപമാലയുമായിരിക്കും.**



## കവർ സ്റ്റോറി

ഡോ. ജെയിംസ് കിളിയനാനിക്കൽ

ഈ ഭൂമിയിൽ നമുക്ക് ശാരീരികമായി ജന്മം നൽകിയ ഒരമ്മയുണ്ടായിരിക്കുക എന്നതു പോലെ ആത്മീയ ജീവിതത്തിൽ ഒരമ്മയുണ്ടാവുക എന്നത് ദൈവിക പദ്ധതിയാണ്. എല്ലാ മനുഷ്യരുടെയും മാതാവായി ദൈവം തിരഞ്ഞെടുത്ത് നിയമിച്ചവളാണ് പരിശുദ്ധ കന്യകാ മറിയം. വിശുദ്ധ അൽഫോൻസ് ലിഗോരിയുടെ വാക്കുകളിൽ 'ശാരീരിക ജനനത്തിന് മാതാപിതാക്കൾ എന്നതുപോലെ അതിസ്വാഭാവിക ജനനത്തിന് ദൈവം പിതാവും മറിയം മാതാവുമാണ്. മറിയം മാതാവല്ലാത്തവന് ദൈവം പിതാവല്ല.' ഈ വാക്കുകൾ വിശ്വാസ ജീവിതത്തിൽ പരിശുദ്ധ അമ്മയുടെ പ്രാധാന്യം വ്യക്തമാക്കുന്നതാണ്. പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളും ജപമാല വണക്കത്തിന്റെ കാലവും ഒന്നു ചേരുന്ന സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ ജപമാല കൈകളിലേന്തി പരിശുദ്ധ അമ്മയോട് ചേരാം.

### മറിയം അഭയ സങ്കേതം ജപമാല ആയുധവും

മിശിഹായുടെ സഭയ്ക്ക് എല്ലാ കാലങ്ങളിലും, വിശിഷ്യാ യുഗാന്ത്യനാളുകളിൽ ഏറ്റവും സുരക്ഷിതമായ അഭയ സങ്കേതം പരിശുദ്ധ കന്യകാമറിയവും ഏറ്റവും ഉറപ്പുള്ള ആയുധം പരിശുദ്ധ ജപമാലയുമായിരിക്കും. ജപമാലയിലൂടെ ഇന്നോളം സഭ നേടിയ വിജയത്തെ ചരിത്രം സാക്ഷിക്കുന്നു. അബദ്ധ പ്രബോധനങ്ങളെയും അബദ്ധ പ്രബോധകരെയും തകർക്കാൻ കത്തോലിക്കാ സഭ എന്നും എടുത്തുപയോഗിച്ച ആയുധമായിരുന്നു പരിശുദ്ധ ജപമാല. ഭാഗ്യസ്മരണാർഹനായ ലെയോ 13-ാം പാപ്പ ഇങ്ങനെ കുറിക്കുന്നു: 'അൽബിജേൻസിയൻ പാഷണ്ഡികളിൽനിന്ന് ദൈവത്തിന്റെ വിശുദ്ധ സഭ വലിയ ക്ലേശവും ദുഃഖവും അനുഭവിച്ചു. അവർ യുദ്ധോപകരണങ്ങൾകൊണ്ട് ഭീതി പരത്തി. ഡൊമിനിക്കൻ സന്യാസസഭാസ്ഥാപകനായ വിശുദ്ധ ഡൊമിനിക്കിനെയാണ് അപ്പോൾ ദൈവം ഉയർത്തിയത്. യുദ്ധോപകരണങ്ങൾ കൊണ്ടല്ല, വിശുദ്ധ ജപമാലയെന്ന ഭക്തിയിൽ പൂർണമായി ആശ്രയിച്ചുകൊണ്ടാണ് അന്ന് ശത്രുക്കളെ കീഴടക്കിയത്. ഈ ഭക്തി ഏറ്റവും ശക്തമായ യുദ്ധോപകരണമെന്നപോലെ, ശത്രുക്കളെ തുരത്തി ഓടിക്കാനും അവരുടെ ധിക്കാരവും ഭ്രാന്തവുമായ ദുഷ്ടശക്തി തകർക്കാനുമുള്ള മാർഗമായിരുന്നു.'

ഇന്നത്തെ കാലഘട്ടത്തിന്റെ ദുഷ്ടശക്തികൾക്കെതിരെ പോരാടാനും ജപമാലയാണ് നമുക്ക് ആയുധം. ജപമാല ചൊല്ലുന്നതു വഴി സംലബ്ധമാകുന്ന ആന്തരിക നവീകരണത്തെപ്പറ്റി പീയൂസ് അഞ്ചാമൻ പാപ്പ സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്: 'ജപമാലവഴി ക്രൈസ്തവർ പെട്ടെന്ന് പുതിയ മനുഷ്യരായി പരിവർത്തിതരാകാൻ തുടങ്ങി. അബദ്ധ സിദ്ധാന്തങ്ങളാകുന്ന ഇരുട്ട് ഇല്ലാതാകാനും കത്തോലിക്കാ വിശ്വാസത്തിന്റെ പ്രകാശം കൂടുതൽ പ്രശോഭിതമാകാനും തുടങ്ങി.'

യുഗാന്ത്യസഭ നേരിടാനിരിക്കുന്ന വലിയ വിപത്താണ് അബദ്ധ പ്രബോധനങ്ങൾ. കത്തോലിക്കാ വിശ്വാസത്തിൽ മായം കലർത്താൻ പലവിധ ശ്രമങ്ങൾ ഉണ്ടാകും. അബദ്ധ പ്രബോധകർ സഭയ്ക്കുള്ളിൽ നുഴഞ്ഞു കയറും. വ്യാജപ്രവാചകന്റെയും എതിർക്രിസ്തുവിന്റെയും വേഷമണിഞ്ഞ് രംഗപ്രവേശം ചെയ്യുന്ന സാത്താൻ അനേകരെ വഴിതെറ്റിക്കും. തെരഞ്ഞെടുക്കപ്പെട്ടവർപോലും തെറ്റായ പ്രബോധനത്താൽ ആകൃഷ്ടരാകും. ആകയാൽ ജപമാലയെന്ന സംരക്ഷണകവചം എടുത്തണിയാൻ സഭാമക്കൾക്ക് ഏറ്റവും ശ്രദ്ധയുണ്ടാകേണ്ടതാണ് ഈ നാളുകളിൽ.

കവർ സ്റ്റോറി മൂന്ന്, നാല് പേജുകളിൽ തുടരും




പേജ് : 5
● ബഫർ സോൺ: മലയോര ജനതയെ കുടിയിറക്കാനുള്ള കുടിലബുദ്ധി
പേജ് : 6
● അധ്യാപനം മികച്ച കരിയർ

## എഡിറ്റോറിയൽ

● പുസ്തകം: 5 ● ലക്കം: 5

# സ്വത്വം മറക്കുന്ന യുവത്വം

മഹത്തായ സംസ്കാരം സ്വന്തമായുള്ള നമ്മുടെ സമൂഹത്തിന്റെ അടിസ്ഥാനം കുടുംബങ്ങളാണ്. എന്നാൽ പവിത്രമായ വൈവാഹിക ബന്ധങ്ങളിൽപ്പോലും ഉപഭോഗസംസ്കാരത്തിന്റെ യൂസ് ആൻഡ് ത്രോ ശൈലി കടന്നു കൂടിയിരിക്കുകയാണ് ഇന്ന്. അതിന്റെ ഫലമാണ് നമ്മുടെ നാട്ടിൽ വളർന്നു കൊണ്ടിരിക്കുന്ന ലിവിങ് ടുഗെതർ പോലുള്ള വിപത്തുകൾ. ഇന്നത്തെ ഒരുപക്ഷം യുവതീയുവാക്കൾ വിവാഹത്തെ ഒഴിവാക്കപ്പെടേണ്ട സാമൂഹിക തിന്മയായി കാണുന്നത് ഉത്തരവാദിത്തങ്ങൾ ഒന്നും ഇല്ലാതെ സ്വൈര്യജീവിതം നയിക്കുന്നതിന് വേണ്ടിയാണെന്നും ഇത് സമൂഹത്തിന്റെ നിലനിൽപ്പിനെപ്പോലും ദോഷകരമായി ബാധിക്കുമെന്നും കേരള ഹൈക്കോടതി നിരീക്ഷണം നടത്തിയത് ഈയടുത്ത ദിവസമാണ്. കാര്യങ്ങൾ തലകീഴായി മറിയുമ്പോൾ എങ്കിലും ഇത്തരം വൈദേശിക രീതികളെ നാം ഒഴിവാക്കേണ്ടതാണ് എന്നും ജസ്റ്റിസ് സോഫി തോമസ്, ജസ്റ്റിസ് മുഹമ്മദ് മുഷ്താക്ക് എന്നിവരടങ്ങിയ ബെഞ്ച് അഭിപ്രായപ്പെടുന്നു.

വിവാഹേതര ബന്ധം തുടരുന്നതിന് ഭാര്യയെയും മക്കളെയും ഉപേക്ഷിക്കാനായി ഒരു കുടുംബനാഥൻ കൊടുത്ത പരാതി തള്ളിയ കീഴ്ക്കോടതി വിധിക്കെതിരെ നൽകിയ അപ്പീൽ പരിഗണിക്കവേയാണ് ഹൈക്കോടതി മേല്പറഞ്ഞ നിരീക്ഷണങ്ങൾ നടത്തിയത്. വിശുദ്ധമായ സംസ്കാരത്തെ തച്ചുടക്കുന്ന നവയുഗശൈലികൾ ചിലതെങ്കിലും നിയമം മൂലം നിരോധിക്കപ്പെടേണ്ടതാണ്. ആണിനെ ആണായും പെണ്ണിനെ പെണ്ണായും ജീവിക്കാൻ പഠിപ്പിച്ചില്ല എങ്കിൽ സമൂഹത്തിന്റെ സന്തുലിതാവസ്ഥയും തുടർച്ചയും അപകടത്തിലാണ് എന്നത് നിസ്തർക്കമാണ് സ്വവർഗ വിവാഹങ്ങൾ, ലിവിങ് ടുഗെതർ തുടങ്ങിയ അരാജകത്വങ്ങൾ അംഗീകരിക്കപ്പെടുമ്പോൾ ഇല്ലാതാകുന്നത് കുടുംബങ്ങളാണ്.

സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു എന്നാണ് മനുഷ്യോത്പതിയെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നത്. ഓരോരുത്തർക്കും അവരവരുടേതായ സ്വത്വം ഉണ്ട്. അതിനെ അംഗീകരിച്ചും അഭിമാനത്തോടെയും ജീവിക്കാൻ ഓരോ പൗരനും തയ്യാറാകണം. വിശുദ്ധ പൗലോസ് ശ്ലീഹ ഓർമ്മിപ്പിക്കുന്നതുപോലെ 'പുരുഷനും സ്ത്രീയും പരസ്പരം ആശ്രയിച്ചാണ് നിലകൊള്ളുന്നത്' (1 കോറി. 11:11). സാമൂഹിക സംവിധാനത്തിന്റെ ഭാഗമായുള്ള ഉത്തരവാദിത്വങ്ങളെ ലിംഗപരമായി വേർതിരിക്കാതെ പരസ്പരാശ്രയത്വത്തിന്റെ ജീവിതശൈലി തുടരേണ്ടത് നമ്മുടെ കടമയാണ്.

# അണയാം മാതൃതീരങ്ങളിൽ



## ഇടയശബ്ദം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

ജപമാല മാസത്തിന്റെ നിർമ്മലതയിലേക്ക് ഈ ദിനങ്ങളിൽ നാം പ്രവേശിക്കുകയാണ്. പരിശുദ്ധ അമ്മയുടെ മടിത്തട്ടിലിരുന്ന് രക്ഷാകര രഹസ്യങ്ങളെ ധ്യാനിച്ച് ദൈവത്തിങ്കലേക്ക് ചുവടുകൾ വയ്ക്കുവാൻ ലഭിക്കുന്ന സുവർണ്ണാവസരമാണിത്. 'പുത്രൻ വഴിയായിട്ടല്ലാതെ ആർക്കും പിതാവിന്റെ സവിധത്തിൽ അണയാൻ സാധിക്കാത്തതുപോലെ ഓരോരുത്തർക്കും പരിശുദ്ധ മറിയം വഴിയല്ലാതെ പുത്രനെ സമീപിക്കുവാൻ സാധ്യമല്ല' (13ാം ലെയോ മാർപാപ്പ). കാലിത്തൊഴുത്തിലും കാനായിലും കാൽവരിയിലും ദൈവപുത്രനോട് കൂടെയായിരുന്ന പരിശുദ്ധ അമ്മ തന്റെ ജീവിതത്തെ മുഴുവൻ ദൈവപദ്ധതിക്ക് സമർപ്പിച്ചു. രക്ഷാകര രഹസ്യങ്ങൾക്ക് സാക്ഷ്യം വഹിച്ച പരിശുദ്ധ അമ്മ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായി കിരീടം ധരിപ്പിക്കപ്പെട്ടു. പരിശുദ്ധ അമ്മ എല്ലാ അർത്ഥത്തിലും നമ്മുടെ അമ്മയും നമുക്ക് വേണ്ടി മാധ്യസ്ഥം വഹിക്കുകയും ചെയ്യുന്ന സ്വർഗീയ രാജ്ഞിയുമാണ്.

ക്രൈസ്തവ ആത്മീയതയുടെ ഊടും പാവും നെയ്യുന്ന ജപമാല രക്ഷാകരസംഭവങ്ങളുടെ ധ്യാനാത്മകമായ പ്രാർത്ഥനയാണ്. കേരള ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഒഴിവാക്കാനാവാത്ത മഹത്തായ പാരമ്പര്യമാണ് പരിശുദ്ധ അമ്മയോടുള്ള സ്നേഹവും ജപമാല ഭക്തിയും. കുടുംബങ്ങളിൽ സമാധാനവും ഐക്യവും വർദ്ധിപ്പിക്കുവാൻ ജപമാല ഭക്തി വഹിക്കുന്ന പങ്ക് വലുതാണ്. ജോൺപോൾ രണ്ടാമൻ മാർപാപ്പ 'കന്യകാമറിയത്തിന്റെ ജപമാല' എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിൽ പറയുന്നതുപോലെ, "ജപമാലയിലൂടെ നാം മറിയത്തോടൊപ്പം ക്രിസ്തുവിനെ സ്മരിക്കുന്നു. മറിയത്തിൽ നിന്ന് ക്രിസ്തുവിനെ മനസ്സിലാക്കുന്നു. മറിയത്തോടൊപ്പം ക്രിസ്തുവിന് അനുരൂപരാകുന്നു. മറിയത്തിനോടൊപ്പം ക്രിസ്തുവിനോട് പ്രാർത്ഥിക്കുന്നു." രക്ഷാകര രഹസ്യങ്ങൾക്ക് സാക്ഷ്യം വഹിച്ച പരിശുദ്ധ മറിയത്തിന്റെ മാതൃക അനുകരിച്ചുകൊണ്ട്, അമ്മയോടൊപ്പം ആയിരുന്ന്, അനുഗ്രഹങ്ങൾ ഈ കാലയളവിൽ നമുക്കു സ്വന്തമാക്കാം.

പരിശുദ്ധ കന്യകാമറിയത്തിൽ വചനം മാംസമായത് നമ്മുടെ ജീവിതങ്ങളെ വചനമാക്കാനാണ്; അതായത് ദൈവികജീവൻ നമ്മിൽ നിറയുവാനാണ്. നമ്മിലെയും സഹോദരനിലെയും ദൈവസാന്നിധ്യത്തെ പറ്റിയുള്ള അവബോധം ജീവന്റെ മൂല്യത്തെ തിരിച്ചറിയുവാനും സഹോദരനെ മാനിക്കുവാനും നമ്മെ പ്രാപ്തരാക്കും. സഹനങ്ങളുടെ നടുവിലും ദൈവഹിതം നിറവേറ്റാനായി ശാന്തമായൊഴുകിയ പരിശുദ്ധ അമ്മയുടെ ജീവിതം നൽകുന്ന മാതൃക നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും അന്യം നിന്നു പോകുവാൻ പാടില്ല. മനുഷ്യൻ സ്രഷ്ടാവിനെക്കാൾ സ്രഷ്ടവസ്തുക്കൾക്ക് പ്രഥമസ്ഥാനം നൽകിയപ്പോൾ സുഖലോലുപതയും സ്വാർത്ഥതയും വർദ്ധിക്കുകയും അത് മനുഷ്യമഹത്വത്തെയും ധാർമിക മൂല്യങ്ങളെയും നാശോന്മുഖം ആക്കുകയും ചെയ്തു. നമ്മുടെ കുഞ്ഞുങ്ങളും യുവതി യുവാക്കളും മുൻപെങ്ങുമില്ലാത്തവിധം തിന്മയുടെ കരാള ഹസ്തങ്ങളിൽ പതിക്കുന്ന വേദനാജനകമായ ദുരവസ്ഥയാണ് അനുദിനം കാണുന്നത്. ഈ നാശോന്മുഖ സംസ്കാരത്തിൽ നിന്ന് നമ്മുടെ കുടുംബങ്ങൾ രക്ഷയിലേക്ക് നയിക്കപ്പെടുന്നതിനായി തിന്മയുടെ തല തകർത്ത പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം നമുക്ക് തുണയാകട്ടെ.

പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന്റെ സംരക്ഷണവും നിത്യസഹായവും ജപമാല മാസത്തിൽ പ്രത്യേകം യാചിക്കാം. കുടുംബ രാജ്ഞിയായ പരിശുദ്ധ അമ്മയുടെ സന്നിധിയിലേക്ക് നമ്മുടെ കുടുംബങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കാം. സർവ്വശക്തനായ ദൈവം പരിശുദ്ധ അമ്മ വഴി സകല ദൈവാനുഗ്രഹങ്ങളും ഏവർക്കും വർഷിക്കുമാറാകട്ടെ.

# ലഹരിക്കുരുക്കിൽ പിടയുന്ന നാട്



## അകം പുറം

കെ. എഫ്. ജോർജ്

മയക്കുമരുന്നിന്റെയും ലഹരികളുടെയും കേന്ദ്രമായി കേരളം അതിവേഗം മാറി. ഇവയുടെ സ്വാധീനത്തിൽ അതിക്രൂരമായ കൊലപാതകങ്ങളും അക്രമങ്ങളും കൊള്ളയും നടക്കുന്നു. കാര്യമായ പ്രകോപനമില്ലാതെ തന്നെ വാഹനങ്ങൾ അക്രമിക്കപ്പെടുന്ന രീതിയിൽ റോഡ് ഒട്ടും സുരക്ഷിതമല്ലാതായിരിക്കുന്നു.

ആൺ-പെൺ വ്യത്യാസമില്ലാതെ സ്കൂൾ കുട്ടികൾ വരെ മയക്കുമരുന്ന് ഉപയോഗിക്കുകയും ഇതിന്റെ വ്യാപാരത്തിൽ പങ്കുപറ്റുകയും കേസിൽ പെടുകയും ചെയ്യുന്നതിന്റെ ഭീതിദമായ വാർത്തകൾ ദിവസവും കൺമുമ്പിലെത്തുന്നു.

കഴിഞ്ഞ വർഷം മയക്കുമരുന്ന് ദുരുപയോഗം സംബന്ധിച്ച് കേരളത്തിൽ 5586 കേസുകൾ എടുത്തിരുന്നു. എന്നാൽ 2022 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള നാലു മാസക്കാലത്ത് ഇത്തരം കേസുകളുടെ എണ്ണം 8124 ആയി കുതിച്ചുയർന്നു. 77000 പേർ വിമുക്തിമിഷന്റെ ലഹരി വിമുക്തകേന്ദ്രങ്ങളിൽ ചികിത്സ തേടിയതായി എക്സൈസ് മന്ത്രി എം. വി. ഗോവിന്ദൻ വെളിപ്പെടുത്തിയിരുന്നു.

ഒരു തവണ ഉപയോഗിച്ചാൽ തന്നെ അതിന് അടിമയായിപ്പോകുന്ന മാരകമായ മയക്കുമരുന്നുകളാണ് പ്രചാരത്തിലുള്ളത്. തലച്ചോറിലെ ആശയവിനിമയ സംവിധാനത്തെ ഇത് തകരാറിലാക്കുന്നു. നാഡീവ്യൂഹത്തെയും മാനസിക-ശാരീരിക ആരോഗ്യത്തെയും ഇത് തകർത്തുകളയുന്നു. ക്രമേണ മരുന്നു കിട്ടാതെ വരുമ്പോൾ ഭ്രാന്തമായ അവസ്ഥയിലെത്തുന്നതോടെ ജീവിതം പൂർണപതനത്തിലാകുന്നു.

ഭാവി ജീവിതത്തെക്കുറിച്ച് സ്വപ്നം കാണുകയും മൂല്യങ്ങൾ ഉറയ്ക്കുകയും ചെയ്യുന്ന ബാല്യ-കൗമാരഘട്ടത്തിൽ ഈ കുരുക്കിൽ വീണാൽ പിന്നെ മോചനം അസാധ്യം. അതിനാൽ ഈ പ്രായത്തിൽ തന്നെ കുഞ്ഞുങ്ങളെ ശ്രദ്ധിക്കണം.

പണ്ട് കുട്ടികൾ സമൂഹത്തിന്റെ കൺവെട്ടത്തിലാണ് വളരുക. എല്ലാം സുതാര്യം. സ്വന്തം മക്കളെന്നോ, അയൽക്കാരന്റെ കുട്ടിയെന്നോ ഭേദമില്ല. കുട്ടികളുടെ കാര്യത്തിൽ അധ്യാപകരും മാതാപിതാക്കളും മാത്രമല്ല, ആ നാട്ടിലുള്ള എല്ലാവരും ഇടപെട്ടിരുന്നു.

ഇപ്പോൾ കുട്ടികൾ ഒറ്റമരമായി വളരുകയാണ്. മാതാപിതാക്കൾക്ക് കുട്ടികളുടെ കൂട്ടുകെട്ടുകൾ പിടികിട്ടുന്നില്ല. സ്കൂളിനു പുറത്ത് കോച്ചിങ്-ട്യൂഷൻ കേന്ദ്രങ്ങളിലും യാത്രകളിലും പുത്തൻ കൂട്ടുകെട്ടുകളുണ്ടാകുന്നു. മാതാപിതാക്കളെക്കാൾ അവരെ സ്വാധീനിക്കുന്നത് സമപ്രായക്കാരും മൊബൈലുമാണ്.



നല്ല ഗുരുക്കന്മാരും വഴികാട്ടികളുമില്ലാത്ത ഈ ഇടത്തിലേക്കാണ് അലൗകിക അനുഭൂതികളുടെ വാഗ്ദാനവുമായി മയക്കുമരുന്നുകളും ലഹരികളും കടന്നുകയറ്റം നടത്തുന്നത്.

മാതാപിതാക്കൾക്കോ സ്കൂളുകൾക്കോ തനിച്ച് ഈ വിപത്തിനെ നേരിടാനാവില്ല. കുട്ടികൾ ഇടപഴകുന്ന വിവിധ മേഖലകളെ ഏകോപിപ്പിച്ചുള്ള ശ്രമത്തിലൂടെ മാത്രമേ ഈ ഭീകരനെ തടയാനാകൂ. സ്കൂളുകൾക്കൊപ്പം റസിഡന്റ്സ് അസോസിയേഷനുകളും മതസംവിധാനങ്ങളുമെല്ലാം കൈകോർത്തു നീങ്ങണം.

കുടുംബമാണല്ലോ കുഞ്ഞുങ്ങളുടെ വളർച്ചാനേഴ്സറി. കുടുംബത്തിന്റെ സന്തോഷ-സന്താപങ്ങളിലും കൊടുക്കൽ വാങ്ങലുകളിലും ബന്ധുകൂട്ടായ്മകളിലും താനേ നിറയുന്ന ലഹരി അനുഭവിച്ചു വളരുന്ന കുട്ടി ഇതു തേടി പുറത്തേക്ക് കൈനീട്ടില്ല.

അതിനാൽ ബന്ധങ്ങളുടെ ഊഷ്മളതയും തുറന്ന ആശയവിനിമയവും കരുതലും മാതൃകകളും വീടുകളിലുണ്ടാകണം. പെരുമാറ്റത്തിലെ സൂക്ഷ്മ മാറ്റങ്ങൾ വഴി തെറ്റുന്നതിന്റെ സൂചനയായി കണ്ട് അപ്പോൾ പരിഹാരം തേടുകയും വേണം.

കൗമാരത്തിൽ തന്നെ ജീവിതലക്ഷ്യം ഉറപ്പിക്കാൻ വ്യക്തിത്വ രൂപവൽക്കരണ ക്ലാസ്സുകളും ലഹരി വിപത്തിനെ കുറിച്ചുള്ള ബോധവൽക്കരണവും നൽകാം. ഇതിലൂടെ അവർ സ്വന്തം ജീവിതത്തെ സ്നേഹിക്കാൻ പഠിക്കും.

ഭാവിയിൽ സമൂഹത്തെ നയിക്കേണ്ടത് ഇന്നത്തെ കുട്ടികളാണ്. അതിനാൽ അവരെ മയക്കുമരുന്നിനും ലഹരിക്കും കുരുതി കൊടുക്കാതിരിക്കാനുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്.

# കൃതജ്ഞതയുടെ ജപമണികൾ

**ജപമാല സുവിശേഷപുണ്യങ്ങൾ അഭ്യസിക്കാൻ ശക്തിപൂർവം നമ്മെ പ്രേരിപ്പിക്കുകയും ആ പുണ്യങ്ങളെ നമ്മുടെ ആത്മാവിലേക്ക് കുത്തിവയ്ക്കുകയും ആത്മാവിനെ പുണ്യങ്ങളാൽ പരിപോഷിപ്പിക്കുകയും ചെയ്യുന്നു**

● *പേജ് ഒന്നിൽ നിന്ന് തുടർച്ച*

ആത്മീയവിജയം മാത്രമല്ല, ഭൗതികമായ വിജയവും ക്രൈസ്തവലോകം നേടിയെടുത്തത് ജപമാലയിലൂടെയായിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ചരിത്രസംഭവങ്ങൾ നിരത്തിക്കൊണ്ട് ലെയോ പതിമൂന്നാം പാപ്പ ഈ വസ്തുത തെളിയിക്കുന്നു. '1571 ൽ തുർക്കികളുടെ വിപുലമായ സൈനികനിര യൂറോപ്പു മുഴുവൻ അന്ധവിശ്വാസത്തിന്റെയും കിരാതത്വത്തിന്റെയും നുകത്തിൻ കീഴിലാക്കാൻ ഭീഷണി ഉയർത്തിയപ്പോൾ പീയൂസ് അഞ്ചാമൻ പാപ്പയുടെ നേതൃത്വത്തിൽ ജപമാലയുദ്ധം നടത്തി. ഒക്ടോബർ ആറാം തീയതിവരെ ക്രൈസ്തവസൈന്യം വലിയ പരാജയം നേരിട്ടുകൊണ്ടിരുന്നു. കോറിന്ത് ഉൾക്കടലിനടുത്ത് ശത്രുക്കളെ നേരിടാൻ ക്രൈസ്തവലോകം ധീരതയോടെ പുറപ്പെട്ടു. പടപൊരുതലിൽ പങ്കുചേരാൻ കഴിയാത്തവർ പ്രാർത്ഥിക്കുന്നവരുടെ ഭക്തസഖ്യം രൂപീകരിച്ചു. അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ മാർപാപ്പ ആഹ്വാനം നല്കി. അങ്ങനെ എക്കിനാദസ് ദ്വീപുകൾക്കടുത്ത് നടന്ന നാവികയുദ്ധത്തിൽ ഒക്ടോബർ ഏഴിന് ക്രൈസ്തവസൈന്യം വിജയിച്ചു. അതിന്റെ കൃതജ്ഞതയെന്നോണം വിജയമാതാവിന്റെ തിരുനാൾ ആഘോഷിക്കാൻ പാപ്പാ നിർദ്ദേശിച്ചു. ആ തിരുനാൾ ഗ്രിഗറി 13-ാം പാപ്പ വിശുദ്ധ ജപമാലയുടെ തിരുനാളായി പുനഃസ്ഥാപിച്ചു. പിന്നീട് തുർക്കികളിൽ നിന്നുണ്ടായ ആക്രമണം പന്നോണിയയിലെ മെസ്വാറിലും കോർഫുവിലും പരാജയപ്പെടുത്താൻ ക്രൈസ്തവർക്കു കഴിഞ്ഞു. ഈ രണ്ടു വിജയങ്ങളും ലഭിച്ചത് കന്യകാമറിയത്തിന്റെ തിരുനാൾ ദിവസങ്ങളിലും പരിശുദ്ധ ജപമാല ഭക്തിയുടെ പൊതുആചരണത്തിന്റെ സമാപന ദിവസങ്ങളിലുമാണ്. അതുകൊണ്ട് സഭ മുഴുവൻ ജപമാലവഴി ഓരോവർഷവും പരിശുദ്ധ മാതാവിന് കൃതജ്ഞത നല്കി വണങ്ങാൻ ക്ലമന്റ് 11-ാം പാപ്പ കൽപിച്ചു.

### രോഗികൾക്ക് ആശ്രയം

പകർച്ചവ്യാധികളെപ്പോലും സഭ വിശ്വാസത്താൽ നേരിട്ടത് പരിശുദ്ധ കന്യകാമറിയത്തിന്റെ സഹായം തേടിയാണ്. 1884 ആഗസ്റ്റ് 30ന് പ്രസിദ്ധീകരിച്ച 'മുൻവർഷം' എന്ന ചാക്രികലേഖനത്തിൽ ലെയോ പതിമൂന്നാം പാപ്പ ഇങ്ങനെ കുറിക്കുന്നു: 'ഏഷ്യയിൽ നിന്നുള്ള കോളറ എന്ന പകർച്ചവ്യാധി പ്രകൃതി നിശ്ചയിച്ചിരുന്ന അതിർത്തികൾ ലംഘിച്ച്, ഫ്രഞ്ചുതുറമുഖത്തിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കടൽത്തീരങ്ങളിൽ വ്യാപിച്ചു. അവിടെ നിന്ന് അത് ഇറ്റലിയുടെ മണ്ണിലേക്ക് പടർന്നു പിടിച്ചിരിക്കുന്നു. അതുകൊണ്ട് നാം കന്യകാമറിയത്തിന്റെ അടുക്കലേയ്ക്ക്, രക്ഷാകരവും സഹായകരവും സംരക്ഷണപരവുമായ ദാനങ്ങളുടെ വിതരണക്കാരിയെന്ന് സഭ ശരിയായും നീതിപൂർവകമായും വിളിക്കുന്ന കന്യകയിലേക്ക് പറന്നു ചെല്ലണം. അവൾ കരുണാപൂർവം നമ്മുടെ പ്രാർത്ഥന ശ്രവിച്ച് അശുദ്ധമായ ഈ പകർച്ചവ്യാധി നമ്മിൽനിന്ന് ദൂരെയകറ്റുന്നതിനാണിത്.'

യുഗാന്ത്യസഭ ആത്മീയ സമരത്താലെന്നപോലെ ഭൗതികമായ എതിർപ്പുകളാലും ഞെരുക്കപ്പെടും. രാജ്യങ്ങളും ജനതകളും കത്തോലിക്കാ സഭയ്ക്കെതിരെ അണിനിരക്കും. അപ്പോൾ സഭ കൈകളിലേന്തേണ്ട ആയുധം പരിശുദ്ധ ജപമാലയായിരിക്കണമെന്ന് ചരിത്രം മുന്നറിയിപ്പു നൽകുന്നു. നിരവധിയായ പ്രതിസന്ധിഘട്ടങ്ങളെ സഭ തരണംചെയ്തത് ജപമാലപ്രാർത്ഥനയിൽ ആശ്രയിച്ചുകൊണ്ടായിരുന്നു. സിക്സ്റ്റസ് നാലാമൻ പാപ്പ ഇങ്ങനെ പ്രഖ്യാപിക്കുന്നു: "ജപമാല ദൈവത്തിനും കന്യകാമറിയത്തിനും ബഹുമാനമായി പരിണമിച്ചു. ആസന്നമായ അപകടങ്ങളെ വഴിമാറ്റി വിടാൻ അത് ഏറ്റവും സഹായകരമായി." യുഗാന്ത്യത്തിലേക്ക് ചുവടു വയ്ക്കുന്ന സഭ ഒരു ആന്തരിക നവീകരണവും വിശുദ്ധീകരണവും പ്രാപിക്കേണ്ടതുണ്ട്. ഇതിന് ഏറ്റം പ്രയോജനകരമായ മാർഗമായിരിക്കും മരിയ ഭക്തിയും ജപമാല പ്രാർത്ഥനയും. 'ജപമാല ഭക്തി ആത്മാക്കൾക്ക് കൃപാവരത്തിന്റെ അമൂല്യഫലങ്ങളും ആരോഗ്യവും പ്രദാനം ചെയ്യുന്നു'വെന്ന് ലെയോ പതിമൂന്നാം പാപ്പ 'അനേകം പ്രാവശ്യം' എന്ന തിരുവെഴുത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു.



### സുവിശേഷ പുണ്യങ്ങളിലേക്ക് ഒരു തീർത്ഥാടനം

മിശിഹായുടെ രണ്ടാംവരവിൽ അവിടുത്തെ സ്വീകരിക്കാൻ ആത്മാവിനെ പുണ്യങ്ങളാൽ അലങ്കരിക്കാൻ ഏറ്റവും സഹായകരമായ ഭക്തകൃത്യമാണ് ജപമാല. പതിനൊന്നാം പീയൂസ് പാപ്പായുടെ ഉദ്ബോധനം ഇപ്രകാരമാണ്: 'പരിശുദ്ധ ജപമാല ദൈവത്തിന്റെയും തിരുസ്സഭയുടെയും ശത്രുക്കളെ കീഴ്പ്പെടുത്താൻ വിസ്മയനീയമാംവിധം സഹായിക്കുക മാത്രമല്ല ചെയ്യുന്നത്. അത് സുവിശേഷപുണ്യങ്ങൾ അഭ്യസിക്കാൻ ശക്തിപൂർവം പ്രേരിപ്പിക്കുകയും ചെയ്യുന്നു. അത് ആ പുണ്യങ്ങളെ നമ്മുടെ ആത്മാവിലേക്ക് കുത്തിവയ്ക്കുകയും ആത്മാവിനെ പുണ്യങ്ങളാൽ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.'

സ്വന്തം ജീവിതാനുഭവം നമ്മുടെ മുമ്പിൽ തുറന്നുവച്ച് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ ഇങ്ങനെ പറയുന്നു: "ജപമാല പ്രാർത്ഥനയ്ക്ക് എന്റെ ആദ്ധ്യാത്മിക ജീവിതത്തിൽ സുപ്രധാനമായ സ്ഥാനമുണ്ട്. സന്തോഷത്തിന്റെ നിമിഷത്തിലും ദുഃഖവേളകളിലുമെല്ലാം ജപമാല എന്നോടൊപ്പമുണ്ടായിരുന്നു. ഏത് ആകുലതയിലും ഞാനതിൽ ആശ്രയിച്ചു. എപ്പോഴും അതിൽ ഞാൻ ആശ്വാസം കണ്ടെത്തി."

സുനിശ്ചിതവും അഗാധവുമായ ഒരു ആന്തരിക പരിവർത്തനത്തിലൂടെ മാത്രമേ യുഗാന്ത്യസഭയ്ക്ക് മുഴുവനായും ഓരോ വിശ്വാസിക്കും വ്യക്തിപരമായും വിധിയാളനായ മിശിഹായെ സ്വീകരിക്കാൻ ഒരുങ്ങാൻ കഴിയുകയുള്ളൂ. അതിനുള്ള എളുപ്പവഴിയാണ് പരിശുദ്ധ ജപമാല എന്നു വ്യക്തം. വാഴ്ത്തപ്പെട്ട ബർത്തലോലോംഗോയുടെ വിശുദ്ധിയിലേക്കുള്ള വഴി അദ്ദേഹം ശ്രവിച്ച ഒരു വചനത്തിൽനിന്നായിരുന്നു. 'കൊന്തമനമസ്കാരം പ്രചരിപ്പിക്കുന്നത് ആരായാലും ആ വ്യക്തി രക്ഷിക്കപ്പെട്ടു' എന്നായിരുന്നു ആ വചനം. ഇതു ശ്രവിച്ച അദ്ദേഹം പോംപെയിൽ ഒരു പ്രാർത്ഥനാലയം നിർമ്മിച്ച് ജപമാലരാജ്ഞിക്ക് സമർപ്പിച്ചു.

### അനുഗ്രഹദായകം ജപമാല

എത്രയും ശ്രേഷ്ഠവും പ്രകീർത്തിതവും അനുഗ്രഹദായകവുമാണ് ജപമാല. ജൂലിയസ് മൂന്നാമൻ മാർപാപ്പ ജപമാലയെ 'തിരുസ്സഭയുടെ മഹത്വം' എന്നു വിളിച്ചു. പത്താം പീയൂസ് പാപ്പ ഇങ്ങനെ സാക്ഷിക്കുന്നു "എല്ലാ പ്രാർത്ഥനകളിലുംവച്ച് എനിക്ക് ഏറ്റം ഇഷ്ടമാണ് ജപമാല. ജപമാലയെക്കാൾ വിശിഷ്ടമായ മറ്റൊരു പ്രാർത്ഥനയില്ല."

*പേജ് നാലിൽ തുടരും* ▸



# ജപമാല: കുടുംബങ്ങൾക്ക് സംരക്ഷണം

**കുടുംബമെന്ന സ്ഥാപനത്തിന്റെ ഭാവിയെപ്പറ്റി നമുക്കു ഭയം തോന്നുകയാണ്. അതോടൊപ്പം സമൂഹത്തിന്റെയാകെ ഭാവിയെപ്പറ്റിയും പേടി തോന്നുന്നു. നമ്മുടെ കാലഘട്ടത്തിന്റെ പ്രത്യേകതയായ ഈ വിഷമസന്ധിയുടെ വിനാശകരമായ ഫലങ്ങളെ ചെറുക്കാൻ കാര്യക്ഷമമായ മാർഗമാണ് ക്രൈസ്തവഭവനങ്ങളിൽ ജപമാല പ്രാർത്ഥന പുനരുജ്ജീവിപ്പിക്കുക എന്നത്**

● *പേജ് മൂന്നിൽ നിന്ന് തുടർച്ച*

പരിശുദ്ധ ജപമാലയുടെ വൈശിഷ്ട്യം സഭ എക്കാലത്തും ഉദ്ഘോഷിച്ചിരുന്നു. പരിശുദ്ധ ദൈവമാതാവിന് ഏറ്റവും പ്രിയപ്പെട്ടതാണ് ജപമാല പ്രാർത്ഥന. മാതാവ് സന്ദേശങ്ങളും പ്രത്യക്ഷീകരണങ്ങളും നൽകിയത് മിക്കവാറും ജപമാല ചൊല്ലുന്ന വേളയിലായിരുന്നു എന്നത് പ്രസ്താവ്യമാണ്. മാതാവ് ജപമാലയുമായി പ്രത്യക്ഷപ്പെട്ട വേളകൾ സഭയുടെ ജീവിതസാക്ഷ്യങ്ങളിലുണ്ട്. അവൾ ജപമാല രാജ്ഞിയെന്ന് സ്വയം വിശേഷിപ്പിക്കുകയും ലോകത്തിന്റെ മാനസാന്തരത്തിനും രക്ഷയ്ക്കുംവേണ്ടി ജപമാല ചൊല്ലണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ജപമാലയിലൂടെ ആത്മീയമന്ദത മാറുകയും ശുശ്രൂഷാജീവിതത്തിൽ ഉണർവു ലഭിക്കുകയും ചെയ്യും. അനേക അത്ഭുതങ്ങൾ ജപമാല വഴി ലോകത്തിൽ സംഭവിക്കാൻ ഇടയായിട്ടുണ്ട്.

## പ്രതിസന്ധികളിൽ ആശ്രയം

രോഗബാധിതനായ ആ ചെറുപ്പക്കാരനെ സെമിനാരിയിൽനിന്ന് പറഞ്ഞയച്ചു. 'പോയി കൊന്ത ചൊല്ലുക. രോഗം ഭേദമായാൽ തിരിച്ചുവരിക' ഇതായിരുന്നു അധികാരികൾ നല്കിയ നിർദ്ദേശം. അവൻ പോയി ജപമാല ചൊല്ലി. രോഗം സുഖപ്പെട്ടു. തിരിച്ച് സെമിനാരിയിലെത്തി പരിശീലനം പൂർത്തിയാക്കി. വൈദികനായി, മെത്രാനായി, മാർപാപ്പയായി. അദ്ദേഹമാണ് ഒൻപതാം പീയൂസ് പാപ്പ. ജപമാലയുടെ ശക്തി അനുഭവിച്ച ആ പാപ്പ പിന്നീട് ഇങ്ങനെ പ്രസ്താവിച്ചു: "ജപമാല ചൊല്ലാൻ സന്നദ്ധമായ ഒരു സൈന്യനിരയെ എനിക്കു ലഭിച്ചാൽ ഞാൻ അവരിലൂടെ ലോകത്തെ പിടിച്ചടക്കും." നിരവധിയായ പ്രതിസന്ധികൾക്കിടയിൽ നട്ടം തിരിയുന്ന സഭയ്ക്ക് ആശ്രയിക്കാനുള്ള ബലവത്തായ ആയുധമാണ് ജപമാല. ലോകത്തെ ആത്മീയമായി കീഴടക്കാൻ സഭയ്ക്ക് അത് സഹായകമാകും.

പരിശുദ്ധ കന്യകാമറിയം വിശുദ്ധ ആന്റണി മേരി ക്ലാരറ്റിനോട് ഇപ്രകാരം ആവശ്യപ്പെട്ടു: "ഈ കാലഘട്ടത്തിൽ ജപമാല ഭക്തി പ്രചരിപ്പിക്കുന്ന ഡൊമിനിക് ആയിരിക്കണം നീ." ഒരുവേള മറിയം ഇതു നമ്മോടും ആവശ്യപ്പെടുന്നുണ്ടോ എന്ന് കാതോർക്കാം. വിശുദ്ധ ഡൊമിനിക്കിനെ പരിശുദ്ധ മറിയം ഇങ്ങനെ അറിയിച്ചു: "ജപമാല ചൊല്ലുന്ന എല്ലാവരും എന്റെ പുത്രന്മാരും പുത്രിമാരും എന്റെ വത്സലപുത്രനായ ഈശോമിശിഹായുടെ സഹോദരന്മാരും സഹോദരിമാരും ആയിരിക്കും." ബനഡിക്ട് പതിനാറാമൻ പാപ്പ 2008 മെയ് മൂന്നിന് റോമിലെ സാന്താ മരിയ മജ്യോരെ ബസിലിക്കയിൽ വച്ച് ഇങ്ങനെ ഉദ്ബോധിപ്പിച്ചു: "ജപമാല കാലഹരണപ്പെട്ട ഒരു ഭക്തി പ്രസ്ഥാനമല്ല. അതിപ്പോൾ ഒരു പുതിയ വസന്തം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. യുവതലമുറ ഈശോയോടും അവിടുത്തെ മാതാവായ മറിയത്തോടും സ്നേഹം പ്രകടിപ്പിക്കുന്ന മാർഗമാണ് ജപമാല. ഇന്നത്തെ ലോകത്തിൽ ക്രിസ്തുവിനെ കേന്ദ്രബിന്ദുവായി പ്രതിഷ്ഠിക്കാൻ ഏറ്റവും പറ്റിയ പ്രാർത്ഥനയാണിത്." അതിവിശിഷ്ടമായ ഈ ഭക്തകൃത്യത്തിന്റെ നാൾവഴികളിൽ ദൈവപദ്ധതി ദൃശ്യമാണ്.

## ജപമാല ഭക്തിയുടെ പ്രചാരകർ

സിക്സ്റ്റസ് അഞ്ചാമൻ പാപ്പ കൊന്ത നമസ്കാരത്തിന്റെ പ്രാചീന പതിപ്പിന് അംഗീകാരം നല്കി. ഗ്രിഗറി പതിമൂന്നാം പാപ്പ ജപമാലയുടെ പേരിൽ ഒരു ദിവസം പ്രതിഷ്ഠിച്ചു. ക്ലമന്റ് പതിനൊന്നാം പാപ്പ അത് സാർവത്രികസഭയിൽ വ്യാപിപ്പിച്ചു. ബനഡിക്ട് പതിമൂന്നാമൻ ആ തിരുനാൾ റോമൻ യാമപ്രാർത്ഥനയിൽ കൂട്ടിച്ചേർത്തു. ലെയോ പതിമൂന്നാമൻ പാപ്പ ഒക്ടോബർ മുഴുവൻ ജപമാലമാസമായി പ്രഖ്യാപിച്ചു. ഇപ്രകാരം, നാം ജീവിക്കുന്ന ഈ കാലഘട്ടത്തിലേയ്ക്കായി പടിപടിയായി ഈ സമരായുധത്തെ ദൈവം രൂപപ്പെടുത്തുകയായിരുന്നു എന്നു കരുതാവുന്നതാണ്. ജപമാലയുടെ ശ്രേഷ്ഠതയെ പരാമർശിച്ചുകൊണ്ട് ലെയോ പതിമൂന്നാമൻ പാപ്പ ഇങ്ങനെ പഠിപ്പിക്കുന്നു: "ഏറെ വിസ്മയനീയമായ കിരീടമാണ് ജപമാല. അതിവിശിഷ്ടമായ പ്രാർത്ഥനാ രീതിയാണ്, നിത്യജീവൻ പ്രാപിക്കാൻ വളരെ ഉപകാരപ്രദവുമാണത്." ക്രിസ്തുവിന്റെ രാജ്യം വ്യാപിപ്പിക്കാനുള്ള ഏറ്റവും കാര്യക്ഷമമായ മാർഗമെന്ന നിലയിലാണ് ജപമാലയെ താൻ സ്നേഹിക്കുന്നതെന്നും ജപമാല ഭക്തിയെ താൻ പ്രചരിപ്പിക്കുന്നതെന്നും അദ്ദേഹം പറയുന്നു.

## കുടുംബങ്ങൾക്ക് സംരക്ഷണം ജപമാല

യുഗാന്ത്യനാളുകളിൽ സാത്താൻ ആക്രമിച്ചു തകർക്കാൻ പദ്ധതി തയാറാക്കിയിരിക്കുന്ന മേഖലയാണ് കുടുംബം. കുടുംബങ്ങളെ തകർക്കാനുള്ള അവന്റെ ഗൂഢപദ്ധതി കുറെയൊക്കെ വിജയിച്ചുകൊണ്ടാണിരിക്കുന്നത്. ഇതിനെതിരെ കുടുംബങ്ങൾ സംരക്ഷിക്കപ്പെടാൻ ദൈവം നല്കിയിരിക്കുന്ന രക്ഷാപദ്ധതിയുടെ ഭാഗമാണ് ജപമാല. ലെയോ പതിമൂന്നാം പാപ്പ ഉറപ്പിച്ചു പറയുന്നു: "മറിയത്തിന്റെ ജപമാലയോട് പണ്ടുമുതലുള്ള ബഹുമാ



നം കാത്തുസൂക്ഷിക്കുന്ന സ്ഥലങ്ങളിലും കുടുംബങ്ങളിലും അജ്ഞതയിലൂടെയും അബദ്ധ പ്രബോധനങ്ങളിലൂടെയും വിശ്വാസം നഷ്ടപ്പെടുമോയെന്ന് ഭയപ്പെടേണ്ടതില്ല." പന്ത്രണ്ടാം പീയൂസ് പാപ്പ ഇങ്ങനെ നിർദ്ദേശിക്കുന്നു: "വിശുദ്ധ ജപമാല ചൊല്ലുന്ന പതിവ്, സർവോപരി കുടുംബങ്ങളിലാണ് പരിപോഷിപ്പിക്കപ്പെടേണ്ടത്. പ്രതാപവതിയായ സ്വർഗറാണിയുടെ ബഹുമാനാർത്ഥമുള്ള സ്തുതിപ്പുകൾ ക്രൈസ്തവകുടുംബങ്ങളിൽ സായാഹ്നത്തിൽ ആവർത്തിച്ചാവർത്തിച്ച് മുഴങ്ങുന്നത് എത്ര മാധുര്യമേറിയ കാഴ്ചയാണ്. അപ്പോൾ പരിശുദ്ധ കന്യകാമറിയം സ്നേഹപൂർണയായ അമ്മയെപ്പോലെ തന്റെ മക്കളുടെ മധ്യേ സന്നിഹിതയായിരിക്കും.. ഐക്യത്തിന്റെയും സമാധാനത്തിന്റെയും ദാനങ്ങൾ ആ കുടുംബങ്ങളിൽ സമൃദ്ധമായി വർഷിച്ചുകൊണ്ട് മറിയം സന്നിഹിതയായിരിക്കും." പ്രത്യേക കൃപാവരം ലഭിക്കുന്നില്ലെങ്കിൽ ക്രൈസ്തവ കുടുംബങ്ങൾ യുഗാന്ത്യത്തിൽ സാത്താൻ തുറന്നുവിടുന്ന ചുടുചുഴലിക്കാറ്റിൽ തകർന്നടിയും. നിലനിൽപ്പിനുള്ള കൃപാവരം ലഭിക്കുന്നത് പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയിൽ ജപമാല വഴിയായിട്ടായിരിക്കും.

വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ ഈ വിധം പ്രഖ്യാപിക്കുന്നു: "കുടുംബമെന്ന സ്ഥാപനത്തിന്റെ ഭാവിയെപ്പറ്റി നമുക്കു ഭയം തോന്നുകയാണ്. അതോടൊപ്പം സമൂഹത്തിന്റെയാകെ ഭാവിയെപ്പറ്റിയും പേടി തോന്നുന്നു. നമ്മുടെ കാലഘട്ടത്തിന്റെ പ്രത്യേകതയായ ഈ വിഷമസന്ധിയുടെ വിനാശകരമായ ഫലങ്ങളെ ചെറുക്കാൻ കാര്യക്ഷമമായ മാർഗമാണ് ക്രൈസ്തവ ഭവനങ്ങളിൽ ജപമാല പ്രാർത്ഥന പുനരുജ്ജീവിപ്പിക്കുക എന്നത്."


പന്ത്രണ്ടാം പീയൂസ് പാപ്പ ആസന്നമായിരിക്കുന്ന തിന്മകൾ എന്ന പ്രബോധനത്തിൽ ഇങ്ങനെ പ്രഖ്യാപിക്കുന്നു: "നമ്മുടെ കാലഘട്ടത്തെ പീഡിപ്പിക്കുന്ന തിന്മകൾ പരിഹരിക്കാൻ വിശുദ്ധ ജപമാലയിൽ വലിയ വിശ്വാസം ഞാൻ അർപ്പിക്കുന്നു. സൈന്യമോ യുദ്ധോപകരണങ്ങളോ ഉപയോഗിച്ചല്ല, പിന്നെയോ ജപമാലയിലൂടെ സഭ നിർഭയമായി നാരകീയ ശത്രുവിനെ നേരിടും."

ഫ്രാൻസിസ് മാർപാപ്പ 2013ലെ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ ദിവസം വിശ്വാസികളെ ഇങ്ങനെ ഉദ്ബോധിപ്പിച്ചു: ദുഷ്ടശക്തികൾക്കെതിരായുള്ള പോരാട്ടത്തിൽ നമുക്ക് ശക്തി പകർന്നുതന്ന് നമ്മെ വിജയത്തിലെത്തിക്കുന്നത് ജപമാലയാണ്. മറിയം നമ്മുടെ അമ്മയും സഹോദരിയും പ്രതിനിധിയുമാണ്. മനുഷ്യവംശത്തെ പ്രതിനിധീകരിച്ച് ആദ്യം രക്ഷിക്കപ്പെട്ടവളും സ്വർഗത്തിൽ പ്രവേശിച്ചവളുമാണ് മറിയം. അസാധാരണമാംവിധം തിന്മ പെരുകുമ്പോൾ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥ്യം യാചിച്ച് കത്തോലിക്കാസഭയ്ക്കും ലോകം മുഴുവനുംവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്ന വിശ്വാസതീക്ഷ്ണതയും പ്രാർത്ഥനാചൈതന്യവും പോര, സഭയ്ക്ക് ഈ കാലഘട്ടത്തിൽ മുന്നേറാൻ. കാരണം സാത്താൻ കൂടുതൽ ശക്തിയാർജ്ജിക്കുകയും കൂടുതൽ കഠിനതരമായ പ്രലോഭനങ്ങൾ അഴിച്ചുവിടുകയും ചെയ്തുകൊണ്ടിരിക്കുന്നു. ആയതിനാൽ വിശ്വാസികൾ കൂടുതൽ ശ്രദ്ധയോടെ വ്യാപരിക്കുന്നില്ലെങ്കിൽ യുദ്ധത്തിൽ അവർ വിജയിക്കുകയില്ല. ആകയാൽ പരിശുദ്ധ കന്യകയോടുള്ള ഭക്തിയും ജപമാല പ്രാർത്ഥനയും ഉപരിതീക്ഷ്ണതയോടെ ഉജ്ജ്വലിപ്പിക്കണമെന്ന് സ്വർഗം ആഗ്രഹിക്കുന്നു.

എത്ര പ്രത്യാശയോടെയായിരിക്കണം നാം ജപമാലയിലൂടെ യുദ്ധം നടത്തേണ്ടത് എന്നതിന് ലെയോ മാർപാപ്പ തന്നെ നമുക്ക് മാതൃകയായിരിക്കുന്നു. അദ്ദേഹം എഴുതുന്നു: "എനിക്ക് ഒരു കാര്യത്തിൽ ആത്മവിശ്വാസവും പ്രത്യാശയുമുണ്ട്. ദൈവം അവസാനം നമ്മുടെ നിരന്തരമായ ജപമാല പ്രാർത്ഥനയാൽ സ്പർശിക്കപ്പെടുകയും തന്റെ സഭയുടെ അവസ്ഥയെക്കുറിച്ച് കരുണ തോന്നുകയും ചെയ്യുമെന്നും സകല സ്വർഗീയ കൃപകളുടെയും വിതരണക്കാരിയായി താൻ തെരഞ്ഞെടുത്ത കന്യകാമറിയത്തിലൂടെ തന്നിലേക്കുവരുന്ന പ്രാർത്ഥനകൾ കനിവോടെ കേൾക്കുമെന്നുമാണ് ആ കാര്യം." യുഗാന്തസഭ ഇതേ പ്രത്യാശയോടെ വേണം പരിശുദ്ധ കന്യകയിൽ അഭയം തേടാൻ. അപ്പോൾ അവൾക്ക് എല്ലാം സാധ്യമാകും.

**ഉപകാരസ്മരണ**



വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.


**ഉപകാരസ്മരണ**



വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

**ഉപകാരസ്മരണ**



വി. യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വിശുദ്ധ യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിലും ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. ഞങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞങ്ങളപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞങ്ങൾ ഓർക്കുമെന്നും, അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു.

ഒരു വിശ്വാസി – ദേവഗിരി

**ഉപകാരസ്മരണ**



ജോവിസ് ജോസ്– വേനപ്പാറ

# ബഫർ സോൺ: മലയോര ജനതയെ കുടിയിറക്കാനുള്ള കുടിലബുദ്ധി

**ബഫർസോണുകളിൽ വരുന്ന ഭൂമി, കയ്യേറ്റക്കാരുടെയും ആദിവാസികളുടെയും മാത്രമാണ് എന്ന് സുപ്രീം കോടതി ജഡ്ജിമാരുടെ മുമ്പിൽ അവതരിപ്പിക്കുവാൻ ശ്രമിക്കുന്നവർ ജനങ്ങളുടെ പക്ഷത്തുനിന്നല്ല, മറിച്ച് കപട പരിസ്ഥിതി വാദികളുടെ ഭാഗത്തുനിന്നാണ് ചിന്തിക്കുന്നത്. പൊതുജനത്തെ കബളിപ്പിക്കുന്ന ഇത്തരം ഭരണ സംവിധാനങ്ങൾക്കെതിരെ നാം സംഘടിച്ചേ മതിയാകൂ.**



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
(താമരശ്ശേരി രൂപതയുടെ മെത്രാൻ)

ഗ്രീക്ക് കൊട്ടാരസദസ്സിൽ നേർത്ത ഒരു മുടിയിൽ തൂക്കിയിട്ട വാളിന്റെ ചുവട്ടിലിരുന്ന ഡെമോക്ലീസിന്റെ അവസ്ഥയാണ് ഇന്ന് ബഫർസോണിലൂടെ മലയോര കർഷക ജനത അനുഭവിക്കുന്നത്. 'പരിസ്ഥിതി സംവേദക മേഖല' അല്ലെങ്കിൽ 'സംരക്ഷണ കവച'മെന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ബഫർസോണിനെക്കുറിച്ച് കേൾക്കുമ്പോൾ ഇവിടെയുള്ള ജനസമൂഹത്തിന്റെ സംരക്ഷണമാണ് ബന്ധപ്പെട്ടവർ ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് പ്രത്യക്ഷത്തിൽ തോന്നുമെങ്കിലും വനത്തിനും, വന്യമൃഗങ്ങൾക്കും സർക്കാർ വക ഉദ്യാനങ്ങൾക്കും സംരക്ഷണം നല്കി, അനേകം ദശകങ്ങൾക്കു മുമ്പ് തന്നെ സ്വന്തമായി ഉണ്ടായിരുന്ന കിടപ്പാടം വിറ്റ്, മതിയായ രേഖകളോടെ നമ്മുടെ പിതാമഹന്മാർ വിലകൊടുത്ത് സമ്പാദിച്ച മണ്ണിൽ നിന്നും നമ്മെ കുടിയിറക്കുവാനുള്ള കുടിലബുദ്ധിയാണ് അതിന്റെ പിന്നിലെന്ന് സാമാന്യ ബോധമുള്ള എല്ലാവർക്കും മനസ്സിലാവും.

ജനത്തിന്റെ ജീവനും സ്വത്തിനും സംരക്ഷണം നല്കേണ്ട സർക്കാരും, സർക്കാർ സംവിധാനങ്ങളും നല്ലൊരു ശതമാനം ജനപ്രതിനിധികളും മലയോര കർഷകരുടെ രക്ഷയ്ക്ക് എത്തുന്നില്ലായെന്നത് ഖേദകരമാണ്. പ്രകൃതിദുരന്തങ്ങളും, വന്യമൃഗ ശല്യങ്ങളും പരിസ്ഥിതിയുടെ പേരിലുള്ള കരിനിയമങ്ങളുംകൊണ്ട് ജീവിതം ദുസ്സഹമായിത്തീർന്നിരിക്കുന്ന മലയോര ജനതയുടെ വേദന ഇന്നാട്ടിലെ മനുഷ്യസ്നേഹികളുടെ വേദനയാണ് എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു.

ബഫർസോൺ സംബന്ധിച്ച 2022 ജൂൺ 3–ലെ സുപ്രീം കോടതി വിധി, സംസ്ഥാന സർക്കാരിനോട് ബഫർസോൺ മേഖലയിലെ ഉപജീവന നിർമ്മിതികൾ അടക്കമുള്ള എല്ലാ സ്ഥിതി വിവരക്കണക്കുകളുടെയും വിശദാംശങ്ങൾ ആവശ്യമായ സർക്കാർ ഏജൻസികളുടെ സഹായത്തോടെ തയ്യാറാക്കി ലിസ്റ്റ് ചെയ്ത് മൂന്നു മാസത്തിനുള്ളിൽ സുപ്രീം കോടതിക്കു മുമ്പാകെ സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. അതോടൊപ്പം ബഫർസോണിന്റെ ദൂരപരിധി കുറയ്ക്കാൻ മതിയായ പൊതുജനതാത്പര്യം മുൻനിർത്തി രേഖകൾ സഹിതം സെൻട്രൽ എംപവേർഡ് കമ്മറ്റിയെയും കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയത്തേയും സമീപിച്ച് അവരുടെ ശുപാർശകളോടെ സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാർ ഹർജി നൽകിയാൽ കോടതി അത് പരിഗണിക്കുന്നതാണെന്നും വിധിയിൽ പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ നാം ഒരുമിച്ചു നടത്തിയ സമരപരമ്പരകളുടെ ഫലമായി സർക്കാർ കേവലം ഒരു റിവ്യൂഹർജി നല്കുവാൻ തയ്യാറായി എങ്കിലും, എന്നും കർഷകരെ ശത്രു പക്ഷത്ത് നിർത്തുന്ന വനം വകുപ്പിനെ മാത്രമാണ് ആ ദൗത്യം ഏല്പിച്ചത്. സർക്കാരിനുവേണ്ടി വനംവകുപ്പ് തയ്യാറാക്കിയ റിവ്യൂഹർജി വായിക്കുമ്പോഴാണ് സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ തമസ്കരിക്കപ്പെട്ടതായി മനസ്സിലാകുന്നത്. അതായത്, സ്ഥിതിവിവര കണക്കുകൾ ഇല്ലെന്നു മാത്രമല്ല, കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റും ഒരു കിലോമീറ്റർ വായു ദൂരം വരെ ബഫർസോൺ പ്രഖ്യാപിച്ചതിൽപ്പെട്ടിരിക്കുന്നത്, 1977 ന് മുമ്പ് വനം കയ്യേറിയവരുടെയും 2006–ലെ ആദിവാസികൾക്കു വേണ്ടിയുള്ള നിയമപ്രകാരം (Scheduled Tribes and other Traditional Forest Dwellers Act 2006) ഭൂമി പതിച്ചു കിട്ടിയവരുടെയും ഭൂമി ആണെന്നാണ്.

പുനഃപരിശോധനാ ഹർജിയിലെ 10–ാമത്തെയും 15–ാമത്തെയും ഖണ്ഡികയിലാണ് ഇപ്രകാരമുള്ള ഭൂമിയാണ് ബഫർസോണിൽപ്പെട്ടിരിക്കുന്നത് എന്ന് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. വന്യജീവി സങ്കേതങ്ങൾക്കു ചുറ്റുമുള്ള ഒരു കിലോമീറ്റർ വായൂ ദൂരത്തുള്ള ബഫർസോൺ പ്രദേശത്ത് കയ്യേറ്റക്കാരും, ആദിവാസികളും, വനഭൂമി കയ്യേറി സ്വന്ത



മാക്കിയെന്ന മട്ടിൽ പുനഃപരിശോധനാ ഹർജി സംസ്ഥാന സർക്കാർ നല്കിയത് വലിയ അപകടം ക്ഷണിച്ചു വരുത്തുന്നതാണ്. സാധാരണക്കാരുടെ കൃഷിഭൂമിയെപ്പറ്റിയും ഉപജീവന മാർഗ്ഗത്തെപ്പറ്റിയും റിവ്യൂ പെറ്റീഷൻ മൗനം അവലംബിക്കുന്നുവെന്നു മാത്രമല്ല, ഈ പ്രദേശത്തുള്ള യാതൊരുവിധ സ്ഥിതി വിവരക്കണക്കുകളും റിവ്യൂപെറ്റീഷനിൽ കാണുന്നില്ലായെന്നുള്ളത് ആശങ്ക ജനിപ്പിക്കുന്നതാണ്.

ഇപ്രകാരം ബഫർസോണുകളിൽ വരുന്ന ഭൂമി, കയ്യേറ്റക്കാരുടെയും ആദിവാസികളുടെയും മാത്രമാണ് എന്ന് സുപ്രീം കോടതി ജഡ്ജിമാരുടെ മുമ്പിൽ അവതരിപ്പിക്കുവാൻ ശ്രമിക്കുന്നവർ ജനങ്ങളുടെ പക്ഷത്തുനിന്നല്ല, മറിച്ച് കപട പരിസ്ഥിതി വാദികളുടെ ഭാഗത്തുനിന്നാണ് ചിന്തിക്കുന്നത് എന്ന് സംശയിച്ചാൽ കുറ്റപ്പെടുത്താനാവില്ല. കേരളത്തിലെ വനംവകുപ്പിന്റെ കർഷക വിരുദ്ധ നിലപാടുകളുടെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണിത്. സുപ്രീം കോടതി അവശ്യപ്പെട്ടിരിക്കുന്ന വിശദമായ റിപ്പോർട്ട് സർക്കാർ സമർപ്പിച്ചേ മതിയാകൂ. അതില്ലാത്ത ഒരു റിവ്യൂഹർജിയും പരമോന്നത കോടതിയിൽ നിലനില്ക്കുകയില്ല എന്ന വസ്തുത ഇവിടുത്തെ കർഷക ജനത മനസ്സിലാക്കിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി, കട്ടിപ്പാറ, കൂരാച്ചുണ്ട്, കാന്തലോട്, ചക്കിട്ടപാറ, ചെമ്പനോട, പേരാമ്പ്ര, ചങ്ങരോത്ത് എന്നീ വില്ലേജുകൾ ESZ (ബഫർസോൺ) ലും, കാവിലുംപാറ, ചക്കിട്ടപാറ, തിനൂർ, ചെമ്പനോട, കെടവൂർ, പുതുപ്പാടി, നെല്ലിപ്പൊയിൽ, കോടഞ്ചേരി, തിരുവമ്പാടി എന്നീ വില്ലേജുകൾ ESA (പരിസ്ഥിതി സംവേദക ഏരിയ) പരിധിയിൽ വരുന്നുണ്ട്. മലപ്പുറം ജില്ലയിലെ ചുങ്കത്തറ, അകമ്പാടം, കരുളായി, ചോക്കാട്, കാളികാവ്, കരുവാരകുണ്ട്, കുറുമ്പളങ്ങോട്, വാളിക്കടവ്, അമരമ്പലം, കേരള എസ്റ്റേറ്റ് എന്നീ വില്ലേജുകളും ESA (പരിസ്ഥിതി സംവേദക ഏരിയ) പ്രശ്നം നിലനില്ക്കുന്ന വില്ലേജുകളാണ്. ഈ സ്ഥലങ്ങളിലെ മലയോര ജനതയെ ഭീഷണിപ്പെടുത്തിയും വെല്ലുവിളിച്ചും ഒരു ഭരണത്തിനും ഇവിടെ നിലനില്പില്ലായെന്ന് ഉത്തരവാദിത്വപ്പെട്ടവർ മനസ്സിലാകും വരെ സംഘടിതമായി ഇതിനെതിരെ നിലയുറപ്പിക്കുവാൻ കർഷകജനത മുന്നോട്ടുവരും.

ജീവിതത്തിൽ വലിയ ആഗ്രഹങ്ങൾ ഒന്നുമില്ലാതെ പൊതുസമൂഹത്തിന് മുഴുവൻ അന്നം നല്കാൻ കഠിനാധ്വാനം ചെയ്യുന്ന പാവപ്പെട്ട മനുഷ്യർക്കുവേണ്ടി സംസാരിക്കുവാനും പ്രവർത്തിക്കുവാനും നിലകൊള്ളുവാനും നാം ഒറ്റക്കെട്ടായി നിന്നേ മതിയാവൂ. കർഷകന്റെ ജീവിതത്തെ എരിതീയിൽ നിന്ന് വറചട്ടിയിലേക്ക് എന്ന രീതിയിൽ കബളിപ്പിക്കുന്ന ഭരണസംവിധാനങ്ങൾക്കെതിരെ നാം സംഘടിച്ചേ മതിയാകൂ.

2022 ജൂലൈ 31 ന് കേരള കത്തോലിക്കാ മെത്രാൻ സമിതി ഇക്കാര്യത്തിലുള്ള സഭയുടെ ആശങ്ക പ്രകടമാക്കുകയും കേരളത്തിലെ 61 ലധികം വരുന്ന കർഷക സംഘടനകളുടെ ഒരു പൊതുകൂട്ടായ്മ (കേരള കർഷക അതിജീവന സംയുക്ത സമതി – KKASS) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ജാതി, മത, രാഷ്ട്രീയ വേർതിരിവില്ലാതെ രൂപീകരിച്ച ഈ സംഘടനാ സംവിധാനം നമ്മുടെ എല്ലാ ഇടവകകളിലും രൂപീകരിക്കുവാൻ വികാരിയച്ചന്മാരോടൊപ്പം നിങ്ങളും മുൻകൈയെടുക്കണം.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി വീടുകളുടെയും സ്ഥലങ്ങളുടെയും കൃഷിയിടങ്ങളുടെയും സ്ഥാപനങ്ങളുടെയും സ്ഥിതിവിവര കണക്കുകൾ പഞ്ചായത്തിൽ നിന്നുള്ള ഔദ്യോഗിക രേഖകളുടെ പിൻബലത്തോടെ ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ ശേഖരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഈ കണക്കുകൾ അടിസ്ഥാനമാക്കി ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും പ്രമേയങ്ങൾ പാസാക്കി കേന്ദ്ര–വനം പരിസ്ഥിതി മന്ത്രാലയത്തിനും, സെൻട്രൽ എംപവേർഡ് കമ്മിറ്റിയ്ക്കും, സുപ്രീം കോടതിയ്ക്കും അയച്ചുകൊടുക്കണം. അതോടൊപ്പം ഞായറാഴ്ച ഇടവകകളിൽ ഹെൽപ്പ് ഡെസ്ക്കുകൾ ക്രമീകരിച്ച് പരാതികൾ അയയ്ക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണം.

നമ്മുടെ അവകാശങ്ങൾ നേടിയെടുക്കും വരെയും നിതാന്ത ജാഗ്രതയോടെ നമുക്ക് വ്യാപരിക്കാം. നിയമത്തിന്റെ വഴിയിലൂടെയും, സംഘടിച്ചും ജീവിക്കുവാനുള്ള നമ്മുടെയും വരുംതലമുറയുടെയും അവകാശത്തിനുവേണ്ടി ധീരതയോടെ നമുക്ക് നിലകൊള്ളാം. പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ പ്രതീകമായ മഹാനായ ഡോ. അംബേദ്ക്കറുടെ ആപ്തവാക്യം നമുക്കോർക്കാം; "സംഘടിക്കുക, പ്രബുദ്ധരാകുക, പോരാടുക."

**2-ാം ചരമ വാർഷികം**
**06-09-2022**



**മാർ പോൾ ചിറ്റിലപ്പിള്ളി**
**താമരശ്ശേരി രൂപതയുടെ മുൻ മെത്രാൻ**

# അധ്യാപനം മികച്ച കരിയർ

**പ്രീ–പ്രൈമറി മുതൽ കോളജ് തലം വരെയുള്ള അധ്യാപകരുടെ യോഗ്യതയും അധ്യാപന പരിശീലനവും വ്യത്യസ്തമാണ്. പ്ലസ് ടു, ഡിഗ്രി, പി.ജി എന്നിവയ്ക്കു ശേഷം സാധ്യമായിട്ടുള്ള അധ്യാപന പരിശീലന കോഴ്സുകളും, വിവിധ തലങ്ങളിൽ പഠിപ്പിക്കുവാനായി ആവശ്യമുള്ള യോഗ്യതകളും പരിചയപ്പെടാം.**



വിദ്യാധനം
പ്രഫ. ചാർലി കട്ടക്കയം

രാജ്യത്തിന്റെ വിദ്യാഭ്യാസ പുരോഗതിയും അതുവഴി രാജ്യപുരോഗതിയും ഉയർത്തുന്നതിൽ ഏറ്റവും പ്രധാനം പഠിപ്പിക്കുന്ന അധ്യാപകരുടെ നിലവാരമാണ്. കഴിവും സമർപ്പണ ബോധവുമുള്ള അധ്യാപകരാണ് ഒരു രാജ്യത്തിന്റെ സമ്പത്ത്. അതുകൊണ്ടുതന്നെ ഇന്നും മങ്ങലേൽക്കാതെ മികച്ച കരിയറായി അധ്യാപന മേഖല നിലനിൽക്കുന്നു. വിവിധ കമ്മീഷനുകൾ അധ്യാപകരുടെ സേവനം പ്രത്യേകം പരാമർശിക്കുകയും ഉയർന്ന സേവന–വേതന വ്യവസ്ഥകൾ അവർക്ക് നൽകേണ്ടതിന്റെ ആവശ്യകത എടുത്തു പറയുകയും ചെയ്തിട്ടുണ്ട്. തത്ഫലമായി അധ്യാപകർക്ക് മികച്ച വേതനവും ഇന്ന് ലഭിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ അനന്ത സാധ്യതകളാണ് ഇന്ന് അധ്യാപകരെ കാത്തിരിക്കുന്നത്. കഠിനാദ്ധ്വാനവും, സമർപ്പണവും, സർഗ്ഗാത്മകതയും, ഗവേഷണാഭിരുചികളുമുള്ളവർക്ക് ഈ മേഖലയിൽ ഏറെ ശോഭിക്കാനാകും.

## പ്രീ–പ്രൈമറി ടീച്ചർ

പ്രീ–സ്കൂൾ, എൽകെജി, യുകെജി (നഴ്സറി) ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിനുള്ള കുറഞ്ഞ യോഗ്യത പ്രീ–പ്രൈമറി ടീച്ചർ ട്രെയ്നിങ് കോഴ്സ് (പി.പി.റ്റി.റ്റി.സി) പാസായിരിക്കണം എന്നതാണ്. പത്താം ക്ലാസോ, പ്ലസ്ടുവോ ആണ് ഈ കോഴ്സ് ചെയ്യുന്നതിനുള്ള അടിസ്ഥാന യോഗ്യത. ഒരു വർഷമാണ് ഈ കോഴ്സിന്റെ ദൈർഘ്യം.

സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസേർച്ച് ആന്റ് ട്രെയ്നിങ് (SCERT) ആണ് പ്രീ–പ്രൈമറി എഡ്യുക്കേഷൻ കോഴ്സിന്റെ കരിക്കുലം തയ്യാറാക്കുകയും കോഴ്സ് ഏകോപിപ്പിക്കുകയും ചെയ്യുന്നത്. ലോക പ്രശസ്തമായ മോണ്ടിസോറി രീതിയിൽ പ്രീ–പ്രൈമറി അധ്യാപക പരിശീലനം നടത്തുന്ന നിരവധി സ്ഥാപനങ്ങൾ കേരളത്തിനകത്തും പുറത്തുമുണ്ട്.

## പ്രൈമറി ടീച്ചർ

ഒന്നു മുതൽ ഏഴു വരെയുള്ള ലോവർ പ്രൈമറി അപ്പർ പ്രൈമറി ക്ലാസുകളിൽ പഠിപ്പിക്കുവാനുള്ള യോഗ്യത ഡിപ്ലോമ ഇൻ എഡ്യുക്കേഷൻ (D.Ed.) ആണ്. നേരത്തെ ഇത് ടീച്ചർ ട്രെയ്നിങ് കോഴ്സ് അഥവാ ടി.ടി.സി എന്നാണ് അറിയപ്പെട്ടിരുന്നത്.

രണ്ട് വർഷം ദൈർഘ്യമുള്ള ഡി.എഡിന് പ്ലസ്ടുവാണ് മിനിമം യോഗ്യത. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷൻ (എൻ.സി.ടി.ഇ) എന്ന കേന്ദ്ര ഗവൺമെന്റ് ഏജൻസിയാണ് ദേശീയ തലത്തിലുള്ള നിയന്ത്രണവും ഏകോപനവും നടത്തുന്നത്. സംസ്ഥാന തലത്തിൽ എസ്.സി.ഇ.ആർ.ടി (SCERT) യ്ക്കാണ് കോഴ്സിന്റെ നിയന്ത്രണ ചുമതല. SCERT തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നാണ് കോഴ്സിന്റെ അഡ്മിഷൻ ലഭിക്കുക. സ്വകാര്യ മേഖലകളിലെ 50 ശതമാനം സീറ്റുകളും ഈ ലിസ്റ്റിൽ നിന്നാണ് നൽകുക. എസ്.സി ഇ. ആർ.ടി യുടെ കീഴിലുള്ള ഡയറ്റ് (DIET) ആണ് ജില്ലാതലത്തിൽ കോഴ്സുകൾ നടത്തുന്നത്. കൂടാതെ സ്വകാര്യ എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലായി നൂറിലധികം D.Ed സ്ഥാപനങ്ങളും കേരളത്തിലുണ്ട്. സ്ഥാപനങ്ങളുടെ വിശദവിവരങ്ങളും കോഴ്സിന്റെ വിശദാംശങ്ങളും www.scertkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ബി.എഡ് യോഗ്യതയുള്ളവർക്കും പ്രൈമറി തലത്തിൽ പഠിപ്പിക്കാവുന്നതാണ്. ലോവർ പ്രൈമറി, അപ്പർ പ്രൈമറി ക്ലാസുകളിൽ പഠിപ്പിക്കുവാൻ അതാത് വിഭാഗക്കാർക്കായുള്ള കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (K TET) കൂടി പാസാകണം.



## സെക്കൻഡറി–സീനിയർ സെക്കൻഡറി ടീച്ചർ

എട്ട് മുതൽ പത്ത് വരെയുള്ള സെക്കൻഡറി തലത്തിൽ പഠിപ്പിക്കുവാൻ 50 ശതമാനം മാർക്കോടെയുള്ള ബിരുദത്തോടൊപ്പം ബാച്ചിലർ ഓഫ് എഡ്യുക്കേഷൻ (B.Ed) ഡിഗ്രിയും വേണം. കൂടാതെ സി.ബി.എസ്.സി സ്കൂളുകളാണെങ്കിൽ സി–ടെറ്റ് (C-TET) ടെസ്റ്റും, സ്റ്റേറ്റ് സ്കൂളിൽ പഠിപ്പിക്കാൻ സെക്കൻഡറി വിഭാഗക്കാർക്കായുള്ള കെ.ടെറ്റ് ടെസ്റ്റും പാസായിരിക്കണം. പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകൾ ഉൾപ്പെടുന്ന സീനിയർ സെക്കൻഡറി പഠിപ്പിക്കാൻ 50 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദത്തോടൊപ്പം ബി.എഡും പാസാകണം. കൂടാതെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (SET) സെൻട്രൽ സ്കൂളുകൾക്ക് സി. ടെറ്റ് (C-TET) ടെസ്റ്റും പാസാകണം. കേന്ദ്ര സർക്കാരിനു കീഴിലുള്ള കേന്ദ്രീയ വിദ്യാലയം, നവോദയ സ്കൂൾ, ആറ്റമിക് എനർജി സ്കൂളുകൾ എന്നിവിടങ്ങളിലെ വിവിധ ക്ലാസുകളിൽ പഠിപ്പിക്കുവാനും യോഗ്യത മേൽ സൂചിപ്പിച്ചതു തന്നെയാണ്. (B.Ed + C -TET).

## ബി.എഡ് കോഴ്സ്

2015–2016 മുതൽ രാജ്യത്ത് ഒരു വർഷം ദൈർഘ്യമുണ്ടായിരുന്ന ബി.എഡ് കോഴ്സ് രണ്ട് വർഷമാക്കിയിരിക്കുകയാണ്. കേരളത്തിൽ വിവിധ യൂണിവേഴ്സിറ്റികളാണ് ബി.എഡ് കോഴ്സ് ഏകോപിപ്പിക്കുന്നത്. ഗവൺമെന്റ്, എയ്ഡഡ്, സ്വകാര്യ എയ്ഡഡ്, സ്വകാര്യ അൺ എയ്ഡഡ് തുടങ്ങി 250 ഓളം ടീച്ചർ എഡ്യുക്കേഷൻ കോളജുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ബാംഗ്ലൂർ ആസ്ഥാനമാക്കിയുള്ള എൻ.സി.ടി.ഇ സതേൺ റീജിയനാണ് കേരളത്തിലെ ബി.എഡ് സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നത്. എൻ.സി. ടി.ഇ യുടെ വെബ് സൈറ്റ് പരിശോധിച്ച് അംഗീകൃത സ്ഥാപനങ്ങളിൽ മാത്രമേ ബി.എഡിന് ചേരാവൂ. അധ്യാപക പരിശീലന സ്ഥാപനങ്ങളിൽ അധ്യാപകരാകാൻ ബി.എഡിനു ശേഷം എം.എഡും, നെറ്റും കൂടി പാസാകേണ്ടതാണ്.

## കോളജ് അധ്യാപകരാകാൻ

സർവകലാശാലകളിലേയും കോളജുകളിലേയും അധ്യാപക നിയമനത്തിന് യു.ജി.സി നടത്തുന്ന നെറ്റ്/ ജെ.ആർ.എഫ് പരീക്ഷ പാസായിരിക്കണം. ഫെലോഷിപ്പോടുകൂടിയ ഗവേഷണത്തിന് യോഗ്യത നേടാനുള്ള അടിസ്ഥാന പരീക്ഷയാണ് ജെ ആർ എഫ് നെറ്റ് പരീക്ഷ തനിച്ചോ നെറ്റ്/ ജെ.ആർ.എഫ് ഒന്നിച്ചോ എഴുതാം.

ഓരോ വിഷയത്തിലും യോഗ്യത നേടുന്നവരിൽ നിശ്ചിത ശതമാനം പേർക്കാണ് ആ വർഷം നെറ്റ് യോഗ്യത നൽകുക. ഇവരിൽ കൂടുതൽ മാർക്ക് നേടുന്ന നിശ്ചിത ശതമാനം പേർക്ക് ജെ.ആർ.എഫ് ലഭിക്കും. സയൻസ്, ഭാഷ, മാനവിക വിഷയങ്ങൾ എന്നിവയടക്കം 80 തോളം വിഷയങ്ങളിലാണ് ഈ പരീക്ഷ നടത്തുന്നത്. എല്ലാ വർഷവും ജൂൺ–ഡിസംബർ മാസങ്ങളിലായി രണ്ട് തവണ പരീക്ഷ ഉണ്ടാകും. എം.എ, എം.ബി.ബി.എസ്, എം.എസ്.സി, ബി–ടെക്ക് ഇവയിൽ ഏതിലെങ്കിലും 55 ശതമാനം മാർക്ക് നേടിയവർക്ക് പരീക്ഷ എഴുതാം. അവസാന വർഷ ബിരുദാനന്തര–ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷയ്ക്ക് അപേക്ഷിക്കാം. ജെ.ആർ.എഫിന് ഉയർന്ന പ്രായപരിധി 28 വയസാണ്. നെറ്റിന് പ്രായപരിധിയില്ല. കൂടുതൽ വിവരങ്ങളും പരീക്ഷ വിഷയങ്ങളും, സിലബസും മറ്റും www.ugc.ac.in. net or www. csirhrdg.res.in എന്ന വെബ് സൈറ്റുകളിൽ ലഭ്യമാണ്.

## കോളജ് അധ്യാപകർക്ക് തുടർന്നും പഠിക്കാം

പി.ജി കോഴ്സ് കഴിയുന്നതോടെ നെറ്റ് പരീക്ഷയും പാസാകുവാൻ സാധിക്കുന്നവർക്ക് അപ്പോൾ തന്നെ ഒഴിവുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മറ്റ് തടസമൊന്നുമില്ല. ഗവ.കോളജുകളിൽ പി.എസ്.സിയും, സ്വകാര്യ എയ്ഡഡ് കോളജുകളിൽ സർക്കാർ–യൂണിവേഴ്സിറ്റി–മാനേജ്മെന്റ് പ്രതിനിധികൾ അടങ്ങിയ കമ്മിറ്റിയുമാണ് നിയമനം നടത്തുന്നത്. ഇപ്രകാരം അധ്യാപനം കരിയറായി തെരഞ്ഞെടുക്കുന്നവരെ കാത്ത് അക്കാഡമിക്ക് രംഗം ഒരുക്കുന്ന സൗകര്യങ്ങൾ ഏറെയാണ്. മൂന്ന് വർഷത്തെ അധ്യാപനം പൂർത്തിയാക്കി കഴിഞ്ഞാൽ ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (എഫ്.ഐ.പി) വഴി ഒരു വർഷത്തെ എം.ഫിൽ പ്രോഗ്രാമിനോ, മൂന്ന് വർഷം ദൈർഘ്യമുള്ള പി.എച്ച്.ഡി പ്രോഗ്രാമിനോ ചേരാം. ശമ്പളവും മറ്റ് എല്ലാവിധ ആനുകൂല്യങ്ങളും അടങ്ങിയ അവധി ഇതിന് ലഭിക്കും. എം.ഫിൽ/ പി.എച്ച്.ഡി അവാർഡ് ചെയ്ത് കിട്ടുമ്പോൾ ശമ്പളത്തിൽ പ്രത്യേക ഇൻക്രിമെന്റും ലഭിക്കുന്നു. ജോലി ചെയ്യുന്ന ഡിപ്പാർട്ട്മെന്റ് റിസേർച്ച് സെന്ററാണെങ്കിൽ പി.എച്ച്.ഡിയുള്ള അധ്യാപകർക്ക് അധ്യാപനത്തോടൊപ്പം റിസേർച്ച് ഗൈഡുമാരായി സേവനമനുഷ്ഠിക്കാനുള്ള അവസരവും ഉണ്ട്. നാലോ–അഞ്ചോ ഗവേഷകരെ ഒരേ സമയം ഗൈഡ് ചെയ്യാം.

## സാമ്പത്തിക സഹായങ്ങൾ

യു.ജി.സി (യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ), ഡി. എസ്.ടി (ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജി), ഐ.എൻ.എസ്.എ (ഇന്ത്യൻ നാഷണൽ സയൻസ് അക്കാഡമി), ഡി.ബി.ടി (ഡിപ്പാർട്ട് ഓഫ് ബയോ ടെക്നോളജി) തുടങ്ങിയ ഗവേഷണ രംഗത്തെ പുതിയ നേട്ടങ്ങൾ കൈവരിക്കുവാൻ സാമ്പത്തിക സഹായം നൽകുന്ന കേന്ദ്ര സർക്കാർ സ്ഥാപനങ്ങളാണ്. വലിയ മുതൽമുടക്കുകളാണ് ഈ സ്ഥാപനങ്ങൾ വഴി അക്കാഡമിക്ക് രംഗത്ത് കേന്ദ്രസർക്കാർ നടത്തുന്നത്. ഈ ഏജൻസികൾ വഴി മൈനർ, മേജർ റിസേർച്ച് പ്രൊജക്ടുകൾ അധ്യാപകർക്ക് ലഭ്യമാണ്. പ്രൊജക്ടുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം അനുവദിച്ച് തരും. അക്കാഡമിക്ക് രംഗത്ത് കൂടുതൽ സംഭാവന നൽകുന്നതിനും തങ്ങളുടെ വിഷയങ്ങളിൽ കൂടുതൽ അറിവ് നേടാനും ഇത് അധ്യാപകരെ സഹായിക്കുന്നു. ഇത്തരത്തിൽ സാമ്പത്തിക സഹായം നൽകുന്ന കേരള സർക്കാർ സ്ഥാപനമാണ് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജി (കെ.എസ്.സി.എസ്.ടി.ഇ). സയൻസ് പോപ്പുലറൈസേഷനുള്ള പ്രൊജക്റ്റുകൾക്കും പ്രോഗ്രാമുകൾക്കും ഈ ഏജൻസി വഴി സാമ്പത്തിക സഹായം ലഭിക്കും. സ്കൂൾ തലത്തിലെ അധ്യാപകർക്കും ഈ ഏജൻസിയുടെ സഹായം ലഭ്യമാണ്. ഡി.എസ്.ടിയുടെ ഫണ്ട് ഫോർ ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജി (ഫിസ്റ്റ്) സ്കീം വഴി കോളജുകളിലെ ഡിപ്പാർട്ട്മെന്റുകൾക്ക് ഗവേഷണ ഫണ്ട് അനുവദിച്ച് കിട്ടും.

## പുതിയ വിദ്യാഭ്യാസനയത്തിലെ ക്ലാസ് ഡിവിഷൻ

പുതിയ വിദ്യാഭ്യാസ നയപ്രകാരം രാജ്യത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ക്ലാസ് ഡിവിഷൻ ഇപ്രകാരമാണ്. 5 വർഷ അടിസ്ഥാന വിദ്യാഭ്യാസം: നഴ്സറി (4 വയസ്), ജൂനിയർ കെ.ജി (5 വയസ്), സീനിയർ കെ.ജി(6 വയസ്), ഒന്നാം ക്ലാസ് (7 വയസ്)രണ്ടാം ക്ലാസ് (8 വയസ്), 3 വർഷ പ്രിപ്പറേറ്ററി: മൂന്ന്, നാല്, അഞ്ച് ക്ലാസുകൾ, മൂന്ന് വർഷ മിഡിൽ: ആറ്, ഏഴ്, എട്ട് ക്ലാസുകൾ, 4 വർഷ സെക്കൻഡറി: ഒൻപത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകൾ, തുടർന്ന് 4 വർഷം ബിരുദം.


# കർത്താവിന്റെ നാട്ടിലൂടെ

**ഗലീലി പ്രദേശവും കർത്താവിന്റെ സുവിശേഷ പ്രഘോഷണ വേദികളും പട്ടണങ്ങളും ഗ്രാമങ്ങളും ഗലീലി തടാകത്തിന്റെ മനോഹാരിതയും**



## തീർത്ഥാടനം

ഫാ. ജോസഫ് കാപ്പിൽ




മൂന്ന് പ്രൊവിൻസുകളായി ഗലീലി സമറിയ, യൂദയ- സ്ഥിതി ചെയ്യുന്ന പലസ്തീനയുടെ ഏറ്റവും വടക്കു ഭാഗത്തുള്ള പ്രദേശമാണ് ഗലീലി. ഏകദേശം 100 കിലോമീറ്റർ നീളവും 50 കിലോമീറ്റർ വീതിയുമുള്ള ഗലീലി പ്രദേശത്തിന്റെ വടക്കേ അതിർത്തി ഇന്നത്തെ ലെബനോൺ രാജ്യത്തിന്റെ തെക്ക് ഭാഗത്തെ ഹെർമോൺ പർവ്വതനിരകളും തെക്ക് പലസ്തീനായുടെ മധ്യഭാഗമായ സമറിയായും കിഴക്ക് യോർദാൻ നദിയും, ഗലീലാതടാകവും പടിഞ്ഞാറ് മെഡിറ്ററേനിയൻ കടലുമാണ്. പലസ്തീനായുടെ ഏറ്റവും ഫലഭൂയിഷ്ഠമായ പ്രദേശമാണിത്. കൃഷിഭൂമിയായ സമതല പ്രദേശങ്ങൾ മുഴുവൻ ധാന്യവിളകളും ഒലീവ് മുന്തിരിത്തോട്ടങ്ങളും പച്ചക്കറി വയലുകളും കൊണ്ട് സമ്പന്നമാണ്. പലസ്തീനായുടെ കലവറയെന്നാണ് ഗലീലയെ വിളിക്കുന്നത്.

ജോഷ്വായുടെ പുസ്തകത്തിലെ വിവരണമനുസരിച്ച് (ജോഷ്വ 19/10 മുതൽ) 12 ഗോത്രങ്ങളടങ്ങിയ ഇസ്രായേൽ ജനം ഈജിപ്തിൽ നിന്ന് മോചിതരായി, കാനാൻ ദേശം പിടിച്ചടക്കി. ആ നാട് സ്വന്തമായ അവസരത്തിൽ പലസ്തീനയുടെ വടക്ക് ഭാഗത്തുള്ള ഗലീലി പ്രദേശം ആഷർ, നെഫ്തലി, സബലൂൺ, ഇസാക്കർ എന്നീ ഗോത്രങ്ങൾക്കാണ് നൽകപ്പെട്ടത്.

യേശുവിന്റെ പരസ്യജീവിതത്തിന്റെയും അത്ഭുതപ്രവർത്തനങ്ങളുടെയും സുവിശേഷ പ്രഘോഷണത്തിന്റെയും ഭൂരിഭാഗവും അവിടുന്ന് ചിലവഴിച്ചത് ഈ ഗലീലി പ്രദേശത്താണ്. യേശുവിന്റെ പാദസ്പർശമേൽക്കാത്ത ഒരു സ്ഥലവും ഗലീലി പ്രദേശത്തില്ലെന്ന് പറയാം. അവൻ പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ ചുറ്റിസഞ്ചരിച്ചു എന്നാണ് വിശുദ്ധ മത്തായി സുവിശേഷകൻ വിവരിച്ചിരിക്കുന്നത് (മത്തായി 4/23) എല്ലാ കാര്യങ്ങളുടെയും ഹൃദയവും കേന്ദ്രസ്ഥാനവുമായിരുന്നു, പ്രത്യേകിച്ച് ഗലീലി കടലും അതിന്റെ ചുറ്റുമുള്ള പ്രദേശങ്ങളും. യേശുവിന്റെ പരസ്യജീവിതവുമായി ബന്ധപ്പെടുത്തി ഗലീലി പ്രദേശത്തെ, പ്രത്യേകിച്ച് ഗലീലി കടലിന്റെ തീരപ്രദേശത്തെ പട്ടണങ്ങളെയും ഗ്രാമങ്ങളെയും കണ്ട് മനസിലാക്കാൻ നാം ശ്രമിക്കുകയാണ്.



യേശുവിന്റെ പരസ്യജീവിതത്തിന്റെ വേദിയായ തടാകതീരത്തുള്ള പട്ടണങ്ങൾ തിബേരിയാസ്, മഗ്ദല, ഗനേസറത്ത് തീരം, താബ്ഗാ (ഈശോ അപ്പം വർദ്ധിപ്പിച്ച സ്ഥലം, പത്രോസിന് പരമാധികാരം നൽകിയ സ്ഥാനം, മലമുകളിലിരുന്ന് ദീർഘമായ സുവിശേഷ പ്രഘോഷണം നടത്തിയ സ്ഥലം, (സുവിശേഷ ഭാഗ്യങ്ങളുടെ മല) കഫർണാം, കൊറാസിൻ, ജോർദ്ദാൻ നദി ഗലീലാ തടാകത്തിൽ ഒഴുകിവന്നു ചേരുന്ന സ്ഥാനം, ബേത്സയ്ദാ, ഗരനേസർ, ഹിപ്പോസ് എന്നിവയാണ്. കൂടാതെ ഗലീലി പ്രദേശത്തെ മറ്റ് പുണ്യസ്ഥലങ്ങൾ നസ്രത്ത്, കാന, താബോർമല, മൗണ്ട് കാർമൽ, നായിം പട്ടണം, കേസറിയ, ഫിലിപ്പി, യാർമുക്ക്നദി, കിഷോൺതാഴ്വര, ജോർദ്ദാൻ നദിയുടെ ഉത്ഭവസ്ഥാനം എന്നിവയുമാണ്. ഇതിന്റെയെല്ലാം മദ്ധ്യസ്ഥാനത്താണ് ഗലീല തടാകം ഓരോന്നിനെക്കുറിച്ചും ചെറുതായ വിവരങ്ങൾ ഇതിൽ നൽകുകയാണ്.

### ഗലീലി തടാകവും യേശുവും

യേശുവിന്റെ കാലത്തെന്ന പോലെ ഗലീലി തടാകവും അതിന്റെ തീരപ്രദേശങ്ങളും പട്ടണങ്ങളും ഇന്നും മാറ്റമില്ലാതെ സ്ഥിതി ചെയ്യുന്നു. വികാരനിർഭരമായ ഹൃദയത്തോടു കൂടി മാത്രമേ ഇന്ന് ഏതൊരു തീർത്ഥാടകനും ഗലീലി തടാകതീരത്തു കൂടി നടക്കാനും തടാകത്തിലൂടെ വള്ളത്തിലൂടെ സഞ്ചരിക്കാനും കഴിയൂ. പുണ്യസ്ഥലങ്ങളുടെയെല്ലാം പുണ്യസ്ഥലം എന്ന് ഗലീലി തടാകത്തെയും തീരപ്രദേശങ്ങളെയും പറ്റി പറയാൻ കഴിയും.

നസ്രത്തിൽ നിന്നും 25 കിലോമീറ്റർ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഗലീലി തടാകത്തിന്റെ ഏത് ഭാഗത്തുനിന്നുള്ള കാഴ്ച്ചയും ഏറ്റം ഹൃദയഹാരിയാണ്. കടൽ എന്ന് പറയപ്പെടുന്നുണ്ടെങ്കിലും ഇത് ഒരു വലിയ തടാകമാണ്. ഈ തടാകത്തിന്റെ ഏറ്റവും കൂടിയ നീളം 21 കിലോമീറ്ററും വീതി 13 കിലോമീറ്ററും, ആഴം 50 മീറ്ററുമാണ്. സമുദ്രനിരപ്പിൽ നിന്ന് 212 മീറ്റർ താഴെയായി സ്ഥിതി ചെയ്യുന്ന ഈ തടാകം ഇസ്രായേലിന്റെ ഏറ്റവും വലിയ ശുദ്ധജലസംഭരണിയാണ്. വിവിധ തരത്തിലുള്ള ധാരാളം മത്സ്യങ്ങൾ ഉള്ളതുകൊണ്ട് മത്സ്യബന്ധനം ഇന്നും ഇവിടെ ഒരു പ്രധാന തൊഴിലാണ്. മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്നത് ഏതാനും പാവപ്പെട്ട മുക്കുവന്മാരെയാണല്ലോ യേശു തന്റെ അപ്പസ്തോലന്മാരായി തിരഞ്ഞെടുത്തതും.

വിശുദ്ധ ഗ്രന്ഥത്തിൽ ഈ തടാകത്തിന് ഗലീലികടൽ, ഗലീലി തടാകം, ഗനേസറത്ത് തടാകം, തിബേറിയോസ് കടൽ, കിന്നേരത്ത് കടൽ എന്നെല്ലാം പറയുന്നുണ്ട്. ഗലീലി തടാകവുമായി ബന്ധപ്പെട്ട ഒട്ടേറെ സംഭവങ്ങൾ സുവിശേഷങ്ങളിൽ പറഞ്ഞിട്ടുണ്ട്. അവയിൽ ഏതാനും ചിലത് നമുക്കിവിടെ അനുസ്മരിക്കാം. യേശു ശിഷ്യരെ വിളിക്കുന്നു (മത്തായി 4: 18–22, മർക്കോസ് 1: 16–20, ലൂക്കാ 1–3, 10–11) അത്ഭുതകരമായി മീൻപിടിക്കുന്നു (ലൂക്ക 5:1–11) കടലിനെ ശാന്തമാക്കുന്നു (മത്തായി 8: 23–27, മർക്കോസ് 6: 45–52) കടൽ തീരത്തുവച്ച് ദൈവരാജ്യത്തിന്റെ ഉപമകൾ അരുൾ ചെയ്യുന്നു (മത്തായി 13: 1–52) ഗദറായരുടെ നാട്ടിൽ പന്നികൾ കടലിൽ മുങ്ങിച്ചാകുന്നു (മർക്കോസ് 5: 1–13) മറുകരയ്ക്ക് വഞ്ചിയിലുള്ള യാത്ര (മർക്കോസ് 5:21) മറ്റ് പല തടാകയാത്രകൾ, കടലിൽ പോയി ചൂണ്ടയിടുക, സ്വർഗ്ഗരാജ്യം കടലിലെറിയപ്പെട്ടവല പോലെ, കടൽ തീരത്ത് യേശു പ്രത്യക്ഷപ്പെടുന്നു, പത്രോസിന് പരമാധികാരം നൽകുന്നു, വഞ്ചിയിലിരുന്ന് പഠിപ്പിക്കുന്നു (മർക്കോ 4:1–9)



ഈസ്റ്റ്ഹിൽ ഇടവക കട്ടക്കയം ജോൺ–ഷേർളി മകൻ അജയ്
പാലാ രൂപത മൂലമറ്റം ഇടവക വാളിക്കുളത്ത്
ടോമി–റാണി മകൾ റിയങ്ക എന്നിവർ വിവാഹിതരായി.
ആശംസകളോടെ : കട്ടക്കയം & തകിടിയേൽ ഫാമിലി

## നേട്ടം



● വിഐടി വെല്ലൂരിൽ നിന്ന് കമ്പ്യൂട്ടർ സയൻസിൽ ഡോക്ടറേറ്റ് നേടിയ റോബിൻ സിറിയക്ക്. പാറോപ്പടി ഇടവക മുണ്ടന്താനത്ത് ബേബി - കൊച്ചുത്രേസ്യാ ദമ്പതികളുടെ മകൻ. ഒമാനിൽ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി ആൻഡ് അപ്ലൈഡ് സയൻസിൽ ലക്ച്ചററാണ്. ഭാര്യ ജയറാണി. മക്കൾ-എബിൻ, മെറിൻ, ജഫിൻ



● ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും കെമിസ്ട്രിയിൽ പിഎച്ച്ഡി നേടിയ ഷെറിൻ റിസൺ. തൃശ്ശൂർ അക്കരപ്പുറം റിസൺ-ലില്ലി ദമ്പതികളുടെ മകളും, തിരുവമ്പാടി ഇടവക തെക്കേക്കര മനു ജോസിന്റെ ഭാര്യയുമാണ്. ബാംഗ്ലൂരിലെ ക്രൈസ്റ്റ് അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ് സ്റ്റഡീസ് അസി. പ്രൊഫസറാണ്.



● ജാർഖണ്ഡിലെ ധൻബാദ് ഐഐടിയിൽ നിന്ന് ഇൻഡസ്ട്രിയൽ എൻജിനീയറിങ് & മാനേജ്മെന്റിൽ പിഎച്ച്ഡി നേടിയ സി. ഡി. ജെയിംസ് ചെറുപിള്ളാട്ട്. ഈസ്റ്റ്ഹിൽ ചെറുപിള്ളാട്ട് സി. ജെ. ദേവസ്യയുടെയും മേരി സെലിന്റെയും മകനാണ്. ഭാര്യ: റോഷ്ന ജോസഫ്. മക്കൾ: ക്ലാരൻ മേരി ജെയിംസ്, കാതറിൻ തെരേസ ജെയിംസ്.

ഡയറി ഫാം സൂപ്പർവൈസറെ ആവശ്യമുണ്ട്

**കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഡയറി ഫാമിലേക്ക് സൂപ്പർവൈസറെ ആവശ്യമുണ്ട്. ഹിന്ദി ഭാഷാ പരിചയവുംഡ്രൈവിങ്ങും അറിയുന്നവർക്ക് മുൻഗണന.**

PH: 9847 404 082, 7306 610 180

# ആവേശമായി തിയോ ഫിയാ യുവജന കൺവൻഷൻ

**മലപ്പുറം, പെരിന്തൽമണ്ണ, കരുവാരകുണ്ട് മേഖലകൾക്കായി (സോൺ ബി) സംഘടിപ്പിച്ച കൺവൻഷനിൽ പങ്കെടുത്തത് 350 യുവജനങ്ങൾ**




**കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ റീജണൽ യൂത്ത് കൺവെൻഷൻ 'തിയോ ഫിയ' പെരിന്തൽമണ്ണയിൽ രൂപതാ വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്യുന്നു**

**താമരശ്ശേരി:** കെ.സി.വൈ.എം. എസ്.എം.വൈ.എം. താമരശ്ശേരി രൂപതയുടെ റീജണൽ യൂത്ത് കൺവെൻഷൻ 'തിയോ ഫിയ' പുത്തനങ്ങാടി സെന്റ് മേരിസ് കോളേജിൽ ആവേശകരമായ നടന്നു. മലപ്പുറം, പെരിന്തൽമണ്ണ, കരുവാരകുണ്ട് മേഖലകൾക്കുവേണ്ടി സംഘടിപ്പിച്ച കൺവെൻഷൻ രൂപതാ വികാരി ജനറൽ മോൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം ചെയ്തു.

ഓഗസ്റ്റ് 5 മുതൽ 8 വരെ നടന്ന കൺവൻഷനിൽ 350-ലധികം യുവജനങ്ങൾ പങ്കെടുത്തു. ഉദ്ഘാടന സമ്മേളനത്തിൽ രൂപത പ്രസിഡന്റ് അഭിലാഷ് കുടിപ്പാറ അധ്യക്ഷനായിരുന്നു. രൂപത ഡയറക്ടർ ഫാ. ജോർജ്ജ് വെള്ളായ്ക്കാകുടിയിൽ, ജനറൽ സെക്രട്ടറി റിച്ചാഡ് ജോൺ, പെരിന്തൽമണ്ണ ഫോറോന വികാരി ഫാ. ജിൽസ് കാരികുന്നേൽ, മേഖല ഡയറക്ടർമാരായ ഫാ. പ്രിൻസ് ഏഴാനിക്കാട്ട്, ഫാ. സിജോ കോട്ടക്കൽ, ഫാ. ജിന്റോ മച്ചുകുഴിയിൽ, സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പൽ ഫാ. ഡെന്നി ചോലപ്പള്ളിൽ, മരിയാപുരം ഇടവക വികാരി ഫാ. ജെയിംസ് വാമറ്റത്തിൽ, രൂപത വൈസ് പ്രസിഡന്റ് അഖില തോമസ്, യൂണിറ്റ് പ്രസിഡന്റ് ഓസ്റ്റിൻ മനോജ് എന്നിവർ സംസാരിച്ചു.

# സ്കൂൾ കുട്ടികൾക്ക് ആൽഫയിൽ സിവിൽ സർവീസ് പരിശീലനം

**തിരുവമ്പാടി:** 'ക്യാച്ച് ദി യങ്' പ്രോഗ്രാമിന്റെ ഭാഗമായി അഞ്ചാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള കുട്ടികൾക്കായി സിവിൽ സർവീസ് ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾക്ക് വിവിധ പഠനവിഷയങ്ങളുടെ പരിശീലനവുമായി ആൽഫ മരിയ അക്കാദമി.

പൊതുവിജ്ഞാനം, ആനുകാലിക ചോദ്യങ്ങൾ, ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഇന്ത്യൻ രാഷ്ട്രീയവും ഭരണഘടനയും, ജനറൽ സയൻസ്, ലോജിക്കൽ റീസണിങ്, മെന്റൽ എബിലിറ്റി, സോഫ്റ്റ് സ്കിൽ, പ്രസംഗം എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്.

ക്ലാസുകൾ എല്ലാ ശനിയാഴ്ച്ചകളിലും മറ്റു പൊതു അവധി ദിവസങ്ങളിലും വൈകിട്ട് ഏഴു മുതൽ എട്ടു വരെ. ഓൺലൈൻ പരീക്ഷയുടെയും തുടർന്നുവരുന്ന ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക്: 0495-2962180, 7907028758, 9946865818

# മതബോധന കേന്ദ്രം: ലൂമിന 2022 സംഘടിപ്പിച്ചു

**താമരശ്ശേരി:** വിശ്വാസ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'ലൂമിന' പ്രോഗ്രാം താമരശ്ശേരി, പെരിന്തൽമണ്ണ, വിലങ്ങാട് മേഖലകളിൽ സംഘടിപ്പിച്ചു. ടോമി പെരുവിലങ്ങാട്ട് (മരുതോങ്കര) ക്ലാസെടുത്തു. നൂബിൻ ചൂരപ്പൊയ്കയിൽ (വിലങ്ങാട്), ചിന്തു രാജ് (തിരുവമ്പാടി) ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

സെപ്റ്റംബർ നാലിന് മരുതോങ്കര മേഖലയിലും 11ന് മലപ്പുറം മേഖലയിലും 18ന് കോടഞ്ചേരി മേഖലയിലും 25ന് കരുവാരകുണ്ട് മേഖലയിലും ലൂമിന പ്രോഗ്രാം നടക്കും.

ഒക്ടോബർ എട്ടിന് മേഖലാതല പ്രതിഭാസംഗമവും 30ന് മതബോധന അർദ്ധവാർഷിക പരീക്ഷയും നടക്കുമെന്ന് വിശ്വാസ പരിശീലന കേന്ദ്രം ഡയറക്ടർ ഫാ. രാജേഷ് പള്ളിക്കാവയലിൽ അറിയിച്ചു.

## ജർമൻ ഭാഷാ പരിശീലനം

**കോഴിക്കോട്:** ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ ജർമൻ ഭാഷാ പരിശീലേത്തിന്റെ A1, A2 ബാച്ചുകൾ 2022 സെപ്റ്റംബർ 12ന് ചേവരമ്പലത്തുള്ള സ്റ്റാർട്ടിൽ ആരംഭിക്കുന്നു. ജർമൻ ഭാഷ പരിശീലനത്തിൽ മികച്ച് നിൽക്കുന്ന സൺറൈസ് താലന്ത് ഭാഷാ സ്കൂളിലെ അധ്യാപകരുടെ നേതൃത്വത്തിലാണ് പരിശീലനം. ജർമ്മനിയിൽ വിവിധ ജോലി സാധ്യതകൾ അനുസരിച്ചുള്ള പ്ലേസ്മെന്റ് അവസരങ്ങൾ നൽകുന്നു. പ്ലസ്ടുവോ, അടിസ്ഥാന യോഗ്യതയോ ഉള്ളവർക്കാണ് ജർമ്മൻ ഭാഷ പഠിക്കാനുള്ള അവസരം.
വിവരങ്ങൾക്ക്: **0495-2962180, 7907028758**

## അൽഫോൻസ ഗീതം

**തിരുവമ്പാടി:** അൽഫോൻസ കോളജിന്റെ ഔദ്യോഗിക ഗീതവും ആന്തവും റിലീസ് ചെയ്തു. അൽഫോൻസ ഡേയോടനുബന്ധിച്ച് നടന്ന ചടങ്ങിൽ മുഖ്യാതിഥി ഫാ. മാത്യു മാവേലിയാണ് ഔദ്യോഗിക ഗീതവും ആന്തവും റിലീസ് ചെയ്തത്. അൽഫോൻസ കോളജിന്റെ മധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയോടുള്ള മധ്യസ്ഥ പ്രാർത്ഥനയും ക്രിസ്തീയ സനാതന മൂല്യങ്ങളും ഉൾപ്പെടുന്നതാണ് ഒന്നര മിനിറ്റ് ആലാപന ദൈർഘ്യമുള്ള അൽഫോൻസ ഗീതം.

കോളജിന്റെ ആപ്ത വാക്യമായ 'സത്യത്തിന്റെ സാക്ഷികളാകുക' എന്ന സന്ദേശം ഉൾപ്പെടുത്തി ക്രിസ്തീയ ഭക്തിഗാന രചയിതാവും സംഗീത സംവിധായകനുമായ റവ. ഡോ. ചെറിയാൻ കുനിയന്തോടത്താണ് ഗീതത്തിന്റെ വരികൾ രചിച്ച് ചിട്ടപ്പെടുത്തിയത്.

2-ാം ചരമ വാർഷികം
(23 - 09 - 2022)



പൗളിൻ വർഗ്ഗീസ്
ചിറ്റിലപ്പിള്ളി, പെരിന്തൽമണ്ണ
Birth: 22-03-1958 Death: 23- 09-2020
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

13th DEATH ANNIVERSARY
(12-09-2022)
In ever loving memory of



JOHNY LUCIA
(AUGUSTINE JOSEPH)
PONNATH HOUSE, PERINTHALMANNA
Dob: 27-03-1961 Dod: 12-09-2009

10-ാം ചരമ വാർഷികം
(09-10-2022)



വർഗ്ഗീസ് കൊക്കപ്പുഴ
പെരിന്തൽമണ്ണ
(ജനനം: 18 -03 -1933 മരണം: 09 -10 -2012)
സന്തപ്ത കുടുംബാംഗങ്ങൾ

# ബേബി പെരുമാലിയുടെ മരണം: നിലച്ചത് മലയോരത്തിന്റെ ശബ്ദം

### മരണാനന്തര ബഹുമതിയായി സമുദായ കർമ്മ ശ്രേഷ്ഠ അവാർഡ്

താമരശ്ശേരി രൂപതയിലെ കാർഷിക കുടിയേറ്റ ഗ്രാമമായ തിരുവമ്പാടിയിൽ നിന്നും ശക്തനായ അൽമായ നേതാവായി വളർന്ന് സഭയ്ക്കും സമൂഹത്തിനുമായി നിസ്വാർത്ഥ സേവനം ചെയ്ത ബേബി പെരുമാലിൽ 2022 ആഗസ്റ്റ് ഒന്നിന് വാഹനാപകടത്തെത്തുടർന്ന് നിര്യാതനായി. കർഷകരുടെ സംരക്ഷണത്തിനും സമുദായത്തിന്റെയും സഭയുടെയും ഉന്നമനത്തിനുമായി ജീവിതം ഉഴിഞ്ഞുവെച്ച അദ്ദേഹത്തിന്റെ അവസാനയാത്രയും കർഷക പ്രസ്ഥാനമായ ഇൻഫാമിന്റെ സംസ്ഥാനതല സമ്മേളനത്തിനുവേണ്ടിയായത് ദൈവനിയോഗമാണ്.




കുടിയേറ്റകർഷകരായ പെരുമാലിൽ ദേവസ്യ – റോസമ്മ ദമ്പതികളുടെ അഞ്ച് മക്കളിൽ മൂത്ത മകനായി ജനിച്ച അദ്ദേഹം പഠനകാലം മുതൽ തന്നെ സഭയുടെ എല്ലാ സംഘടനകളിലും സജീവമായിരുന്നു. മതബോധന അധ്യാപകനായും ഇടവക കൈക്കാരനായും സജീവ സാന്നിധ്യമായിരുന്ന അദ്ദേഹം രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, ഇൻഫാമിന്റെ സ്ഥാപക നേതാക്കളിൽ ഒരാൾ, കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് എന്നീ നിലകളിലും ശ്രദ്ധേയമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. മികച്ച സംഘാടകനായിരുന്ന ബേബി കർഷക മുന്നേറ്റ സമരങ്ങളിലും സമുദായം നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾക്കും നേതൃത്വം നല്കി. കുടിയേറ്റജനതയുടെ സ്വപ്നങ്ങൾ തല്ലിത്തകർത്ത് നടപ്പാക്കാൻ ശ്രമിച്ച കസ്തൂരിരംഗൻ – ഗാഡ്ഗിൽ റിപ്പോർട്ടുകളുടെ കാണാക്കുരുക്കുകൾ തിരിച്ചറിഞ്ഞ്, അതിനെതിരേ കുടിയേറ്റ ജനതയെ ബോധവത്ക്കരിക്കാനും രാഷ്ട്രീയത്തിനും മതത്തിനും അതീതമായി അവരെ അണിനിരത്താനും കേരളത്തിലങ്ങോളമിങ്ങോളം അദ്ദേഹം യാത്രചെയ്തു. ഇൻഫാം സംസ്ഥാന ജനറൽ സെക്രട്ടറിയെന്ന നിലയിൽ തിരുവനന്തപുരത്തും ഡൽഹിയിലും മന്ത്രിമാരെ കാണാനും കുടിയേറ്റക്കാരുടെ ആവശ്യങ്ങളും നിലപാടുകളും വളരെ കൃത്യതയോടെ അവതരിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ഈയടുത്ത കാലത്ത് ഉയർന്നുവന്ന ബഫർസോൺ വിഷയത്തിലും കുടിയേറ്റ ജനതയുടെ സ്വരം ഭരണകൂടത്തിലെത്തിക്കാൻ കർഷക ജനതയുടെ മുന്നണിപ്പോരാളിയായി ബേബി ഉണ്ടായിരുന്നു. താമരശ്ശേരി രൂപതയുടെ അക്ഷര കമ്മ്യൂണിക്കേഷന്റെ പ്രഥമ നാടകമായ പ്രണയ മന്ത്രത്തിന്റെ അരങ്ങിലും അണിയറയിലും അദ്ദേഹം സജീവമായിരുന്നു.

കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത പ്രസിഡന്റ്, കത്തോലിക്ക കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ്, ഗ്ലോബൽ സെക്രട്ടറി, രാഷ്ട്രീയ കാര്യ സമിതി അംഗം തുടങ്ങി നിരവധി മേഖലകളിൽ സഭയ്ക്കും സമുദായത്തിനും വേണ്ടി നിസ്വാർത്ഥമായി ബേബി പെരുമാലിൽ നൽകിയിട്ടുള്ള സേവനങ്ങൾ പരിഗണിച്ചാണ് കത്തോലിക്ക കോൺഗ്രസ് ഏർപ്പെടുത്തിയ സീറോ മലബാർ സമുദായ കർമ്മ ശ്രേഷ്ഠ അവാർഡ് മരണാനന്തര ബഹുമതിയായി അദ്ദേഹത്തിന് സമ്മാനിക്കുന്നത്. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി അഞ്ച് ലക്ഷം രൂപയും ഫലകവുമാണ് മരണാനന്തര ബഹുമതിയായി നൽകുന്നത്. അവാർഡ് പ്രഖ്യാപനം ബേബി പെരുമാലിൽ അനുസ്മരണ സമ്മേളനത്തിൽ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവ്വഹിച്ചു. ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം അധ്യക്ഷത വഹിച്ച അനുസ്മരണ സമ്മേളനത്തിൽ സുപ്രീം കോടതി മുൻ ജഡ്ജ് ജസ്റ്റിസ് കുര്യൻ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ബിഷപ് ലെഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഭാര്യ: സാലി. മക്കൾ: സോണിയ, ഡാനിയ, ജൂലിയ

# പ്രേക്ഷക പ്രശംസ നേടി 'സ്വാതന്ത്ര്യത്തിന്റെ സ്മൃതിചിത്രങ്ങൾ'

**തിരുവമ്പാടി:** ഭാരത സ്വാതന്ത്ര്യത്തിന്റെ എഴുപത്തയഞ്ചാം വാർഷികത്തോടനുബന്ധിച്ച് അൽഫോൻസ കോളജിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാനപ്പെട്ട മുഹൂർത്തങ്ങളെ ആസ്പദമാക്കി സംഗീത–നൃത്ത–നാടക ദൃശ്യാവിഷ്ക്കാരം അരങ്ങേറി.

ഒന്നാം സ്വാതന്ത്ര്യ സമരത്തിലെ ശിപായിലഹളയിൽ ആരംഭിച്ച്, ജാലിയൻ വാലാബാഗ്, ഭഗത് സിങ്, ക്വിറ്റ് ഇന്ത്യാ സമരം, ദണ്ഡി മാർച്ച് മുതലായ വിവിധ സ്വാതന്ത്ര്യ സമര സന്ദർഭങ്ങളിലൂടെ കടന്നുപോകുന്ന ദൃശ്യാവിഷ്കാരത്തിൽ കോളജിലെ അമ്പത് വിദ്യാർത്ഥികളാണ് വേഷമിട്ടത്.

അൽഫോൻസ കോളജിലെ അധ്യാപകനും നാടക പ്രവർത്തകനും ജനചേതന കലാ സാംസ്കാരിക പഠനകേന്ദ്രം ഡയറക്ടറുമായ ഡോ. ജെയിംസ് പോളാണ് 'സ്വാതന്ത്ര്യത്തിന്റെ സ്മൃതിചിത്രങ്ങൾ' എന്ന ഈ സംഗീതനൃത്തനാടകത്തിന്റെ രചനയും സംവിധാനവും നിർവ്വഹിച്ചത്. കോളജ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ രക്ഷിതാക്കളും സമീപവാസികളും പങ്കെടുത്തു.

ALPHONSA COLLEGE
THIRUVAMBADY

സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന ആസാദികാ അമൃത് മഹോത്സവിന്റെ ഭാഗമായി സമീപ പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുഇടങ്ങളിലും ക്ഷണിക്കപ്പെട്ട സദസ്സിലും ഈ പരിപാടി അവതരിപ്പിക്കുന്നുണ്ട്.

കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി കോഴിക്കോട്ബീച്ചിൽ ആഗസ്റ്റ് 14ന് 'ഫ്രീഡം ഈവ്' എന്ന പേരിൽ നടന്ന പരിപാടിയിൽ കാമ്പസ് ഓഫ് കോഴിക്കോടിന്റെ പ്രവർത്തനമായി 'സ്വാതന്ത്ര്യത്തിന്റെ സ്മൃതി ചിത്രങ്ങൾ' അവതരിപ്പിച്ചു. പ്രസ്തുത പരിപാടി ജില്ലാ കലക്ടറുടെയും നൂറുകണക്കിന് ആളുകളുടെയും പ്രശംസ പിടിച്ചുപറ്റി






## 1–ാം ചരമവാർഷികം

12–09–2022



**വിൽസൺ (ജോസഫ്)**

പടിഞ്ഞാറേക്കര

വെറ്റിലപ്പാറ

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## 1–ാം ചരമ വാർഷികം

10–09–2022



**കുര്യാച്ചൻ റ്റി.ജെ.**

തറക്കുന്നേൽ, മരുതോങ്കര

ജനനം: 23–04–1965 മരണം: 10–09–2021

"സ്വർഗ്ഗീയ ഭവനത്തിൽ നാം ഒരുമിക്കുവോളം
നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നേയും ഓർക്കണമേ"

ആത്മശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട്
തറക്കുന്നേൽ ഫാമിലി

## ആദരാഞ്ജലികൾ



**ബേബി പെരുമാലിൽ**

തിരുവമ്പാടി

പ്രാർത്ഥനയോടെ,
മലബാർ വിഷൻ & അക്ഷര കമ്മ്യൂണിക്കേഷൻ

# കള്ളനെ സ്നേഹിച്ച രാജാവ്

## കുട്ടീസ് കോർണർ

സിസ്റ്റർ എമിൽ FCC

ഇംഗ്ലണ്ടിലെ ചരിത്രത്തിലെ വിഖ്യാതരായ രാജാക്കന്മാരിൽ ഒരാളായിരുന്നു എഡ്വേർഡ്. അദ്ദേഹത്തിന്റെ ഭരണകാലത്ത് രാജ്യമെങ്ങും സമാധാനവും ഐശ്വര്യവും നടമാടിയിരുന്നു. രാജ്യത്തിൽ സത്യവും നീതിയും ഭരണം നടത്തി. എന്തു കാര്യത്തിലും ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് അദ്ദേഹം അതു സത്യത്തിനും നീതിക്കും നിരക്കുന്നതാണോ എന്നു സസൂക്ഷ്മം പരിശോധിച്ചതിന് ശേഷമേ നടപ്പിലാക്കിയിരുന്നുള്ളൂ.

എഡ്വേർഡിന്റെ രാജകൊട്ടാരത്തിൽ ധാരാളം ഭൃത്യന്മാരും കാര്യസ്ഥന്മാരും സേവകരും ഉണ്ടായിരുന്നു. അവരെ രാജാവ് സ്വന്തം ആളുകളെപോലെ കരുതി പെരുമാറുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അവരോട് ഒരിക്കലും അനീതിയോ അനിഷ്ടമോ അദ്ദേഹം പ്രദർശിപ്പിച്ചിരുന്നില്ല. രാജകൊട്ടാരത്തിലെ താഴ്ന്ന ജോലിക്കാർ മുതൽ മന്ത്രിവരെയുള്ളവരെപ്പോലും സ്വന്തം സഹോദരന്മാരെപ്പോലെയാണ് അദ്ദേഹം കണക്കാക്കിയിരുന്നത്. അവിടെ ആർക്കും ഒരു വേർതിരിവും ഉണ്ടായിരുന്നില്ല. എല്ലാവരും വളരെ ഐക്യത്തോടും സന്തോഷത്തോടും കൂടി അവിടെ കഴിഞ്ഞിരുന്നു.

ഒരു ദിവസം രാത്രി രാജാവിന് ഉറക്കം വന്നില്ല. പാലൊളി ചന്ദ്രികയുടെ തൂവെളിച്ചം പാരിലെങ്ങും പരന്നിരുന്നു. രാജകൊട്ടാരവും പരിസരവുമെല്ലാം നിദ്രയുടെ ഗാഢാലിംഗനത്തിൽ ആഴ്ന്നു കിടക്കുകയാണ്. കൊട്ടാരവും കൊട്ടാരവാസികളും ഒരു പോലെ ഉറക്കം പിടിച്ച രാത്രി. എങ്ങും രാത്രിയുടെ കനത്ത നിശബ്ദത മാത്രം.



എഡ്വേർഡ് രാജാവ് മെല്ലെ കൊട്ടാരവരാന്തയിലൂടെ കൈയ്യും പിന്നിൽകെട്ടി ഉലാത്തിക്കൊണ്ടിരുന്നു. നേരിയ തണുത്ത കാറ്റ് വീശുന്നുണ്ട്. വിശാലമായ കൊട്ടാരവരാന്തയിൽ നിന്നു രാജാവ് മെല്ലെ ഒരു ഇടവഴിയിലേക്കു തിരിഞ്ഞു. അങ്ങനെ നീങ്ങവേ പൊടുന്നനെ ആ കാഴ്ച്ച കണ്ട് രാജാവ് ഒരു നിമിഷം അത്ഭുതസ്തംബ്ധനായി നിന്നു പോയി. ഇടവഴിയിലേക്ക് എവിടെ നിന്നോ ഒരു നുറുങ്ങുവെട്ടം ഒഴുകിയെത്തുന്നു. രാജാവ് അങ്ങോട്ടുതന്നെ സൂക്ഷിച്ചു നോക്കി നിശ്ചലനായി നിന്നു. അപ്പോഴാണ് വെളിച്ചത്തിന്റെ ഉറവിടം എവിടെ നിന്നാണെന്ന് രാജാവിന് ബോധ്യമായത്. അപ്പോൾ രാജാവിന്റെ ഞെട്ടൽ ഒന്നുകൂടി ശക്തിയിലായി.

താനെന്താണീ കാണുന്നത് കൊട്ടാരത്തിലെ പണവും സ്വർണ്ണവുമെല്ലാം സൂക്ഷിച്ചിരിക്കുന്ന മുറിയിൽ നിന്നാണ് വെളിച്ചംവരുന്നത്. രാജാവ് അങ്ങോട്ടുതന്നെ ഉറ്റുനോക്കി. ആ മുറിയിൽ ഇപ്പോൾ ആരും പ്രവേശിക്കേണ്ട കാര്യമില്ല. ഈ രാത്രിയിൽ മുറിയിൽ കയറിയവൻ ആരായാലും ഒരു കള്ളൻ തന്നെയാണെന്ന് രാജാവ് തീരുമാനിച്ചു.

രാജാവ് ശബ്ദമുണ്ടാക്കാതെ ആ മുറിയോടു ചേർന്നുനിന്നു. ആരാണ് മോഷ്ടാവ് എന്നറിയാനായിരുന്നു അത്. രാജാവ് ശ്വാസമടക്കി അയാളെ ശ്രദ്ധിച്ചു. ആപ്പോഴാണ് ആളെ മനസിലായത്. കൊട്ടാരത്തിലെ ഒരു സേവകനായിരുന്നു അത്.

രാജാവ് പെട്ടെന്ന് മുറിക്കകത്തേക്ക് കയറിച്ചെന്നു. രാജാവിനെ കണ്ട് സേവകൻ ഇടിവെട്ടേറ്റതുപോലെ ഞെട്ടിത്തരിച്ചുപോയി. കുറേനേരത്തേക്ക് ഭയംകൊണ്ട് അയാൾക്ക് നിന്നനിൽപ്പിൽ നിന്നു ചലിക്കാൻ പോലും കഴിഞ്ഞില്ല. അടുത്ത നിമിഷം തന്നെ അയാൾക്ക് ബോധം തിരിച്ചുവന്നു. പെട്ടെന്ന് അയാൾക്ക് തന്റെ തെറ്റിന്റെ കാഠിന്യം ഓർമ്മവന്നു.

"തിരുമേനി അടിയനോട് ക്ഷമിക്കണം എന്റെ ദാരിദ്ര്യം കൊണ്ട് ഞാൻ ഇങ്ങനെ ചെയ്തുപോയതാണ്. എന്റെ ഭാര്യയും കുട്ടിയും രോഗം ബാധിച്ച് കിടപ്പിലാണ്. പണമില്ലത്തതുകൊണ്ട് അവർക്ക് മരുന്ന് വാങ്ങുവാൻ പോലും കഴിയാതെ അടിയൻ വിഷമിക്കുകയാണ്. എന്റെ ഈ തെറ്റിന് അങ്ങു മാപ്പു തരണം." രാജാവിന്റെ കാൽക്കൽ വീണ് അയാൾ കരഞ്ഞപേക്ഷിച്ചു.

അയാളുടെ ദാരിദ്ര്യത്തെക്കുറിച്ച് ഓർക്കുകയും പശ്ചാത്താപത്തോടെയുള്ള കരച്ചിൽ കേൾക്കുകയും ചെയ്തപ്പോൾ രാജാവിന്റെ മനസ്സലിഞ്ഞു. രാജാവ് വളരെ സൗമ്യമായി അയാളോടു പറഞ്ഞു: "വാസ്തവത്തിൽ എന്നെക്കാൾ പണത്തിനും സ്വർണ്ണത്തിനും ആവശ്യം നിനക്കാണ്. അതിനാൽ നീ പണവും സ്വർണ്ണവും എടുത്തുകൊള്ളു. നിന്റെ ദാരിദ്ര്യവും ബുദ്ധിമുട്ടും നമുക്ക് മനസ്സിലാകുന്നുണ്ട്."

രാജാവിന്റെ വാക്കുകൾ ഒരു നിമിഷം വിശ്വസിക്കാൻ അയാളുടെ കാതുകൾക്ക് കഴിഞ്ഞില്ല. താൻ എന്താണീ കേൾക്കുന്നത്? രാജാവിന്റെ സ്വർണ്ണവും പണവും മോഷ്ടിക്കാൻ തയ്യാറായ തന്നോട് രാജാവ് ഇത്രമാത്രം സ്നേഹത്തോടെ പെരുമാറുകയോ?

അയാൾ വിറയലോടെ രാജാവിനോടു പറഞ്ഞു: "ഞാൻ അങ്ങേയ്ക്ക് എതിരായി തെറ്റു ചെയ്തു. എന്നിട്ടും അങ്ങ് എന്നെ സ്നേഹിക്കുന്നുവോ?"

രാജാവ് അയാളെ തലോടിക്കൊണ്ട് പറഞ്ഞു: "എന്റെ സ്നേഹത്തിന് നീ ഇപ്പോഴും അർഹനാണ്."

അയാൾ മോഷ്ടിച്ച സ്വർണ്ണവും പണവും രാജാവ് അയാൾക്കു തന്നെ കൊടുത്തു. രാജാവിന്റെ സ്നേഹത്തിൽ താൻ ഉരുകിയൊഴുകുന്നതുപോലെ അയാൾക്കു തോന്നി.

ഈ രാജാവ് പിന്നീട് വിശുദ്ധനായി ത്തീർന്നു. വിശുദ്ധ എഡ്വേർഡ് രാജാവ്. ആയിരങ്ങൾ അദ്ദേഹത്തെ വണങ്ങുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

5-ാം ചരമവാർഷികം
(15-08-2022)



ജോസഫ് പുത്തൻമാനയിൽ
സെന്റ് ആന്റണീസ് ചർച്ച് കുണ്ടായിത്തോട്
പ്രാർത്ഥനയോടെ,
ഭാര്യ- എസ്. ലീല, മക്കൾ- രഞ്ജന, രഞ്ജിത്ത്, രഞ്ജീവ്
മരുമക്കൾ- സുനിൽ ഡേവിഡ്, സിന്ധു, സബിത ചെറിയാൻ
& കൊച്ചുമക്കൾ

3-ാം ചരമവാർഷികം
14-09-2022



മറിയാമ്മ ജോസഫ്
കല്ലിടുക്കിൽ, വേനപ്പാറ
ജനനം: 18-01-1934 മരണം: 14-09-2019
പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

ഉപകാരസ്മരണ



ഒരു വിശ്വാസി- പടത്തുകടവ്

വീട്ടിലിരുന്നും മലബാർ വിഷനിൽ പരസ്യം നൽകാം

● ജന്മദിനം ● വിവാഹം ● വിവാഹവാർഷികം ● ആദരാഞ്ജലികൾ ● മാമ്മോദീസ ● കുർബാന സ്വീകരണം

പരസ്യങ്ങൾ വാട്സാപ് വഴി നൽകുവാനുള്ള സൗകര്യം മലബാർ വിഷൻ ഒരുക്കുന്നു. ഓഫീസിലേക്കു വരാതെ തന്നെ വായനക്കാർക്കു നിമിഷനേരം കൊണ്ട് തങ്ങളുടെ പരസ്യങ്ങൾ മലബാർ വിഷനിൽ പ്രസിദ്ധീകരണത്തിനായി നൽകാം. ആദരാഞ്ജലികൾ, വിവാഹ ആശംസ, വിവാഹവാർഷികം, വിവാഹവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, ജന്മദിന ആശംസകൾ തുടങ്ങിയ പേഴ്സണൽ പരസ്യങ്ങളാണ് വാട്സാപ്പ് വഴി നൽകാവുന്നത്.

വിവരങ്ങൾക്ക്: 9497564558, 9745967733 വാട്സാപ്പ്: 9744995553

# അധ്യാപികയുടെ കൃഷിപ്പെരുമയ്ക്ക് ദേശീയ പുരസ്ക്കാരം

**ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യായ അന്ത്യോദയ ദേശീയ പുരസ്ക്കാരം നേടി നാടിന് അഭിമാനമായ അധ്യാപികയും കർഷകയുമായ ബിന്ദു ജോസഫ് വിജയകഥ പങ്കുവയ്ക്കുന്നു**



ജിൽസൺ ജോസ്

കാർഷക കുടുംബത്തിലാണ് ജനിച്ചതെങ്കിലും കൃഷിയോട് പ്രണയവും മമതയും തോന്നാതിരുന്ന ബാല്യകൗമാരങ്ങൾ. വിവാഹശേഷം ഭർത്താവിൽ നിന്നും അവരുടെ അമ്മയിൽ നിന്നും പകർന്നു കിട്ടിയ കൃഷി പാഠങ്ങൾ കാർഷിക രംഗത്ത് അവരെ സജീവമാക്കി. പിന്നീട് അവർ മികച്ചൊരു കർഷകയായി. മികവിന് ബഹുമതിയെന്നോണം ദേശീയ പുരസ്ക്കാരവും അവരെ തേടിയെത്തി. പടത്തുകടവ് രണ്ടുപ്ലാക്കൽ ജോജോ ജേക്കബിന്റെ ഭാര്യയും അധ്യാപികയുമായ ബിന്ദു ജോസഫാണ് ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യായ അന്ത്യോദയ ദേശീയ പുരസ്ക്കാരം നേടി നാടിന് അഭിമാനമായത്. അധ്യാപനവും കൃഷിയും വ്ളോഗിങ്ങുമെല്ലാം ഒരുമിച്ചു കൊണ്ടുപോകുന്ന ബിന്ദു ജോസഫ് വിജയകഥ പറയുന്നു:

### പ്രചോദനം ഭർത്താവും അമ്മയും

പത്താം ക്ലാസ് കഴിഞ്ഞതു മുതൽ ഹോസ്റ്റലുകളിൽ നിന്നുകൊണ്ടായിരുന്നു പഠനം. എക്കണോമിക്സിൽ ബിരുദം ബിരുദാനന്തര ബിരുദം പൂർത്തിയാക്കി. തുടർന്നായിരുന്നു വിവാഹം. ഭർത്താവ് ജോജോ കൃഷിക്കാരനാണ്. ജോജോയുടെ കുടുംബത്തിൽ എട്ടു പെൺമക്കളടക്കം 11 പേരുണ്ട്. ഭർത്താവിന്റെ അമ്മ ത്രേസ്യാമ്മ നല്ലൊരു കർഷകയായിരുന്നു. രാവിലെ 6.30ന് പറമ്പിലേക്ക് ഇറങ്ങിയാൽ തിരികെ വീട്ടിലേക്ക് എത്തുന്നത് വൈകിട്ട് ആറു മണി കഴിയുമ്പോഴാണ്. ഇരുവരുമാണ് എന്റെ പ്രചോദനം.

ഒരു പണിയും ഇല്ലാത്തവർക്ക് പറയാനൊരു പണി എന്നതായിരുന്നു കൃഷിയെക്കുറിച്ച് അന്നുവരെയുള്ള എന്റെ ധാരണ. അത് തെറ്റായിരുന്നു എന്ന് മനസ്സിലാക്കിയത് രണ്ടുപ്ലാക്കൽ വീട്ടിൽ വന്നതോടെയാണ്.

### രണ്ടുപ്ലാക്കൽ നഴ്സറി

പേരാമ്പ്ര കടിയങ്ങാടിനടുത്ത് വീടിനോട് ചേർന്നുള്ള 36 സെന്റ് സ്ഥലത്താണ് രണ്ടുപ്ലാക്കൽ നഴ്സറി. പറമ്പിൽ മീൻതുള്ളി പുഴയുടെ തീരത്തുള്ള മൂന്നേ മുക്കാൽ ഏക്കറിലാണ് മറ്റു കൃഷികൾ. ദേശീയ കർഷക അവാർഡ് ജേതാവായ ജോജോയാണ് നഴ്സറിയിലെയും കൃഷിയിടത്തിലേയും അനുദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഭർത്താവിന് മികച്ച പിന്തുണയുമായി തോളോടു തോൾ ചേർന്ന് ബിന്ദുവും.

കുറ്റ്യാടി തെങ്ങ്, കുറ്റിക്കുരുമുളക്, ബഡ്ഡ് ചെയ്ത റമ്പൂട്ടാൻ, ലെയറിങ്ങ് ചെയ്ത ചാമ്പ, ഗ്രാഫ്റ്റ് ചെയ്ത ബോഗൺ വില്ലകൾ എന്നിവയാണ് ഇപ്പോൾ നഴ്സറിയിൽ വിൽക്കുന്നത്. തെങ്ങ്, കവുങ്ങ്, റബർ, ജാതി എന്നിവയ്ക്ക് പുറമെ അമ്പത് സെന്റിൽ പഴവർഗ്ഗങ്ങൾ മാത്രം കൃഷി ചെയ്യുന്നു. വ്യത്യസ്ത ഇനം മാവുകൾ, പ്ലാവുകൾ, റമ്പൂട്ടാൻ, അബിയു, സാന്തോൾ, സ്റ്റാർ ഫ്രൂട്ട് എന്നിവയാണ് ഇവർ കൃഷി ചെയ്യുന്ന പഴവർഗ്ഗങ്ങൾ.



ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യായ അന്ത്യോദയ ദേശീയ പുരസ്ക്കാരം കേന്ദ്ര കൃഷി മന്ത്രി നരേന്ദ്ര സിങ് തോമറിൽ നിന്ന് ബിന്ദു ജോസഫ് ഏറ്റുവാങ്ങുന്നു

### പുരസ്ക്കാര വഴി

പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ (കെവികെ) കൃഷി പഠനത്തിനും പരിശീലനത്തിനും എത്തുന്ന കർഷകരും ഉദ്യോഗസ്ഥരും രണ്ടുപ്ലാക്കൽ നഴ്സറിയും അവിടുത്തെ കൃഷി രീതികളും കാണാതെ പോകാറില്ല. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ മോഡൽ ഫാമാണിത്. കഴിഞ്ഞ വർഷം കെവികെ സന്ദർശിക്കാനെത്തിയ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡയറക്ടർ ജനറൽ ഡോ. വെങ്കിട്ട സുബ്രമണ്യവും രണ്ടുപ്ലാക്കൽ നഴ്സറിയിലെത്തി. കാർഷിക രംഗത്തെ ബിന്ദുവിന്റെ ഇടപെടലുകൾ അദ്ദേഹത്തെ ആകർഷിച്ചു. വർഷാവർഷം അഖിലേന്ത്യാതലത്തിൽ നടക്കാറുള്ള സെമിനാറിലേക്ക് അദ്ദേഹം ബിന്ദുവിനെ ക്ഷണിച്ചു. കോവിഡ് പ്രതിസന്ധികൾ മൂലം ഓൺലൈനായാണ് സെമിനാർ നടന്നത്. കാർഷികരംഗത്തെ തന്റെ പ്രവർത്തനങ്ങൾ പവർ പോയിന്റ് പ്രസന്റേഷനിലൂടെ ബിന്ദു അവതരിപ്പിച്ചു. പിന്നീട് ഐഐഎസ്ആർ ഉദ്യോഗസ്ഥർ രണ്ടുപ്ലാക്കൽ നഴ്സറി സന്ദർശിക്കുകയും ദേശീയ പുരസ്ക്കാരത്തിനായി നാമനിർദ്ദേശം ചെയ്യുകയുമായിരുന്നു.

കൃഷി, അധ്യാപനം, കർഷക പരിശീലന ക്ലാസുകൾ, വ്ളോഗിങ്, കാർഷിക വിദ്യാർത്ഥികൾക്ക് പ്രൊജക്ട് ചെയ്യാൻ നൽകുന്ന സഹായം എന്നീ അഞ്ച് മേഖലകൾ പരിഗണിച്ചാണ് അവാർഡ് ലഭിച്ചത്.



ജോജോയും ഭാര്യ ബിന്ദുവും

### ടെക് ഫ്ളോറ യൂട്യൂബ് ചാനൽ

പലതരം കൃഷി രീതികളും കൃഷി അറിവുകളും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ് ടെക് ഫ്ളോറ യൂട്യൂബ് ചാനൽ ബിന്ദു തുടങ്ങുന്നത്. ഒരു ലക്ഷത്തിനടുത്ത് സബ്സ്ക്രൈബേഴ്സ് ചാനലിനുണ്ട്. "ഇവിടെ ഡെമോ കാണാനായി എത്തിയവരിൽ പലരും പറഞ്ഞാണ് യൂട്യൂബ് ചാനൽ തുടങ്ങുന്നത്. ലോക്ഡൗൺ കാലത്തായിരുന്നു അത്. ഇപ്പോൾ നൂറിലധികം വീഡിയോകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. രണ്ടു വർഷമായി അതിൽ നിന്നും വരുമാനം ലഭിക്കുന്നുമുണ്ട്" – ബിന്ദു പറയുന്നു.

"കൃഷിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുക, കുട്ടികൾക്ക് കൃഷിയുടെ മഹത്വം പറഞ്ഞുകൊടുക്കുകയെന്നതൊക്കെയാണ് എന്റെ ലക്ഷ്യം. പെരുവണ്ണാമൂഴി കെവികെയിൽ നിന്ന് പരിശീലനം നേടുന്ന കർഷകരെ ഡെമൊ കാണിക്കാനായി

> **"നഴ്സറിയിൽ പരിശീലനത്തിനായി എത്തിയവരിൽ പലരും പറഞ്ഞാണ് യുട്യൂബ് ചാനൽ തുടങ്ങുന്നത്. ലോക്ഡൗൺ കാലത്തായിരുന്നു അത്. ഇപ്പോൾ നൂറിലധികം വീഡിയോകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. രണ്ടു വർഷമായി അതിൽ നിന്നും വരുമാനം ലഭിക്കുന്നുമുണ്ട്"**
>
> **– ബിന്ദു ജോസഫ്**

ടെക് ഫ്ളോറ യൂട്യൂബ് ചാനൽ സന്ദർശിക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക

കൊണ്ടുവരുന്നത് ഞങ്ങളുടെ കൃഷിയിടത്തിലേക്കാണ്. ലെയറിങ് ബഡ്ഡിങ്, ഗ്രാഫ്റ്റിങ് തുടങ്ങിയവയൊക്കെ അവർക്കായി വിശദീകരിച്ചുകൊടുക്കും. കോഴിക്കോട്ടെ അഗ്രിക്കൾച്ചറൽ ട്രെയ്നിങ് സെന്ററിൽ പരിശീലനം നൽകാറുണ്ട്. കൂടാതെ ഹയർ സെക്കൻഡറി സ്കൂളുകളിൽ കൃഷി സംബന്ധമായ ക്ലാസുകൾ നൽകുന്നുണ്ട്" – ബിന്ദു കൂട്ടിച്ചേർത്തു.

### എല്ലാറ്റിനും സമയമുണ്ട്

വീട്ടുപണികളും അധ്യാപനവുമൊക്കെയായി തിരക്കിനിടയിൽ കൃഷിക്ക് എപ്പോൾ സമയം എന്നു ചോദിച്ചാൽ കൃത്യമായ ഉത്തരമുണ്ട് ബിന്ദുവിന്: "ഓരോ ദിവസവും വ്യക്തമായ പ്ലാനിങ്ങിലൂടെയാണ് സമയത്തെ വരുതിയിലാക്കുന്നത്. എന്റെ ദിവസം തുടങ്ങുന്നത് ഓൺലൈൻ കുർബാന കണ്ടുകൊണ്ടാണ്. അന്നത്തെ എല്ലാക്കാര്യങ്ങളും കുർബാനയിൽ സമർപ്പിച്ച് പ്രാർത്ഥിക്കും. അന്ന് ഞാൻ പ്ലാൻ ചെയ്ത കാര്യങ്ങളെല്ലാം വിജയകരമായി പൂർത്തിയാക്കാൻ അതിലൂടെ എനിക്ക് സാധിക്കുന്നു. അതാണ് പിൻബലം."

### കൃഷി നഷ്ടമല്ല

തൊഴിലാളികളെ കൂടുതൽ ആശ്രയിക്കുമ്പോഴാണ് കൃഷി നഷ്ടമാകുന്നത്. കുടുംബാംഗങ്ങൾ ഒരു ടീമായി കൃഷിയെ സമീപിച്ചാൽ വിജയം കൊയ്യാമെന്നത് എന്റെ അനുഭവം. കൃഷി കുടുംബകാര്യമാക്കണം. കുട്ടിയെ വളർത്തുന്ന കരുതലോടെ വേണം തൈകൾ നട്ടുവളർത്താൻ. കൃഷി എളുപ്പമാക്കുന്ന മെഷീനുകൾ ഇന്ന് വിപണിയിലുണ്ട്. സർക്കാർ സബ്സിഡിയോടെ അത് വാങ്ങാനും കഴിയും.

### പ്രഥമ പരിഗണന കർഷകന്

"ഒരാൾ ജനിച്ചതു മുതൽ മരണം വരെ കൃഷിക്കാരനെ ആശ്രയിച്ചേ കഴിയാനാകൂ. മറ്റ് ഏതൊരു പ്രഫഷനും ചുരുങ്ങിയ കാലത്തേക്ക് ആശ്രയിച്ചാൽ മതി. ഇന്റർനെറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഭക്ഷിക്കാൻ കഴിയുന്ന കാലത്തു മാത്രമേ കർഷകന്റെ പ്രാധാന്യം കുറയുകയുള്ളൂ.

ഏതൊരു വിഭാഗത്തെ സംരക്ഷിക്കുന്നതിലും കൂടുതലായി സർക്കാരുകൾ കൃഷിക്കാരെ സംരക്ഷിക്കണം. മനുഷ്യന്റെ നിലനിൽപ്പിനു കാരണക്കാരാണ് കൃഷിക്കാർ. വന്യമൃഗ ശല്യം അടക്കമുള്ള കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ആത്മാർത്ഥമായി പരിഹാരം കാണാൻ സർക്കാരുകൾക്കാകണം. എങ്കിൽ മാത്രമേ കൃഷി അടുത്ത തലമുറയിലേക്ക് പകർന്നുകൊടുക്കാനാകൂ.

സർക്കാർ പദ്ധതികളിൽ പലതും താഴേ തട്ടിലുള്ള കർഷകരുടെ അടുക്കലേക്ക് എത്തുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ സമ്മർദ്ദം ചെലുത്തി പദ്ധതികൾ താഴേ തട്ടിലേക്ക് എത്തിക്കുവാൻ സർക്കാരുകൾക്കാകണം. അതാത് പ്രദേശങ്ങളിലെ ജനപ്രതിനിധികളും കർഷകർക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി അവരുടെ പ്രശ്നങ്ങളിൽ ശക്തമായി ഇടപെടണം." ബിന്ദു പറയുന്നു.

ചുണ്ടയിൽ ഒലിവുമല കരുതയിൽ ജോസഫ് – മേരി ദമ്പതികളുടെ മകളാണ് ബിന്ദു. മക്കൾ – ഇഷാൻ പ്ലസ്ടു കഴിഞ്ഞ് എൻട്രൻസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു. എമിലിയോ പ്ലസ് വൺ വിദ്യാർത്ഥി.

ഫോൺ: *9847243234*

# ആരാണ് മെത്രാന്മാരെ നിയമിക്കുന്നത്?



**ചോദ്യം ഉത്തരം**

**റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ**

**?** കഴിഞ്ഞ മാസം സീറോമലബാർസഭയുടെ സിനഡിനുശേഷം മൂന്നു പുതിയ മെത്രാന്മാരെ മേജർ ആർച്ചുബിഷപ്പ് നിയമിച്ചതായി അറിഞ്ഞു. ലത്തീൻസഭയിലെ മെത്രാന്മാരെ മാർപാപ്പ നിയമിക്കുന്നു എന്നാണല്ലോ പറയുന്നത്. ഇതിലെ വ്യത്യാസം എന്താണ്? ഒന്നു വിശദീകരിക്കാമോ?

**● കുര്യൻ മാത്യു, പുല്ലൂരാംപാറ**

മെത്രാന്മാരുടെ നിയമനവുമായി ബന്ധപ്പെട്ട ചോദ്യം കാലിക പ്രസക്തമാണ്. ലത്തീൻ സഭയിലും സീറോമലബാർസഭയിലും സീറോമലങ്കരസഭയിലും ഈ കഴിഞ്ഞ മാസങ്ങളിൽ പുതിയ മെത്രാന്മാർ നിയമിതരായിട്ടുണ്ട്. മെത്രാന്മാരുടെ നിയമനം സംബന്ധിച്ചു ലത്തീൻ സഭയിലും പൗരസ്ത്യസഭകളിലും വ്യത്യസ്തമായ നടപടിക്രമങ്ങളാണ് നിലവിലുള്ളത് എന്ന സൂചന ചോദ്യത്തിൽത്തന്നെയുണ്ട്. ലത്തീൻസഭയിലെയും പൗരസ്ത്യസഭകളിലെയും വ്യത്യസ്തമായ നടപടിക്രമങ്ങൾ പരിചയപ്പെടുത്തുന്നതിലൂടെ ചോദ്യത്തിനുള്ള ഉത്തരം നൽകാമെന്നു കരുതുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് മെത്രാന്മാർ ക്രിസ്തുവിന്റെ വികാരിമാരും പ്രതിനിധികളുമാണെന്നാണ്. ക്രിസ്തുവിന്റെ നാമത്തിലാണ് ഒരു മെത്രാൻ തന്റെ രൂപതയെ നയിക്കുന്നത് (CCEO c.178). മെത്രാന്മാർ ദൈവകൽപ്പിതമായി പരിശുദ്ധാത്മാവിലൂടെ അപ്പസ്തോലന്മാരുടെ പിൻഗാമികളാണ് (CIC C.375 §1) ഇത്രമാത്രം പ്രാധാന്യമുള്ള മെത്രാൻ സ്ഥാനത്തേയ്ക്ക് ഒരു വ്യക്തി നിയമിക്കപ്പെടുന്നതു സഭാനിയമം വ്യക്തമായി നിശ്ചയിച്ചിട്ടുള്ള നടപടിക്രമം പാലിച്ചുകൊണ്ടാണ്. മെത്രാൻസ്ഥാനത്തേക്കു പരിഗണിക്കപ്പെടുന്ന ഒരു വ്യക്തിക്ക് ഉണ്ടാകേണ്ട യോഗ്യതകൾ സഭയുടെ നിയമസംഹിതകൾ കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഒരാൾ മെത്രാൻപദവിയിലേക്കു യോഗ്യനായി കണക്കാക്കപ്പെടേണ്ടതിന് അയാൾ ഉറച്ച വിശ്വാസവും സൽസ്വഭാവവും ഉള്ള വ്യക്തിയും, ഭക്തിയിലും ആത്മാക്കൾക്കുവേണ്ടിയുള്ള തീക്ഷ്ണതയിലും വിവേകത്തിലും മുൻപന്തിയിൽ നിൽക്കുന്നവനുമായിരിക്കണം. മറ്റുള്ളവരാൽ ആദരിക്കപ്പെടുന്ന വ്യക്തിയായിരിക്കണം. 35 വയസ് ഉണ്ടായിരിക്കണം. പൗരോഹിത്യം സ്വീകരിച്ചിട്ട് അഞ്ചു വർഷമെങ്കിലും കഴിഞ്ഞിരിക്കണം. സഭാസംബന്ധമായ വിഷയങ്ങളിൽ ഡോക്ടറേറ്റോ മാസ്റ്റർ ബിരുദമോ കുറഞ്ഞപക്ഷം ആഴമായ അറിവോ ഉണ്ടായിരിക്കണം (CCEO c. 180, CIC c. 378). പൗരസ്ത്യസഭയിൽവിവാഹിതരായ വൈദികരുള്ളതിനാൽ, മെത്രാനാകാനുള്ള യോഗ്യതയിൽ 'വിവാഹബന്ധത്തിൽ നിന്ന് സ്വതന്ത്രനും' എന്ന മാനദണ്ഡംകൂടി ചേർത്തിട്ടുണ്ട്.

### ലത്തീൻസഭയിൽ (CIC c. 377)

ലത്തീൻ സഭയിൽ ഒരു മെത്രാനെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നത് വത്തിക്കാൻ പ്രതിനിധിയുടെ നേതൃത്വത്തിലാണ്. ഏതു രൂപതയിലാണോ മെത്രാനെ നിയമിക്കേണ്ടത്, ആ രൂപതയുമായി ബന്ധപ്പെട്ട മെത്രാന്മാരോടും വൈദികരോടും, ഉചിതമെന്ന് അപ്പസ്തോലിക് നൂൺഷ്യോ ചിന്തിക്കുന്ന മറ്റുള്ളവരോടും അഭിപ്രായം ചോദിച്ചതിനുശേഷം മൂന്നു പേരുടെ ഒരു ലിസ്റ്റ് (*terna*) തയ്യാറാക്കി തന്റെ അഭിപ്രായങ്ങളോടെ പരി. സിംഹാസനത്തിലേക്ക് അയക്കുന്നു. മെത്രാനാകാൻ യോഗ്യനാണെന്ന് കണ്ടെത്തുന്ന വ്യക്തിയുമായി ബന്ധപ്പെട്ട സമർപ്പിതരോടും അല്മായരോടും അപ്പസ്തോലിക്ക് നൂൺഷ്യോയ്ക്കു നിർദേശിക്കപ്പെട്ട വ്യക്തിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ തേടാവുന്നതാണ്. മെത്രാന്മാർക്കുവേണ്ടിയുള്ള കാര്യാലയമാണ് (Dicastery for Bishops) അപ്പസ്തോലിക്ക് ന്യൂൺഷ്യോ അയക്കുന്ന ഫയലുകൾ പരിശോധിക്കുന്നതും പേരുകൾ മാർപാപ്പയുടെ മുൻപിൽ സമർപ്പിച്ച് പരിശുദ്ധ പിതാവിന്റെ തീരുമാനം അപ്പസ്തോലിക്ക് ന്യൂൺഷ്യോവഴി ബന്ധപ്പെട്ടവരെ അറിയിക്കുന്നതും. ഈ അന്വേഷണങ്ങളെല്ലാം അതീവരഹസ്യമായിട്ടാണു നടത്തുന്നത്. അന്വേഷണവുമായി ബന്ധപ്പെടുന്നവർ അതീവരഹസ്യമായിട്ടുവേണം അന്വേഷണത്തോടു സഹകരിക്കാൻ. ഇതു സംബന്ധിച്ച കാര്യങ്ങൾ മെത്രാന്റെ നിയമനം കഴിഞ്ഞുപോലും പുറത്തു പറയുവാൻ പാടില്ലായെന്ന നിഷ്കർഷയുമുണ്ട്.

### പൗരസ്ത്യസഭകളിൽ

(CCEO cc.181-186)

പാത്രിയാർക്കൽ, മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ എന്നീ പദവികളിലുള്ള പൗരസ്ത്യസഭകളുടെ മെത്രാൻസിനഡാണ് ആ സഭകളിലെ മെത്രാന്മാരെ തെരഞ്ഞെടുക്കുന്നത്. മറ്റു പൗരസ്ത്യസഭകളിലെ മെത്രാന്മാരെ ലത്തീൻസഭയിലേതുപോലെ മാർപാപ്പ നിയമിക്കുകയാണു ചെയ്യുന്നത്. ഓരോ വ്യക്തിസഭയുടെയും പ്രത്യേക നിയമങ്ങൾ (Particular Law) മെത്രാൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു നൽകിയിരിക്കുന്ന നിർദേശങ്ങളുടെ അടിസ്ഥാനം പൗരസ്ത്യകാനൻനിയമത്തിലെ 181 മുതൽ 186 വരെയുള്ള കാനോനകളുടെ അടിസ്ഥാനത്തിലാണ്. ഭാരതത്തിൽ സീറോമലബാർ സഭയ്ക്കും സീറോമലങ്കരസഭക്കും അവയുടേതായ പ്രത്യേക നിയമസംഹിത ഉണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട ചോദ്യത്തിനുള്ള ഉത്തരം പൊതുനിയമത്തിൽനിന്നുതന്നെ ലഭിക്കുമെന്നതിനാൽ സഭകളുടെ പ്രത്യേക നിയമത്തിലേക്ക് കടക്കുന്നില്ല.

പൗരസ്ത്യ സഭകളിലെ നടപടിക്രമം ഇങ്ങനെയാണ്. അനുയോജ്യരായ വ്യക്തികളെ കണ്ടെത്തുക എന്നതാണ് ആദ്യം ചെയ്യുന്നത്. സിനഡിലെ അംഗങ്ങളായ മെത്രാന്മാർക്കു മാത്രമേ മെത്രാൻസ്ഥാനത്തേക്കു പരിഗണിക്കപ്പെടേണ്ട വ്യക്തിയെ നിർദേശിക്കാൻ സാധിക്കുകയുള്ളൂ. അതിനായി മെത്രാന്മാർക്കു വൈദികരോടും സമർപ്പിതരോടും അല്മായരോടും രഹസ്യസ്വഭാവം സൂക്ഷിച്ചുകൊണ്ട് അഭിപ്രായം ചോദിക്കാവുന്നതാണ്. ഇത്തരം അന്വേഷണങ്ങളും രഹസ്യ സ്വഭാവമുള്ളതായിരിക്കണം. ഏത് രൂപതയിലാണോ മെത്രാൻ ആവശ്യമായത് ആ രൂപതയിലെ മെത്രാനും മറ്റു മെത്രാൻമാരും തങ്ങൾ യോഗ്യരെന്നു ചിന്തിക്കുന്ന വ്യക്തികളുടെ പേരുകൾ മേജർ ആർച്ചുബിഷപ്പിനു കൈമാറുന്നു. മേജർ ആർച്ചുബിഷപ്പിനു സ്വന്തംനിലയിൽ വ്യക്തികളെ കൂട്ടിചേർക്കാം. മെത്രാൻസ്ഥാനത്തേക്ക് പരിഗണിക്കപ്പെടുന്ന വ്യക്തികളുടെ പേരുകളും അവരെ സംബന്ധിച്ച വിവിരങ്ങളും സിനഡിലെ അംഗങ്ങൾക്കു മേജർ ആർച്ചുബിഷപ്പ് നൽകുന്നു. അതോടൊപ്പം നിർദേശിക്കപ്പെട്ടിരിക്കുന്ന വ്യക്തികളുമായി അടുപ്പമുള്ള വൈദികർ, സമർപ്പിതർ, അൽമായർ എന്നിവരിൽനിന്ന് ഏതാനും പേരോടു രഹസ്യമായി അന്വേഷിക്കുകയും ചെയ്യുന്നു.

നിയമാനുസൃതം വിളിച്ചുകൂട്ടിയ സിനഡിന്റെ സമ്മേളനത്തിൽ രഹസ്യവോട്ടിങ്ങിലൂടെ മൂന്ന് പേരുടെ ലിസ്റ്റു തയ്യാറാക്കി അവരെക്കുറിച്ചു നടത്തിയ അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളോടുംകൂടി വത്തിക്കാൻ സ്ഥാനപതിയുടെ കാര്യാലയം വഴി മേജർ ആർച്ചുബിഷപ്പ് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിലേക്കു നൽകുന്നു. പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയമാണ് പിന്നീടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി മേജർ ആർച്ചുബിഷപ്പ് നൽകിയവരുടെ പേരുകൾ മാർപാപ്പയുടെ മുമ്പിൽ സമർപ്പിച്ച് അവരെ മെത്രാന്മാരായി സിനഡ് തെരഞ്ഞെടുക്കുന്നതിനുള്ള മുൻകൂട്ടിയുള്ള അനുവാദം (prior assent) വാങ്ങുകയും ചെയ്യുന്നത്. മേജർ ആർച്ചുബിഷപ്പ് സമർപ്പിക്കുന്ന ലിസ്റ്റിലെ എല്ലാവർക്കും മാർപാപ്പയുടെ അംഗീകാരം ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യാം.

ഇപ്രകാരം, മാർപാപ്പയുടെ മുൻകൂട്ടിയുള്ള അനുവാദം ലഭിച്ച വ്യക്തികളിൽ നിന്ന് ഒരാളെയാണ് പിന്നീടു ചേരുന്ന സിനഡ് സമ്മേളനം രഹസ്യബാലറ്റിലൂടെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ടയാളോട് മേജർ ആർച്ചുബിഷപ്പ് സമ്മതം ചോദിക്കുന്നു. സമ്മതമെങ്കിൽ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടതായി മേജർ ആർച്ചുബിഷപ്പ് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തെ അറിയിക്കുകയും തെരഞ്ഞെടുപ്പു വിവരം പരസ്യപ്പെടുത്താൻ ഉദ്ദേശിക്കുന്ന തീയ്യതി നിശ്ചയിക്കുകയും ചെയ്യുന്നു. പരിശുദ്ധ സിംഹാസനത്തിന്റെ അറിവോടെ നിശ്ചയിക്കപ്പെട്ട രീതിയിൽ മെത്രാൻ തെരഞ്ഞെടുപ്പിന്റെ വിവരം മേജർ ആർച്ചുബിഷപ്പ് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

മാർപാപ്പ മുൻകൂട്ടി അംഗീകരിച്ച ലിസ്റ്റിൽ ഇല്ലാത്ത ഒരു വ്യക്തിയെ സിനഡിന് മെത്രാനായി തെരഞ്ഞെടുക്കാവുന്നതാണ്. അപ്രകാരം സംഭവിച്ചാൽ ഈ വിവരം പരിശുദ്ധ സിംഹാസനത്തെ അറിയിക്കുകയും മാർപാപ്പയുടെ അനുമതി ചോദിക്കുകയും ചെയ്യേണ്ടതുണ്ട്. മാർപാപ്പയുടെ അനുമതി ലഭിച്ചതിനുശേഷമേ തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയോടുപോലും ഈ വിവരം പറയാൻ പാടുള്ളൂ. അതുവരെ എല്ലാ മെത്രാന്മാരും ഈ വിവരം രഹസ്യമായി സൂക്ഷിക്കണം.

പൗരസ്ത്യസഭകളുടെ മെത്രാൻ സിനഡിനു മെത്രാന്മാരെ തെരഞ്ഞെടുക്കാനുള്ള അധികാരം സഭയുടെ അധികാര പരിധിക്കുള്ളിൽ (proper territory) മാത്രമാണ്. സീറോമലബാർസഭയുടെ സിനഡിനു ഭാരതത്തിലെ 31 രൂപതകളിലെ മെത്രാന്മാരെ മാത്രമേ തെരഞ്ഞെടുക്കാനുള്ള അധികാരമുള്ളൂ. ഭാരതം മുഴുവൻ വ്യാപിച്ചുകിടക്കുന്ന സഭയുടെ അധികാരപരിധിക്കു പുറത്തുള്ള (outside proper territory) നാലു രൂപതകളിലെ മെത്രാന്മാരെ നിയമിക്കുന്നത് മാർപാപ്പയാണ്. ഈ രൂപതകളിലേക്കു മെത്രാന്മാരായി നിയമിക്കപ്പെടാൻ അനുയോജ്യരായ മൂന്ന് വ്യക്തികളുടെ പേരു രഹസ്യബാലറ്റിലൂടെ തയ്യാറാക്കി മേജർ ആർച്ചുബിഷപ്പ് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിനു നൽകുക മാത്രാമണ് ചെയ്യുന്നത്.

മെത്രാൻപദവിയിലേക്ക് ഉയർത്തപ്പെടുന്ന ഒരു വ്യക്തിക്കു കാനോനികമായ ഉത്തരവാദിത്വം ഏൽപ്പിച്ചുകൊടുക്കുന്നതു (canonical provision) വളരെ പ്രധാനപ്പെട്ടതാണ്. ലത്തീൻസഭയിൽ മാർപാപ്പയും പൗരസ്ത്യസഭകളിൽ മേജർ ആർച്ചുബിഷപ്പും/പാത്രിയാർക്കീസും നൽകുന്ന നിയമനത്തിലൂടെ ഒരു വ്യക്തിക്കു രൂപതാഭരണമോ മറ്റ് ഉത്തരവാദിത്വങ്ങളോ നൽകുന്നു. രൂപതാമെത്രാന്മാരല്ലാത്ത എല്ലാവർക്കും പരി. സിംഹാസനം സ്ഥാനിക രൂപതകൾ (Titular See) നൽകുന്നു. ഒരുകാലത്തു നിലവിലുണ്ടായിരുന്നതും പിന്നീടു നിന്നുപോയതുമായ രൂപതകളാണ് സ്ഥാനികരൂപതകളായി സഹായമെത്രാന്മാർക്കും കൂരിയാ മെത്രാന്മാർക്കും നൽകുന്നത്.

മെത്രാന്മാരുടെ നിയമനവും തെരഞ്ഞെടുപ്പും സംബന്ധിച്ചു നിരവധി വിശദാംശങ്ങൾ സഭാ നിയമസംഹിതകൾ നൽകുന്നുണ്ട്. ഇവിടെ പ്രസക്തമായ കാര്യങ്ങൾ ലളിതമായി അവതരിപ്പിച്ചു എന്നുമാത്രം.

**ഉപകാരസ്മരണ**



തോമസ് – കൂടരഞ്ഞി

**ഉപകാരസ്മരണ**



സിസിലി – കൂടരഞ്ഞി

**ഉപകാരസ്മരണ**



ഡാനിയ പായിക്കാട്ട് – കൂടരഞ്ഞി

**ഉപകാരസ്മരണ**

**അത്ഭുത പ്രാർത്ഥന**

കർത്താവായ യേശുവേ, കുരിശുവഹിച്ചുകൊണ്ടുള്ള അങ്ങേ യാത്രയിൽ അങ്ങ് ഏറ്റവും വേദന അനുഭവിച്ചത് തിരുത്തോളിലെ മുറിവിൽ നിന്നായിരുന്നല്ലോ. ആ മുറിവിന്റെ ശ്രേഷ്ഠതയാലും യോഗ്യതയാലും "നീ ചോദിക്കുന്നതെന്തും സഫലമായി തീരും" എന്ന് വി. ബർണ്ണാർദിനോട് അങ്ങ് പറഞ്ഞിട്ടുണ്ടല്ലോ. വാഗ്ദാനങ്ങളിൽ അങ്ങ് വിശ്വസ്തനാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ആരാലും അറിയപ്പെടാത്ത ആ തിരുത്തോളിലെ മുറിവിനെ വണങ്ങുകയും ആരാധിക്കുകയും ചെയ്യുന്നവരുടെ ലഘു പാപങ്ങൾ പൂർണ്ണമായും ക്ഷമിക്കപ്പെടുകയും മാരക പാപങ്ങൾ മറന്നുകളയുകയും ചെയ്യുമെന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ടല്ലോ. ആ വാക്ക് അനുസരിച്ച് ഞാൻ ചോദിക്കുന്ന എന്റെ ഈ കാര്യം (നിയോഗം പറയുക) അങ്ങേയ്ക്ക് ഇഷ്ടമുണ്ടെങ്കിൽ സാധിച്ചുതരണമെന്ന് ഞാൻ ഏറ്റവും താഴ്മയായി അപേക്ഷിക്കുന്നു. അങ്ങ് ഇന്നുവരെ എനിക്ക് തന്ന എല്ലാ അനുഗ്രഹങ്ങൾക്കും പ്രപഞ്ചത്തിലുള്ള ഓരോ തന്മാത്രക്കും എണ്ണാവുന്നതിന്റെ പരമാവധി എണ്ണത്തോളം ഞാൻ നന്ദിയും സ്തുതിയും പറയുന്നു.

ലീലാമ്മ പാണായിൽ – വാലില്ലാപുഴ

# ‘വൺ നേഷൻ, വൺ ഫെർട്ടിലൈസർ’

**രാസവള സബ്സിഡികൾ ഏകീകരിക്കാനും കൂടുതൽ കർഷകരെ സംയോജിത വളപ്രയോഗത്തിലൂടെ കൃഷിയിലേക്ക് ആകർഷിക്കുവാനുമുള്ള പ്രധാനമന്ത്രി ഭാരതീയ ജനുർവരക് പരിയോജന (പിഎംബിജെപി) പദ്ധതിക്കു കീഴിലാണ് ഈ ഒഎൻഒഎഫ് നയത്തിന്റെ അവതരണവും നടക്കുക.**



## വീട്ടുകൃഷി

ജോസ് കെ. വയലിൽ

ഇന്ത്യയൊട്ടാകെ ഒരു പേരുള്ള വളം. പൊതുവ്യാപാരമുദ്രയിൽ വളത്തെ വിപണിയിലെത്തിക്കുകയെന്നതാണ് ‘വൺ നേഷൻ, വൺ ഫെർട്ടിലൈസർ’ പദ്ധതി. ഇനി ഏത് സംസ്ഥാനത്തും ഏത് വളം നിർമാണ കമ്പനിയും ഉൽപാദിപ്പിക്കുന്ന വളത്തിന് പേര് ഒന്നുമാത്രം. കേരളത്തിൽ ആയാലും ഗുജറാത്തിൽ ആയാലും നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവ ചേരുന്ന എൻപികെ വളം ‘ഭാരത് എൻപികെ’ എന്നാകും അറിയപ്പെടുക. ഡൈ അമോണിയം ഫോസ്ഫേറ്റ് (ഡിഎപി), മ്യൂറേറ്റ് ഓഫ് പൊട്ടാഷ് (എംഒപി) തുടങ്ങിയവ ഭാരത് ഡിഎപിയും ഭാരത് എംഒപിയും ആകും. ഏത് വളം നിർമാണ കമ്പനി ആയാലും ഉൽപാദിപ്പിക്കുന്ന വളം സിംഗിൾ ബ്രാൻഡ്, സിംഗിൾ ലോഗോ എന്ന രീതിയിലേക്ക് മാറും. രാസവള സബ്സിഡികൾ ഏകീകരിക്കാനും കൂടുതൽ കർഷകരെ സംയോജിത വളപ്രയോഗത്തിലൂടെ കൃഷിയിലേക്ക് ആകർഷിക്കുവാനുമുള്ള പ്രധാനമന്ത്രി ഭാരതീയ ജനുർവരക് പരിയോജന (പിഎംബിജെപി) പദ്ധതിക്കു കീഴിലാണ് ഈ ഒഎൻഒഎഫ് നയത്തിന്റെ അവതരണവും നടക്കുക.

ഓരോ വളം ചാക്കിലും ബ്രാൻഡ് നെയിമിനേക്കാൾ വലിപ്പത്തിലും പ്രാധാന്യത്തിലും ‘ഭാരത് ’ എന്നും ‘പിഎംബിജെപി’ എന്നും കൊടുക്കണമെന്നും നിർദേശമുണ്ട്. വളം പായ്ക്കറ്റിന്റെ മൂന്നിൽ രണ്ടു ഭാഗവും ഇതിനായി ഉപയോഗിക്കണം. ബാക്കി മൂന്നിൽ ഒരു ഭാഗത്ത് വളം നിർമാണക്കമ്പനിയുടെ പേരോ അഡ്രസോ കൊടുക്കാൻ അനുമതി നൽകും. യൂണിഫോമിട്ട സ്കൂൾ കുട്ടികളെ പോലെ വളം പായ്ക്കറ്റുകൾ ഏത് നാട്ടിൽ ചെന്നാലും ഒരുപോലെ ഇരിക്കുമെന്ന് അർഥം. സെപ്റ്റംബർ 15നു ശേഷം പഴയ രീതിയിലുള്ള വളത്തിന്റെ ഓർഡർ എടുക്കാൻ അനുമതിയില്ല. സ്റ്റോക്ക് ഉള്ളവ വിറ്റഴിക്കാൻ കുറച്ചുനാൾ ഇളവ് നൽകും. ഒക്ടോബർ രണ്ട് മുതൽ ഭാരത് ബ്രാൻഡ് വളങ്ങൾ നിലവിൽ വരും.

വളങ്ങൾക്ക് വൻതോതിൽ സർക്കാർ സബ്സിഡിയുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക വിനിമയത്തിൽ നല്ലൊരു പങ്ക്





കാർഷിക മേഖലയെ സംരക്ഷിക്കാനായി സർക്കാർ സബ്സിഡി ഇനത്തിൽ നൽകുന്നുണ്ട്. അതിൽ നല്ലൊരു വിഹിതം വളങ്ങളുടെ വിലയെ നിയന്ത്രിച്ചു നിർത്താനാണ് ഉപയോഗിക്കുന്നത്. യൂറിയയുടെ മാർക്കറ്റ് വില സംരക്ഷിച്ചു നിർത്തുന്നത് കേന്ദ്രസർക്കാരാണ്. സർക്കാർ സബ്സിഡിക്കനുസരിച്ചാണ് യൂറിയയുടെ വിലയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകുക.രാസവള സബ്സിഡി ഇനത്തിൽ 2022 – 23 വർഷത്തിൽ രണ്ടുലക്ഷം കോടി രൂപയെങ്കിലും കേന്ദ്രസർക്കാർ വിനിയോഗിക്കുമെന്നാണ് കണക്കുകൂട്ടൽ.

ഏക ബ്രാൻഡിന്റെ പിൻബലം കർഷകർക്ക് വളക്കൂട്ട് എന്ന ഒറ്റനാമത്തിലേക്ക് മാത്രം ശ്രദ്ധ നൽകിയാൽ മതി എന്ന എളുപ്പവഴിയിലേക്ക് നയിക്കും. ഏക ബ്രാൻഡ് എന്ന നിയമം വരുന്നതോടെ അടുത്ത കടയിൽ കിട്ടുന്ന ഭാരത് ബ്രാൻഡ്തന്നെ കർഷകർക്ക് ഉപയോഗിക്കേണ്ടി വരും. വളക്കമ്പനികൾക്ക് ട്രാൻസ്പേർട്ടേഷൻ ചാർജ് കുറയുകയും ചെയ്യും. ഒരു നിശ്ചിത ബ്രാൻഡിനു പിന്നാലെ കർഷകന് ഓടേണ്ടി വരില്ല.വളത്തിന് കൃത്രിമക്ഷാമം ഉണ്ടാക്കാനും സാധിക്കില്ല. വളങ്ങളുടെ കടത്തുകൂലിയിലും സർക്കാർ സബ്സിഡി നൽകുന്നുണ്ട്. ഇത് കുറയ്ക്കാൻ പുതിയ നിയമം വഴിവയ്ക്കും.

പല കമ്പനികളും വളത്തിന്റെ കൂട്ടുകളിൽ തങ്ങളുടേതായ കൂട്ടിച്ചേർക്കലുകൾ നടത്തി പുതിയ പുതിയ ഉൽപന്നങ്ങളാണ് വിപണിയിലെത്തിക്കുന്നത്. ഏക ബ്രാൻഡ് വരുന്നതോടെ ഓരോ കമ്പനികളും അതു വരെ നെയ്തെടുത്ത ബ്രാൻഡ് ഇമേജ് നഷ്ടമാകുന്നു എന്നതാണ് പുതിയ നയത്തിന്റെ ആദ്യത്തെ ദോഷം. കമ്പനികൾ അതുവരെ ആർജിച്ചെടുത്ത ബ്രാൻഡ് ഇമേജിനും കമ്പനി മൂല്യത്തിനും ഇടിവ് നേരിട്ടേക്കാം. കമ്പനികൾ പരസ്യതന്ത്രങ്ങളിൽ നിന്ന് പിന്മാറുന്നതുമൂലം സെമിനാറുകൾ, ക്യാംപെയ്നുകൾ, സാംപിൾ ശേഖരണം പോലുള്ള ജനകീയ ഫീഡ്ബാക്കുകൾ നഷ്ടമായേക്കാം. ഓരോ ഉൽപന്നത്തെയും കൂടുതൽ മികവുറ്റതാക്കാനുള്ള മത്സരം കമ്പനികൾ ഉപേക്ഷിച്ചേക്കാം.

കൃഷിരംഗത്തെ ഏതൊരു അപ്ഗ്രഡേഷനും കൃത്യമായ പഠനത്തിലൂടെയും സാംപിൾ ശേഖരണത്തിലൂടെയും അപഗ്രഥനത്തിലൂടെയും വേണമെന്ന് കൃഷി വിദഗ്ധർ പറയുന്നു. ഏക ബ്രാൻഡ് നിയമം ഇത്തരത്തിൽ ഒരു പഠനം നടത്തിയതായി അറിവില്ലെന്ന് കൃഷിഗവേഷകർ ചൂണ്ടിക്കാട്ടുന്നു.

---

# ക്വിസ് കോർണർ 2022



## 2022 സെപ്റ്റംബർ–ഒക്ടോബർ ലക്കം ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. ‘മറിയം മാതാവല്ലാത്തവന് ദൈവം പിതാവല്ല.’ ഏത് വിശുദ്ധന്റെ വാക്കുകളാണിത്?
2. ഇന്നത്തെ കാലഘട്ടത്തിൽ ദുഷ്ടശക്തികൾക്കെതിരെ പോരാടാനുള്ള നമ്മുടെ ആയുധം എന്താണ്?
3. ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ യുവജനങ്ങളെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ ആഗോള സഭയ്ക്ക് കേരള സഭ സമ്മാനിച്ച മിനിസ്ട്രി ഏതാണ്?
4. മധ്യസ്ഥ പ്രാർത്ഥനയ്ക്ക് നമ്മുടെ മുമ്പിലുള്ള കണ്ണീരിൽ കുതിർന്ന മാതൃക ആരാണ്?
5. ടെക് ഫ്ളോറ യൂട്യൂബ് ചാനൽ തുടങ്ങിയ വ്യക്തി?
6. ‘ജപമാലയെ തിരുസഭയുടെ മഹത്വം’ എന്നു വിളിച്ചത് ആരാണ്?
7. യുഗാന്ത്യ നാളുകളിൽ സാത്താൻ ആക്രമിച്ചു തകർക്കാൻ പദ്ധതി തയ്യാറാക്കിയിരിക്കുന്ന മേഖല ഏതാണ്?
8. ‘ഗ്രീക്ക് കൊട്ടാര സദസിൽ നേർത്ത ഒരു മുടിയിൽ തൂക്കിയിട്ട വാളിന്റെ ചുവട്ടിലിരിക്കുന്ന ഡെമോക്ലീസിന്റെ അവസ്ഥയാണ് ഇന്ന് ബഫർസോണിലൂടെ കർഷക ജനത അനുഭവിക്കുന്നത്’ ആരുടെ വാക്കുകളാണിത്?
9. വിദ്യാഭ്യാസ പുരോഗതിയും രാജ്യപുരോഗതിയും ഉയർത്തുന്നതിൽ ഏറ്റവും പ്രധാനം എന്താണ്?
10. താമരശ്ശേരി രൂപത കെസിവൈഎം എസ്എംവൈഎം സംഘടിപ്പിക്കുന്ന യൂത്ത് കൺവൻഷന്റെ പേര് എന്താണ്?

തയ്യാറാക്കിയത്: **ഫാ. സായി പാറൻകുളങ്ങര**

**ഉത്തരങ്ങൾ 2022 ഒക്ടോബർ 20ന് മുമ്പ് ലഭിക്കണം**

*ജൂലൈ – ആഗസ്റ്റ് ലക്കം വിജയികളായവർ:*

● ഒന്നാം സമ്മാനം, 1000 രൂപ
**ബൈജു ടോംസ്**
തണ്ടേൽ, മാവൂർ

● രണ്ടാം സമ്മാനം, 500 രൂപ
**സിജി ജോസ്**
നീണ്ടുകുന്നേൽ, പുല്ലൂരാംപാറ

● മൂന്നാം സമ്മാനം, 250 രൂപ
**റീന ജോൺസൺ**
പാച്ചിക്കൽ, പൂഴിത്തോട്

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ് നമ്പർ**

**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

### ജൂലൈ – ആഗസ്റ്റ് ലക്കം ഉത്തരങ്ങൾ

1. പുരോഹിതർ 2. ഹിംസാത്മകമായ മനസിന് 3. ദേവഗിരി 4. മലബാർ സ്പോർട്സ് അക്കാദമി 5. പരിക്ക് 6. പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് 7. നാഷണൽ സെന്റർ ഓഫ് എക്സലൻസ് 8. ഇല്ല 9. യൂറിയ 10. പുലിക്കയത്തുള്ള ചാലിപ്പുഴ

### പൊതുനിർദ്ദേശങ്ങൾ

- പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്.
- വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല.
- പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
- **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ..........................................
വീട്ടുപേര്: ..........................................
ഇടവക: ..........................................
ഫോൺ: ..........................................

# ദുരിതങ്ങളുടെ പേമാരിയിലും തണലൊരുക്കി ദൈവം നമ്മോടൊപ്പം

**എല്ലാവരും തള്ളിപ്പറയുമ്പോൾ, എല്ലാവരും നമുക്ക് ചുറ്റും നിന്ന് കുറ്റമാരോപിക്കുമ്പോൾ, എല്ലാം തകർന്നടിഞ്ഞുവെന്ന് തോന്നിപ്പോകുമ്പോൾ, ഒരു കുഞ്ഞിനെപ്പോലെ തമ്പുരാന്റെ തൃപ്പാദങ്ങളിൽ വട്ടം കെട്ടിപ്പിടിക്കുന്ന പ്രാർത്ഥനാശൈലിയാകണം നമ്മുടെ കുടുംബപ്രാർത്ഥനകളിലൂടെ നാം കുഞ്ഞുങ്ങൾക്ക് പകർന്നു നൽകേണ്ടത്.**



ചിന്തയും ചർച്ചയും
ആന്റണി ചടയംമുറി

കന്യാസ്ത്രീമഠത്തിന്റെ വാതിൽക്കൽ തൂക്കിയിട്ടുള്ള ചെറുമണിയുടെ ചരട് വലിക്കുമ്പോഴും റോസമ്മ കരയുകയായിരുന്നു. ഭർത്താവ് മരിച്ചിട്ട് ആണ്ട് തികഞ്ഞിട്ടില്ല. ഏഴുമാസങ്ങൾക്ക് മുമ്പ് കോവിഡ് ബാധിച്ചാണ് റോസമ്മയുടെ ജീവിത പങ്കാളി മരിച്ചത്. രണ്ട് മക്കളുണ്ട്. മൂത്തത് പെൺകുട്ടി. അവൾ അകലെയുള്ള മഠം വകയായുള്ള ബോർഡിങ്ങിൽ നിന്ന് പഠിക്കുകയാണ്. റോസമ്മയുടെ ഒപ്പമുള്ളത് പ്ലസ് വണ്ണിന് പഠിക്കുന്ന മകൻ.

മഠത്തിന്റെ വാതിൽ തുറന്നു. റോസമ്മയുടെ കുടുംബയൂണിറ്റിന്റെ ചുമതലയുള്ള സിസ്റ്ററിനെ കാണണമെന്ന് വാതിൽ തുറന്ന പെൺകുട്ടിയോടു പറഞ്ഞു. റോസമ്മ കാത്തുനിന്നു. സിസ്റ്ററെത്തി, റോസമ്മയെ സിസ്റ്റർ വിളിച്ച് അകത്തിരുത്തി. സിസ്റ്ററിന്റെ മുമ്പിൽ ഏങ്ങി ഏങ്ങി കരഞ്ഞുകൊണ്ടിരുന്നു റോസമ്മ. സിസ്റ്റർ എഴുന്നേറ്റ് റോസമ്മയുടെ അരികിൽ ചെന്ന് കൈപിടിച്ച് കുറേനേരം നിന്നു. ഏതാനും മിനിട്ടുകൾ കഴിഞ്ഞപ്പോൾ റോസമ്മ ശാന്തയായി. മകൻ പള്ളിയിൽ പോകുന്നില്ല, എന്തു പറഞ്ഞാലും പൊട്ടിത്തെറിക്കുന്നു, കുടുംബ പ്രാർത്ഥനയിൽ അവൻ ഒട്ടും പങ്കെടുക്കുന്നില്ല എന്നിങ്ങനെ നിരവധി പരാതികളാണ് റോസമ്മയ്ക്ക് മകനെ കുറിച്ചുള്ളത്. സിസ്റ്റർ എല്ലാം കേട്ടു. റോസമ്മയോട് കുടുംബപ്രാർത്ഥന ചൊല്ലുന്നതെങ്ങനെയെന്ന് സിസ്റ്റർ തിരക്കി. ജപമാലയടക്കമുള്ള പ്രാർത്ഥനകൾക്കു ശേഷം, പുറത്തിരിക്കുന്ന മകൻ കേൾക്കെയാണ് റോസമ്മയുടെ അനുബന്ധ പ്രാർത്ഥനകൾ. അതിനെല്ലാം പ്രതിക്കൂട്ടിൽ മകനെ നിർത്തികൊണ്ടാണ് റോസമ്മ പ്രാർത്ഥിച്ചുവരുന്നതെന്ന് സിസ്റ്റർ സംസാരത്തിൽ നിന്ന് മനസിലാക്കി.

## കുറ്റപ്പെടുത്തിയുള്ള പ്രാർത്ഥന അരുത്

സിസ്റ്റർ റോസമ്മയോടു പറഞ്ഞു: " മോളെ നിന്റെ പതിവ് പ്രാർത്ഥനയ്ക്ക് ശേഷം ഈശോയ്ക്ക് മുന്നിൽ നീ വെറുതെ മൗനമായി ഇരിക്കുക. നിന്റെ മകനെക്കുറിച്ചുള്ള പരാതികൾ ദൈവതിരുമുമ്പിലാണെങ്കിലും അവൻ കേൾക്കെ വിളിച്ചു പറയാതിരിക്കുക. സങ്കടം കൊണ്ട് നീ കരഞ്ഞു പോകുമെങ്കിലും, മകനെ കുറിച്ചുള്ള യാചനകൾ നീ മൗനമായി മനസിൽ ഉരുവിട്ടാൽ പോലും ദൈവസന്നിധിയിൽ എത്തുമെന്ന് നീ വിശ്വസിക്കുക." മഠത്തിന്റെ ഗേറ്റ് വരെ സിസ്റ്റർ റോസമ്മയെ അനുഗമിച്ചു. മകന്റെ മുറിയിൽ തൂക്കാൻ പരിശുദ്ധ അമ്മയുടെ ഒരു ചെറിയ ചില്ലിട്ട രൂപം സിസ്റ്റർ അവൾക്ക് കൊടുത്തു. റോസമ്മയുടെ കണ്ണുകൾ അപ്പോഴും നിറഞ്ഞിരുന്നു.

എന്താണ് റോസമ്മയുടെ പ്രശ്നം? ഒന്നാമതായി കുടുംബപ്രാർത്ഥന സംബന്ധിച്ച് വ്യക്തമായ ധാരണ നമുക്ക് ലഭിക്കുന്നത് നമ്മുടെ മാതാപിതാക്കളിലൂടെയാണ്. റോസമ്മ സ്വന്തം അമ്മയുടെ പ്രാർത്ഥനയാണ് കണ്ടുശീലിച്ചിരുന്നത്. മദ്യപാനിയായിരുന്ന ഭർത്താവിന്റെ ദുശ്ശീലം മാറ്റിത്തരണമേയെന്ന് ഉറക്കെ നിലവിളിച്ച് പ്രാർത്ഥിച്ചിരുന്നു റോസമ്മയുടെ അമ്മ. അമ്മ ഇപ്പോൾ ജീവിച്ചിരുപ്പില്ല. പഴയവീടിന്റെ പുറത്തുള്ള ബഞ്ചിലിരുന്ന് "പിന്നേ, കർത്താവിന് എന്റെ കുടിനിർത്തലല്ലേ പണി" എന്ന് ഉറക്കെ അപ്പൻ ആത്മഗതമായി പറയുന്നതും റോസമ്മ കേട്ടിട്ടുണ്ട്.!

## ഗെദ്സമനിയിലെ പ്രാർത്ഥന മാതൃകയാക്കാം

കുടുംബപ്രാർത്ഥനയായാലും വ്യക്തിഗത പ്രാർത്ഥനയായാലും ക്രൈസ്തവർ അറിഞ്ഞിരിക്കേണ്ട ചില യാഥാർത്ഥ്യങ്ങളുണ്ട്. നമ്മുടെ ജീവിത ദുരിതങ്ങൾ നീക്കാനല്ല, ക്രൈസ്തവൻ പ്രാർത്ഥിക്കേണ്ടത്. പകരം ദുഃഖങ്ങൾ ചുമക്കാൻ എന്റെ തോളുകൾക്ക് ബലം നൽകണമേയെന്ന് പ്രാർത്ഥിക്കണം. ഈശോയുടെ പീഡാനുഭവ പ്രാർത്ഥന ഓർമിക്കൂ..പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്നു പോകട്ടെ, എങ്കിലും എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ എന്നല്ലേ ഈശോ പ്രാർത്ഥിച്ചത്.? നമ്മുടെ പ്രാർത്ഥനകളിലും ഈ സ്വയം സമർപ്പിക്കൽ പരമ പ്രധാനമാണ്. കാരണം, കുരിശില്ലാതെ യേശുവില്ല. യേശുവില്ലാതെ ക്രൈസ്തവനുമില്ല.

പ്രാർത്ഥനയെപ്പറ്റിയുള്ള മാനുഷിക കാഴ്ച്ചപ്പാട് ചിലപ്പോഴെങ്കിലും നാം ഒന്ന് ധ്യാനിക്കണം. നിങ്ങൾ ചോദിക്കുന്നതും ദൈവം തരാൻ ആഗ്രഹിക്കുന്നതും കൂട്ടിമുട്ടുനിനടത്താണ് നാം പ്രാർത്ഥനയെ പ്രതിഷ്ഠിക്കുക. പ്രാർത്ഥന എപ്പോഴും സുഖകരമായ ഒരനുഭവമായിരിക്കില്ല. റോസമ്മയുടെ കാര്യം നോക്കൂ: ജീവിത പങ്കാളി മരിച്ചു, മകൾ പഠിക്കുന്നത് സിസ്റ്റേഴ്സിന്റെ സഹായത്താൽ. ഒപ്പം ജീവിക്കുന്ന മകൻ വട്ട് പിടിച്ച മട്ടിൽ. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പ്രാർത്ഥിക്കുന്നവനിലേക്ക് ദൈവം കടന്നുവന്ന് "വരം" നൽകണമെന്ന് ഓരോ മനുഷ്യനും പ്രതീക്ഷിക്കുന്നു. എന്നാൽ ദൈവം തനിക്ക് ഇഷ്ടമുള്ള ജീവിതാവസ്ഥയിലേക്ക് ഒരാളെ കൂട്ടിക്കൊണ്ടുപോകുമ്പോൾ, അതൊരു സുഖശീതളമായ അനുഭവമാകണമെന്നില്ല. വിശുദ്ധ മദർ തെരേസ പറഞ്ഞു: ദൈവത്തിന്റെ കൈകളിലെ പെൻസിലാണ് ഞാനെന്ന്! വിശുദ്ധ അൽപോൻസാ പറയുന്നതോ, " എന്റെ മണവാളൻ കുരിശിലാണ്. ആ കുരിശിനോട് ചേർന്ന് നിന്നില്ലെങ്കിൽ ഞാൻ മണവാട്ടിയല്ല"

## മനസ്സിൽ ഉറപ്പിക്കൂ, ഞാൻ ഇടറില്ല

എല്ലാ ക്രിസ്തീയ വിശ്വാസിയോടും യേശു പറയുന്നു. " എന്നിൽ ഇടർച്ച തോന്നാത്തവൻ ഭാഗ്യവാൻ" നമുക്കോ ഇടർച്ചയേയുള്ളൂ. മക്കളുടെ വിവാഹം, വിദ്യാഭ്യാസം,പുരപണി തുടങ്ങിയ കാര്യങ്ങളിൽ എന്തെങ്കിലും ഒന്നിൽ തടസ്സമുണ്ടായാൽ കുടുംബപ്രാർത്ഥനയിൽ ആയാലും, വ്യക്തിഗത പ്രാർത്ഥനയിലായാലും നാം കണ്ണീരോടെ തേങ്ങുന്നു. " കർത്താവേ, ഇത്രയേറെ പ്രാർത്ഥിച്ചിട്ടും, എന്തേ ഇങ്ങനെ? സ്നാപകയോഹന്നാനെ കുറിച്ച് ചിന്തിക്കൂ. യേശുവിന് സ്നാനം നൽകിയ നിമിഷം ദൈവപുത്രനാണെന്ന് യോഹന്നാൻ ഏറ്റുപറഞ്ഞിട്ടും അദ്ദേഹത്തിന്റെ സംശയം തീരുന്നില്ല. അതുകൊണ്ടാണ് " വരാനിരിക്കുന്നവൻ നീ തന്നെയോ" എന്ന ചോദ്യവുമായി ശിഷ്യരെ യോഹന്നാൻ യേശുവിന്റെ അടുക്കലേക്ക് അയയ്ക്കുന്നത്. ദൈവം എവിടെയെന്ന് ഓരോ മനുഷ്യനും ചിന്തിച്ചുപോയ കോവിഡ് മഹാമാരിയുടെ



കാലം ഓർമയില്ലേ? സ്നാപകൻ തടവറയിലടയ്ക്കപ്പെട്ടിട്ടും യേശു അദ്ദേഹത്തെ കാണാൻ പോകുന്നില്ല. സത്യത്തിന് സാക്ഷ്യം നൽകിയവന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാത്ത ദൈവമോ? നാം ഓരോരുത്തരേയും പോലെ സ്നാപകനും ഇടറി, യേശുവിന്റെ മറുപടിയുടെ ഉപസംഹാരം ഇങ്ങനെ; "എന്നിൽ ഇടർച്ച തോന്നാത്തവൻ ഭാഗ്യവാൻ!"

## വചനവും വിശ്വാസവും അടിസ്ഥാനഘടകങ്ങൾ

ഒരർത്ഥത്തിൽ നമ്മിൽ ഇലവീശിവളരുന്ന ദൈവസങ്കൽപ്പം എന്തായിരിക്കണം? നമ്മുടെ ദൈവസങ്കൽപ്പം വികലമാണോ? പ്രാർത്ഥനയുടെ അടിസ്ഥാന ഘടകങ്ങൾ വചനവും വിശ്വാസവുമാണെന്ന് നമുക്ക് ബോധ്യമുണ്ടാകണം. ദൈവത്തെ അറിയുകയും ദൈവേഷ്ടം മനസ്സിലാക്കുകയും ചെയ്യുക എന്ന ലക്ഷ്യങ്ങൾ മറന്നാകരുത് നമ്മുടെ പ്രാർത്ഥനകൾ.

നേരത്തെ പറഞ്ഞ സംഭവകഥയിലെ റോസമ്മ ഈശോയുടെ മുമ്പിൽ സങ്കടപ്പട്ടിക ചൊരിഞ്ഞിടുന്നു. റോസമ്മയുടേത് യാചനാ പ്രാർത്ഥനയാണ്. യാചനാ പ്രാർത്ഥനയ്ക്ക് ഫ്രാൻസിസ് പാപ്പ നൽകുന്ന ഒരു നിർവചനമുണ്ട്: " ദൈവത്തിൽ ആശ്രയിക്കുകയും തനിക്ക് തന്നെയാ ഒന്നും ചെയ്യാനാവില്ല എന്ന യാഥാർത്ഥ്യം അംഗീകരിക്കുകയും ചെയ്യുന്ന ഒരു ഹൃദയത്തിന്റെ പ്രകടനമാണ് യാചനാ പ്രാർത്ഥന"

മധ്യസ്ഥ പ്രാർത്ഥനയ്ക്ക് നമ്മുടെ മുമ്പിൽ കണ്ണീർ കുതിർന്ന മാതൃകയാണ് വിശുദ്ധ അൽഫോൻസയുടെ ജീവിതം. മറ്റുള്ളവരോടുള്ള കരുതലും, സഹോദരരായി അവരെ കണ്ടുകൊണ്ടുള്ള സ്പർശവുമാണ് മധ്യസ്ഥപ്രാർത്ഥനയുടെ മുഖം. മജ്ജയിൽ തൊടുന്ന ഈ പ്രാർത്ഥനാശൈലിയാണ് വിശുദ്ധ അൽഫോൻസയുടെ വിശുദ്ധിക്ക് തിളക്കമേറ്റിയത്.

ജീവനും ജീവന്റെ കൂടാരവുമാണ് കുടുംബം. ഓരോ കുടുംബവും ഇന്ന് നേരിടുന്ന വെല്ലുവിളികൾ അസംഖ്യമാണ്. ആ വെല്ലുവിളികൾ ഏറെ സങ്കീർണവുമാണ്. എങ്കിലും, ഓരോ മനുഷ്യന്റെ തൊണ്ടയിലും ഗദ്ഗദം കുടുങ്ങി നിൽക്കുമ്പോൾ, ഓരോ കണ്ണിലും കടൽപോലെ കണ്ണീരലകൾ ആർത്തലയ്ക്കുമ്പോൾ, ഓരോ മനുഷ്യഹൃദയവും ദുരിത കൊടുങ്കാറ്റിൽ കൂനിവിറയ്ക്കുമ്പോൾ അവിടെ പ്രത്യക്ഷനാകുന്ന ദൈവമാണ് നമ്മുടേത്. അത്തരം സന്ദർഭങ്ങളിൽ " അൽപ്പവിശ്വാസി, നീ സംശയിച്ചതെന്ത്? " എന്ന് പത്രോസിനോടെന്ന പോലെ നമ്മോട് ചോദിക്കാനുള്ള അവസരം സൃഷ്ടിക്കരുത്. പകരം, ഈശോയുടെ മുറിവേറ്റ കാലുകളിൽ ഒന്ന് മുഖമമർത്തി കരഞ്ഞുനോക്കൂ, അത്ഭുതങ്ങൾ സംഭവിക്കുന്നതിന് നാം സാക്ഷിയാകും, തീർച്ച.

## ദൈവാശ്രയ ബോധത്തിലേക്കുള്ള കണ്ണീർപ്പാതകൾ

എല്ലാവരും തള്ളിപ്പറയുമ്പോൾ, എല്ലാവരും നമുക്ക് ചുറ്റും നിന്ന് കുറ്റമാരോപിക്കുമ്പോൾ, എല്ലാം തകർന്നടിഞ്ഞുവെന്ന് തോന്നിപ്പോകുമ്പോൾ, ഒരു കുഞ്ഞിനേപ്പോലെ തമ്പുരാനെ തൃപ്പാദങ്ങളിൽ ഒന്ന് വട്ടം കെട്ടിപ്പിടിക്കുന്ന പ്രാർത്ഥനാശൈലിയാകണം നമ്മുടെ കുടുംബപ്രാർത്ഥനകളിലൂടെ നാം കുഞ്ഞുങ്ങൾക്ക് പകർന്നു നൽകേണ്ടത്. അബ്രാഹവും, ജോബും, സ്നാപകനും, പരിശുദ്ധ മറിയവും, പൗലോസും, പത്രോസുമെല്ലാം ദൈവത്തെ വിടാതെ കെട്ടിപ്പിടിച്ചിരുന്നവരല്ലേ? ഈ ദൈവാശ്രയ ബോധത്തിലേക്ക് പ്രാർത്ഥനകളിലൂടെ നമ്മുടെ കുഞ്ഞുങ്ങൾ നയിക്കപ്പെടണം.

## വാക്കുകളുടെ വക്കുകൾ പൊട്ടിപ്പോയാലും

ഇനി റോസമ്മയുടെ കാര്യം. കുടുംബപ്രാർത്ഥനയുടെ അവസാനമുള്ള തന്നെക്കുറിച്ചുള്ള കുറ്റപ്പെടുത്തലുകൾ നിലച്ചത്, പുറത്തെ സ്വീകരണമുറിയിലിരുന്ന മകൻ ശ്രദ്ധിച്ചു. മൊബൈലിൽ കണ്ണുകൾ തറച്ചിരുന്നുവെങ്കിലും, അമ്മ എന്തേ മൗനം പാലിക്കുന്നു എന്ന ചിന്ത അവനെ ഒന്നുലച്ചു. അവൻ പതിയെ അകത്തേക്ക് പാളിനോക്കി. ഈശോയുടെ മുന്നിൽ കണ്ണീർധാരയൊഴുക്കി മുട്ടുകുത്തി നിൽക്കുന്ന അമ്മ. ആദ്യത്തെ ദിവസം മകൻ ആ രംഗം കണ്ടമട്ട് നടിച്ചില്ല. മൂന്നാം ദിവസം അവൻ പതിയെ അമ്മയുടെ അരികിൽ പോയിരുന്നു. അവൻ അമ്മയുടെ മടിയിൽ തലവച്ചു. അവന്റെ മുടിയിഴകൾ അമ്മയുടെ കണ്ണുനീർ വീണ് നനഞ്ഞു. വാക്കുകളില്ലാത്ത കുറേ നിമിഷങ്ങൾ, പിന്നീട് അത്ഭുതം സംഭവിച്ചു. അമ്മേ, നാളെമുതൽ ഞാനും പ്രാർത്ഥന ചൊല്ലാൻ വരാം, ഞാൻ പള്ളിയിൽ പോകാം. പക്ഷേ, അമ്മ ഇനി കരയരുത്. മഴ പെയ്തു തോർന്ന രാത്രിയിൽ നിന്ന് ഒരു മിന്നാമിന്നി പറന്നുവന്ന് തിരുഹൃദയ രൂപത്തിലിരുന്നു. അതേ മിന്നാട്ടം അപ്പോൾ റോസമ്മയുടെ ഹൃദയത്തിലുമുണ്ടായിരുന്നു!

അനുഗ്രഹവർഷത്തിന് ഉപകാരസ്മരണ



ഒരു വിശ്വാസി– കല്ലുരുട്ടി



പ്രദക്ഷിണത്തിന് പൊലീസ് അനുമതി നിഷേധിച്ചതിനെ തുടർന്ന് മനാഗ്വയിൽ കത്തോലിക്കർ നടത്തിയ പ്രാർത്ഥനാ ചടങ്ങിൽ ഒത്തുകൂടിയവർ

## കത്തോലിക്കാ സഭയ്ക്കെതിരെ നിക്കരാഗ്വൻ ഭരണകൂടം

● കത്തോലിക്കാസഭയ്ക്കെതിരായ നിക്കരാഗ്വൻ ഭരണകൂടത്തിന്റെ പ്രവൃത്തികളിൽ ഫ്രാൻസിസ് മാർപാപ്പ ഉത്കണ്ഠ അറിയിച്ചു. ഇക്കഴിഞ്ഞ ആഗസ്റ്റ്–19ന് ബിഷപ് ഹൗസിൽ അതിക്രമിച്ചു കയറിയ നിക്കരാഗ്വൻ പോലീസ് ബിഷപ് റോളൻഡോ അൽവാരിസിനെയും വൈദികർ ഉൾപ്പെടെയുള്ള ഏഴുപേരെയും പിടിച്ചുകൊണ്ടു പോയതിന്റെ പശ്ചാത്തലത്തിലാണ് മാർപാപ്പ ഉത്കണ്ഠ അറിയിച്ചത്. സ്വേച്ഛാധിപതിയായ പ്രസിഡന്റ് ഡാനിയേൽ ഓർട്ടേഗയുടെ ദുഷ്ചെയ്തികൾക്കെതിരെ ബിഷപ് നിരന്തരം ശബ്ദിച്ചതിന്റെ പ്രതികാരമായാണ് ഇപ്രകാരം ചെയ്തത്. 'മിഷ്ണറീസ് ഓഫ് ചാരിറ്റി' സന്യാസ സമൂഹത്തിലെ 18 കന്യാസ്ത്രീകളെ നാടുകടത്തിയതിനും അഞ്ച് കത്തോലിക്കാ റേഡിയോ സ്റ്റേഷനുകൾ അടച്ചുപൂട്ടിയതിനും പിന്നാലെയായിരുന്നു ഈ പോലീസ് നടപടി.

ഈ പശ്ചാത്തലത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ മാദ്ധ്യസ്ഥ്യം തേടാൻ പാപ്പ വിശ്വാസസമൂഹത്തിന് ആഹ്വാനം നൽകി. തുറന്നതും ആത്മാർത്ഥവുമായ സംവാദത്തിലൂടെ മാന്യവും സമാധാനപരവുമായ സഹവർത്തിത്വത്തിനുള്ള അടിസ്ഥാനം ഇപ്പോഴും കണ്ടെത്താൻ കഴിയുമെന്ന് പാപ്പ പ്രത്യാശ പ്രകടിപ്പിച്ചു. എല്ലാവരുടെയും ഹൃദയങ്ങളിൽ സംവാദത്തിനുള്ള യഥാർത്ഥ ആഗ്രഹം ഉണർത്താൻ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടിക്കൊണ്ട് ക്രിസ്തുനാഥനോട് പ്രാർത്ഥിക്കാൻ മാർപാപ്പ ഓർമ്മിപ്പിച്ചു.

## ജീസസ് യൂത്ത് പാക്കിസ്ഥാനിലും

● ആഗോളസഭയ്ക്ക് കേരളസഭ സമ്മാനിച്ച 'ജീസസ് യൂത്ത്' മിനിസ്ട്രി പാക്കിസ്ഥാനിലും ശക്തമാകുന്നതായി റിപ്പോർട്ടുകൾ. ജീവിതസാക്ഷ്യത്തിലൂടെ ക്രിസ്തുവിനെ പ്രഘോഷിക്കാൻ യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രാർത്ഥന കൂട്ടായ്മകൾക്കും പരിശീലന ക്ലാസുകൾക്കും വലിയ സ്വീകാര്യതയാണ് പാക്കിസ്ഥാനിലെ സഭയിൽ ലഭിക്കുന്നത്. ഇതിന് തെളിവായിരുന്നു അഞ്ച് രൂപതകളുടെ പ്രാതിനിധ്യത്തോടെ അബോട്ടാബാദ് ജില്ലയിൽ നടത്തിയ 'ലീഡ് ഡിസൈപ്പിൾ ഷിപ്പ് ട്രെയിനിംങ് പ്രോഗ്രാം' ജീസസ് യൂത്തിന്റെ ആറ് ജീവിതശൈലികളായി വിശേഷിപ്പിക്കപ്പെടുന്ന പ്രാർത്ഥന, ദൈവവചനം, കൂദാശജീവിതം, കൂട്ടായ്മ, സുവിശേഷപ്രഘോഷണം, പാവങ്ങളോട് പക്ഷം ചേരൽ എന്നിവയെ അടുത്തറിയാൻ സഹായകമായിരുന്നു ഈ ട്രെയിനിങ് പ്രോഗ്രാം. കരിസ്മാറ്റിക്ക് നവീകരണത്തിന്റെ ഫലമായി 1980 കളിൽ അൽമായ മുന്നേറ്റമായി രൂപം കൊണ്ട സംഘടനയാണ് ജീസസ് യൂത്ത്. 2016 ൽ ഫ്രാൻസിസ് മാർപാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തി. ഇന്ത്യയിൽ നിന്ന് പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ട ഏക അൽമായ മുന്നേറ്റമാണ് ജീസസ് യൂത്ത്. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക,ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിലെ നാൽപതിൽ പരം രാജ്യങ്ങളിൽ ജീസസ് യൂത്ത് സജീവ സാന്നിധ്യമാണ്.

## പാക്കിസ്ഥാനിൽ ക്രിസ്ത്യൻ പെൺകുട്ടികൾ വേട്ടയാടപ്പെടുന്നു



● പാക്കിസ്ഥാനിൽ കഴിഞ്ഞ വർഷം മാത്രം 38 ക്രിസ്ത്യൻ പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി ഇസ്ലാമിലേക്ക് നിർബന്ധിത മതപരിവർത്തനത്തിന് വിധേയമാക്കിയെന്ന് പ്രമുഖ സന്നദ്ധ സംഘടനയായ സെന്റർ ഫോർ സോഷ്യൽ ജസ്റ്റിസ് (CSJ) അറിയിച്ചു. സംഘടനയുടെ അധ്യക്ഷനായ പീറ്റർ ജേക്കബ് വെളിപ്പെടുത്തിയതനുസരിച്ച് 2021–ൽ ആകെ 78 യുവതികളെ മതന്യൂനപക്ഷങ്ങളിൽ നിന്ന് തട്ടിക്കൊണ്ടുപോയി ഇസ്ലാമിലേക്ക് നിർബന്ധിത മതപരിവർത്തനത്തിന് വിധേയമാക്കിയിട്ടുണ്ട്. 39 ഹൈന്ദവ വിശ്വാസികളെയും 38 ക്രൈസ്തവ വിശ്വാസികളെയും ഒരു സിഖ് വിശ്വാസിയെയുമാണ് ഇപ്രകാരം മതപരിവർത്തനം നടത്തിയത്.

തട്ടികൊണ്ടുപോകലും ഇസ്ലാം മതത്തിലേക്കുള്ള നിർബന്ധിത മതപരിവർത്തനവും പാക്കിസ്ഥാനിലെ മതന്യൂനപക്ഷങ്ങൾ നേരിടുന്ന മഹാവിപത്താണെന്ന് പീറ്റർ ജേക്കബ് പറഞ്ഞു. ഈ വിഷയവുമായി ബന്ധപ്പെട്ട സർക്കാരിന്റെ നിഷ്ക്രിയത്വം കുറ്റവാളികൾക്ക് പ്രോത്സാഹനമാണെന്ന് ആദ്ദേഹം ചൂണ്ടിക്കാട്ടി. ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾ മുൻവർഷങ്ങളെ അപേക്ഷിച്ച് 80ശതമാനം വർദ്ധിച്ചു. ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണം മാത്രമാണ് പറഞ്ഞതെന്നും റിപ്പോർട്ട് ചെയ്യപ്പെടാത്ത നിരവധി സംഭവങ്ങളുണ്ടെന്നും അദ്ദേഹം പറഞ്ഞു.



## നൈജീരിയയിലെ ക്രൈസ്തവഹത്യ: റിപ്പോർട്ട് ചെയ്യാതെ മാധ്യമങ്ങൾ

● നൈജീരിയയിലെ പ്ലേറ്റോ സംസ്ഥാനത്ത് ഇക്കഴിഞ്ഞ ആഗസ്റ്റ് 1ന് വൈകിട്ട് 7 മണിക്കും ഏഴരയ്ക്കുമിടയിൽ ഏഴ് ക്രൈസ്തവരായ കർഷകരെ ഫുലാനി തീവ്രവാദികൾ കൊലപ്പെടുത്തി. ഡാംഡ ചുഗ്വി എന്ന ഗ്രാമത്തിലായിരുന്നു സംഭവം നടന്നത്. ഈ സംഭവം നടക്കുന്നതിന് 24 മണിക്കൂർ മുമ്പ് വേസ് എന്ന സ്ഥലത്ത് ഫുലാനി തീവ്രവാദികളും പ്രദേശവാസികളും തമ്മിൽ നടന്ന ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടത് 18 പ്രദേശവാസികളാണ്. പ്രദേശവാസികളോട് ഗ്രാമം വിട്ടൊഴിഞ്ഞ് പോകാൻ ആവശ്യപ്പെട്ട ഫുലാനി തീവ്രവാദികൾക്കെതിരെ യാതൊരു നടപടിയെടുക്കാനും അധികൃതർ തയ്യാറായില്ല. ക്രൈസ്തവ ഗ്രാമമായ ലാമിംഗോയിൽ ഫുലാനി തീവ്രവാദികൾ നടത്തിയ ആക്രമണത്തിൽ രണ്ടു പേരാണ് കൊല്ലപ്പെട്ടത്.

നൈജീരിയൻ സർക്കാർ തീവ്രവാദികൾക്കെതിരെ നടപടിയെടുക്കുന്നില്ല എന്നതിനൊപ്പമുള്ള കുറ്റകരമായ അനാസ്ഥയാണ് അന്താരാഷ്ട്ര സമൂഹവും മാധ്യമങ്ങളും ഈ ക്രൂരമായ നരനായാട്ടിനോടും ഭീകരതയോടും പുലർത്തുന്ന നിസ്സംഗത. ഇനിയും എത്രനാൾ ഈ ഭീകരരുടെ അധീനതയിൽ നൈജീരിയയിലെ ഉൾഗ്രാമങ്ങളിലെ ക്രൈസ്തവർ ജീവിക്കുമെന്ന ചോദ്യമാണ് ലോകമനസ്സാക്ഷി ഉന്നയിക്കുന്നത്.

തയ്യാറാക്കിയത്:
**ഫാ. ജോസഫ് കളത്തിൽ**

## മലബാർ വിഷൻ മാട്രിമോണിയൽ

### വരനെ അന്വേഷിക്കുന്നു

താമരശ്ശേരി രൂപത, RC യുവതി. 25 വയസ്, 168 cm ഉയരം, M.com, Bed, SETഅനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 9846022137, 9072321301

താമരശ്ശേരി രൂപത, RC യുവതി. 27 വയസ്, വെളുത്ത നിറം, 158 cm ഉയരം, MSW. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 7907317724, 9495411014

### വിവാഹ പരസ്യങ്ങൾ നൽകാം...

ജീവിതപങ്കാളിയെ തേടിയുള്ള നിങ്ങളുടെ യാത്രയിൽ ഞങ്ങൾ നിങ്ങളെ സഹായിക്കാം. മാട്രിമോണിയൽ കോളത്തിൽ പരസ്യം നൽകുന്നതിന് ഒരു ലക്കത്തിലേക്ക് 750 രൂപയും 2 ലക്കങ്ങളിലേക്ക് 1200 രൂപയുമാണ് നിരക്ക്. വ്യക്തി വിവരങ്ങൾ 97 44 99 555 3 എന്ന വാട്സാപ്പ് നമ്പറിലേക്ക് അയയ്ക്കാം. വിവരങ്ങൾക്ക്: 97 44 99 555 2

## ഉപകാരസ്മരണ





പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൂദാതദേവൂസിന്റെയും മധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ താമസിച്ചതിന് ക്ഷമാപണം
തോമസ് കേഴപ്ലാക്കൽ, കൂരോട്ടുപാറ

Date of Publication:
03 September 2022
● RNI Regn No: KERMAL/2017/73545



# വിശുദ്ധനാട് തീർത്ഥയാത്ര

## കർത്താവ് ജനിച്ചു ജീവിച്ച അനുഗൃഹീത നാട്ടിലൂടെ ഒരു പുണ്യയാത്ര.




ഫ്രാൻസിസ് മാർപാപ്പയെ കാണാൻ
അപൂർവ അവസരം!!!

## യൂറോപ്പ്- മരിയൻ തീർത്ഥയാത്ര

● വത്തിക്കാൻ ● സ്വിറ്റ്സർലന്റ് ● ഇറ്റലി ● പോർച്ചുഗൽ ● ജർമ്മനി ● ഫ്രാൻസ് ● സ്പെയ്ൻ ● നെതർലൻഡ് ● ബെൽജിയം

കൊളോസിയം, വത്തിക്കാൻ മ്യൂസിയം, കാറ്റക്യൂമ്പ്സ്, സെന്റ് പീറ്റേഴ്സ് ബസിലിക്ക, സിസ്റ്റെയ്ൻ ചാപ്പൽ, പിസ, അസീസി, വെനീസ്, പാദുവ, മിലാൻ കത്തീഡ്രൽ, മൗണ്ട് റ്റിറ്റ്ലീസ്, ബെൻസ് മ്യൂസിയം, ലിസ്യൂ, നോർത്തഡാം കത്തീഡ്രൽ, ഈഫൽ ടവർ, ലൂർദ്ദ്, ടുലിപ് ഗാർഡൻ

16 ദിവസത്തെ പ്രോഗ്രാം കോഴിക്കോട് നിന്ന് പുറപ്പെടുന്നു.
ബുക്കിംങ് ആരംഭിച്ചിരിക്കുന്നു

**2023 മേയ് ആദ്യവാരം പുറപ്പെടുന്നു**

● ജോർദ്ദാൻ ● ഇസ്രായേൽ ● പാലസ്തീൻ ● ഈജിപ്ത്

ജെറുസലേം, നെബോ പർവതം, നസ്രത്ത്, മംഗളവാർത്താ ദേവാലയം, കാന, കഫർണാം, ബത്‌ലഹേം, തിരുപ്പിറവി ദേവാലയം, ബഥനി, താബോർ മല, സെഹിയോൻ മാളിക, ജോർദാൻ നദി, ബത്സയ്ദാ കുളം, ഒലിവുമല, തിരുക്കല്ലറ, ഗത്സമൻതോട്ടം, ജറീക്കോ, ചെങ്കടൽ, സീനായ്, ഈജിപ്ത്, പിരമിഡ്. നൈൽ നദിയിലും ഗലീലി തടാകത്തിലും ബോട്ട് യാത്ര, ചാവുകടലിൽ കുളി, ഗത്സമൻ തോട്ടത്തിൽ ആരാധന, കാനായിൽ വിവാഹ വാഗ്ദാന നവീകരണം, ഗാഗുൽത്തായിലേക്ക് കുരിശിന്റെ വഴി.

യാത്രയുടെ ചിത്രങ്ങൾ പെൻഡ്രൈവിൽ നൽകുന്നു
എല്ലാ ഗ്രൂപ്പുകളിലും വൈദികരുടെ നേതൃത്വം
പരിചയ സമ്പന്നരായ ടൂർ ഗൈഡുകളുടെ സേവനം

**2023 ജനുവരി 10, ഫെബ്രുവരി 10 ഏപ്രിൽ 17, 29, മേയ് 10, 22 തീയ്യതികളിലും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലും പുറപ്പെടുന്നു.**

## ഗോവ തീർത്ഥയാത്ര

വി. ജോസഫ് വാസിന്റെ ജന്മഗൃഹം, വാഴ്ത്തപ്പെട്ട ആഞ്ചലോയുടെ കബറിടം-ദേവാലയം, മിരാമർ ബീച്ച്, ഡോണപോള ബീച്ച്, കളംഗട്ട് ബീച്ച് , ബോട്ടു യാത്ര, ബോം ജീസസ് കത്തീഡ്രൽ, വി. ഫ്രാൻസിസ് സേവ്യറുടെ പൂജ്യ ശരീരം, ക്രിസ്ത്യൻ മ്യൂസിയം, സെന്റ് അഗസ്റ്റീനിയൻ ചർച്ച്, ഓൾഡ് ഗോവ ചർച്ച്, അഹൂദ ഫോർട്ട്, കോൾവ ബീച്ച് .

യാത്രയടക്കം മൂന്ന് രാത്രി 2 പകൽ കോഴിക്കോട് നിന്ന് ഗോവക്കും തിരിച്ചും ട്രെയിൻ യാത്ര

2023 ജനുവരി 9, 16, 23 ഫെബ്രുവരി 10,17
ഏപ്രിൽ 14, 21, 28, മേയ് 12, 19
തീയ്യതികളിൽ പുറപ്പെടുന്നു

ഗോവ യാത്രയ്ക്ക് ട്രെയ്ൻ ടിക്കറ്റ് ബുക്ക് ചെയ്യേണ്ടതിനാൽ
3 മാസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

Sama Travel
Great Journeys Begin Here

**എല്ലാ യാത്രകളുടെയും ബുക്കിംങ് ആരംഭിച്ചിരിക്കുന്നു**

**Contact / Whatsapp: Fr. Sai Parankulangara: 9544 285 018**

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Manoj Kollamparambil